# MEDIA COVERAGE REPORT

വൃത്തി
Vruthi
THE CLEAN KERALA CONCLAVE
2025

# Introduction

This report presents a comprehensive overview of the media coverage garnered by the Vruthi Conclave. Our well-planned public relations strategies ensured widespread and meaningful media attention, resulting in significant visibility and positive sentiment surrounding the event.

Regional dailies gave in-depth and respectful coverage, effectively communicating the core message and objectives of the conclave. Beyond the regional reach, we achieved a major milestone by successfully pitching the event to national-level media. Notably, Dainik Bhaskar, India's leading Hindi daily, featured the event prominently, adding immense value to our outreach efforts.

While this report highlights only a curated selection of coverage, we acknowledge the possibility of having missed a few. Nevertheless, the stories included here reflect the overwhelmingly positive media sentiment the event received.

**Key Highlights:**

Coverage Languages: Malayalam, English, Hindi (with select mentions in Telugu and Bengali)

Total News Mentions: 200+

Press Releases Issued: 22

Overall Media Sentiment: Highly Positive

This report stands as a testament to the success of our PR efforts in amplifying the impact of the Vruthi Conclave.

# SPECIAL STORY

दैनिक भास्कर

## अपशिष्ट प्रबंधन में एक नया मिशाल कायम किया



**भास्कर समाचार सेवा**

नई दिल्ली। एक महत्वपूर्ण विकास में जो पूरे भारत में अपशिष्ट प्रबंधन नीतियों के लिए एक मिसाल कायम कर सकता है, केरल सरकार ने पारदर्शी संचार, साइट के दौरे और सामुदायिक सहभागिता के संयोजन के माध्यम से अपशिष्ट उपचार संयंत्रों के लिए सार्वजनिक विरोध को संबोधित करने में एक बड़ी सफलता हासिल की है। वृति 2025 कॉन्क्लेव में अनावरण की गई राज्य की रणनीति ने न केवल चिंताओं को कम करने में मदद की है, बल्कि अपशिष्ट प्रबंधन पारिस्थितिकी तंत्र में निजी क्षेत्र की भागीदारी और निवेश को भी बढ़ाया है। इस बदलाव के केंद्र में स्थानीय स्वशासन मंत्री एम.बी. राजेश, जहां कल्लिक्कड़ और अझूर (तिरुवनंतपुरम), चीमेनी (कासरगोड), अयवाना (एनार्कुलम) और चेरपुलसेरी (पलक्कड़) जैसे क्षेत्रों के लोग पहले अपशिष्ट उपचार परियोजनाओं का विरोध कर रहे थे, उन्होंने मुत्तथारा सीवेज ट्रीटमेंट प्लांट जैसे सर्वोत्तम अभ्यास मॉडल के प्रत्यक्ष संपर्क के बाद अपने बदलते दृष्टिकोणों को साझा किया। मंत्री राजेश ने कहा, विरोध के मुख्य कारणों में से एक डर था - विशेष रूप से जल स्रोतों के प्रदूषण को लेकर। लेकिन जब इन प्रतिनिधियों ने मुत्तथारा संयंत्र के कामकाज को देखा और गुरुवायुर जैसी नगर पालिकाओं की सफलता की कहानियाँ सुनीं, तो उन्होंने समझा कि वैज्ञानिक अपशिष्ट प्रबंधन संभव और आवश्यक दोनों है। पूर्व मुख्य सचिव डॉ. वेणु वी द्वारा संचालित इस संवाद में केंद्रीय प्रदूषण नियंत्रण बोर्ड, राष्ट्रीय हरित अधिकरण, केरल जल प्राधिकरण और राज्य प्रदूषण नियंत्रण बोर्ड का प्रतिनिधित्व करने वाले विशेषज्ञों की अंतर्दृष्टि शामिल थी।

# SPECIAL STORY

ప్రజాశక్తి

## వ్యర్థాల నిర్వహణలో కేరళ ఆదర్శం

- సీఎం పినరయి విజయన్
- వృత్తి-2025 కాన్‌క్లేవ్ ప్రారంభం



'వృత్తి-2025' నేషనల్ క్లీన్ కేరళ కాన్‌క్లేవ్‌ను జ్యోతిప్రజ్వలన చేసి ప్రారంభిస్తున్న సీఎం పినరయి విజయన్

ప్రజాశక్తి

## వ్యర్థ రహిత దిశగా కేరళ అడుగులు

- హరిత కర్మ సేనతో చెత్త సేకరణ
- స్థానిక సంస్థల ద్వారా ఉపాధి కల్పన



చెత్త నిర్వహణ ప్లాంట్‌లో పనిచేస్తున్న మహిళలు

ప్రజాశక్తి

# చెత్త రహిత కేరళ

- అడుగులు వేస్తున్న ఎల్‌డిఎఫ్ ప్రభుత్వం
- నేటి నుంచి 4 రోజులపాటు సదస్సు

ప్రజాశక్తి-తిరువనంతపురం ప్రతినిధి

కేరళను చెత్త రహితంగా తీర్చిదిద్దేందుకు ఆ రాష్ట్ర వామపక్ష ప్రభుత్వం అడుగులు వేస్తోంది. తిరువనంతపురాన్ని ఇప్పటికే చెత్త రహిత నగరంగా చేస్తోంది. రాష్ట్రం మొత్తాన్ని చెత్త రహితంగా తీర్చిదిద్దే లక్ష్యంతో ముందుకు వెళ్తోంది. నవ కేరళం యాక్షన్ ప్లాన్-2లో భాగంగా, 'వ్యర్థ రహిత నవ కేరళం' ప్రజా ప్రస్థానం కింద రాష్ట్రం ఇప్పటికే చెత్త నిర్వహణలో ప్రశంసనీయమైన పురోగతిని సాధించింది. వేస్ట్ మేనేజ్‌మెంట్ రంగంలో కేరళ సాధించిన అద్భుతమైన విజయాలను గుర్తించి నిలబెట్టుకునే ప్రయత్నం చేస్తోంది. ఇందులో భాగంగా వృత్తి (పరిశుభ్రి) 2025 - క్లీన్ కేరళ కాన్‌క్లేవ్ అంతర్జాతీయ శిఖరాగ్ర సదస్సు నిర్వహిస్తోంది. ఈ కార్యక్రమాన్ని కేరళ ముఖ్యమంత్రి పినరయి విజయన్ బుధవారం ప్రారంభించనున్నారు. ఈ సదస్సు కేరళ సుస్థిరాభివృద్ధిలో భాగంగా వినూత్న వ్యర్థాల నిర్వహణ పద్ధతులు, వాతావరణ స్థితిగతులు, ఆర్థిక వ్యవస్థను బలోపేతం చేసే లక్ష్యంగా నిర్వహిస్తోంది. స్టేక్ హోల్డర్లను ఈ పరివర్తన మిషన్‌లో భాగం చేస్తుంది. ఈ నెల 9 నుంచి 13వ తేదీ వరకు కేరళ రాజధాని అయిన తిరువనంతపురంలోని కనకకున్ను ప్యాలెస్‌లో ఈ సమ్మేళనం జరగనుంది. రాష్ట్రంలో మొత్తం 1,034 స్థానిక సంస్థల్లో వ్యర్థ రహిత ప్రాంతాలుగా మార్చనుంది. ఈ కార్యక్రమాన్ని కేరళ ప్రభుత్వం, స్థానిక సంస్థల శాఖల ఆధ్వర్యంలో నడుస్తున్న సుచిత్వ మిషన్ సమన్వయం చేస్తోంది. హరిత కేరళ మిషన్, కేరళ సాలిడ్ వేస్ట్ మేనేజ్‌మెంట్ ప్రాజెక్ట్, క్లీన్ కేరళ కంపెనీ లిమిటెడ్, కుటుంబశ్రీ, ఎంజిఎన్ఆర్ఇజిఎ మిషన్, కేరళ ఇన్‌స్టిట్యూట్ ఆఫ్ లోకల్ అడ్మినిస్ట్రేషన్, అమృత్, స్మార్ట్ సిటీ తిరువనంతపురం, ఇంపాక్ట్ కేరళ, కేరళ వాటర్ అథారిటీ, కేరళ స్టేట్ పొల్యూషన్‌లో ప్రైవేట్ పార్టనర్‌తో సహా వివిధ ఏజెన్సీలు పాల్గొంటాయి. కేరళ వ్యర్థ పదార్థాల నిర్వహణ నమూనాలు, సాధించిన విజయాలను ఈ సదస్సులో ప్రదర్శిస్తారు. వినూత్న సాంకేతికతలు, ఆలోచనలు, జాతీయ, అంతర్జాతీయ ఉత్తమ అభ్యాసాలను అర్థం చేసుకునేలా వేదిక ఉంటుంది.

---

**अपशिष्ट प्रबंधन पर चर्चा** — राज्य की रणनीति ने अपशिष्ट प्रबंधन पारिस्थितिकी तंत्र में निजी क्षेत्र की भागीदारी और निवेश को बढ़ाया है।

# केरल ने संवाद, पारदर्शिता और निजी निवेश से अपशिष्ट प्रबंधन में नया रास्ता तैयार किया

[illegible] • तिरुवनंतपुरम



एक महत्वपूर्ण विकास में जो पूरे भारत में अपशिष्ट प्रबंधन नीतियों के लिए एक मिसाल कायम कर सकता है, केरल सरकार ने पारदर्शी संवाद, [illegible]

# শূন্য বর্জ্যের পথে কেরালা



ভারতের অন্যান্য শহরের জঞ্জালকে সংগ্রহ করে অন্যত্র ফেলে আসার (ডাম্পিং) রীতি এখন কেরালায় অতীত। কেরালার ২৪টি বিশাল বিশাল ডাম্পিং সাইটকে সরিয়ে ফেলা হয়েছে। এখনো থেকে যাওয়া ৩৪টিকে চলতি আর্থিক বছরে তুলে দেওয়া হবে। সাধারণভাবে ঘর থেকে বর্জ্য সংগ্রহ করে তা প্রথমে নিয়ে আসা হচ্ছে মেটেরিয়াল সংগ্রহ কেন্দ্রে। সেখান থেকে ফের নিয়ে যাওয়া হচ্ছে রিসোর্স রিকভারি সেন্টারে। সেখানে চলছে পৃথকীকরণের জটিল কাজ। এখানেই পচনহীন বর্জ্য বিশেষত প্লাস্টিক ও অন্যান্য উপাদানকে পুনর্ব্যবহারযোগ্যতার নিরিখে বেছে নেওয়া হচ্ছে।

■ অপরাজিত বন্দ্যোপাধ্যায়





മലയാള മനോരമ

# ക്ലീൻ കേരള കോൺക്ലേവിന് തുടക്കം

തിരുവനന്തപുരം ● തദ്ദേശ ഭരണ വകുപ്പ് സംഘടിപ്പിക്കുന്ന ദേശീയ ക്ലീൻ കേരള കോൺക്ലേവ് 'വൃത്തി 2025' മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. സർക്കാർ നിശ്ചയിച്ചിട്ടുള്ള മാലിന്യ നിർമാർജന മാനദണ്ഡങ്ങളിൽ 80% പൂർത്തിയാക്കിയ 19,093 തദ്ദേശ വാർഡുകളെയും 1,027 തദ്ദേശ സ്ഥാപനങ്ങളെയും മാലിന്യമുക്തമായി പ്രഖ്യാപിക്കാനായെന്നു മുഖ്യമന്ത്രി പറഞ്ഞു. മാലിന്യ സംസ്കരണ റിപ്പോർട്ട് മുഖ്യമന്ത്രി പ്രകാശനം ചെയ്തു. നവകേരളം കർമ പദ്ധതി കോഓർഡിനേറ്റർ ഡോ.ടി.എൻ.സീമ ഏറ്റുവാങ്ങി. മന്ത്രി എം.ബി.രാജേഷ് അധ്യക്ഷത വഹിച്ചു. മികച്ച പ്രവർത്തനങ്ങൾക്ക് കണ്ണൂർ, കോഴിക്കോട്, തൃശൂർ ജില്ലകൾക്ക് മന്ത്രി അവാർഡ് സമ്മാനിച്ചു.

കോൺക്ലേവിലെ എക്സിബിഷൻ, ഭക്ഷ്യമേള എന്നിവ മന്ത്രി കെ.രാജനും മാതൃക വില്ലേജും വേസ്റ്റ് ടു ആർട് ഇൻസ്റ്റലേഷനും മന്ത്രി എ.കെ.ശശീന്ദ്രനും ഉദ്ഘാടനം ചെയ്തു. വേസ്റ്റ് മാനേജ്മെന്റ് ഇന്റേൺഷിപ് പോർട്ടൽ പ്രകാശനം വി.കെ.പ്രശാന്ത് എംഎൽഎയും മുട്ടത്തറ പദ്ധതി പ്രഖ്യാപനവും കരാർ കൈമാറലും മേയർ ആര്യ രാജേന്ദ്രനും നിർവഹിച്ചു. ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, തദ്ദേശഭരണ സ്പെഷൽ സെക്രട്ടറി ടി.വി.അനുപമ തുടങ്ങിയവർ പ്രസംഗിച്ചു. കനകക്കുന്നിൽ നടക്കുന്ന കോൺക്ലേവ് 12 നു സമാപിക്കും.



തിരുവനന്തപുരത്തു നടക്കുന്ന നാഷനൽ ക്ലീൻ കേരള കോൺക്ലേവ് ഉദ്ഘാടനം ചെയ്യാനെത്തിയ മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രി എം.ബി.രാജേഷും സംഭാഷണത്തിൽ. മന്ത്രി കെ.രാജൻ സമീപം. ചിത്രം: മനോരമ

# വൃത്തി 2025 ദേശീയ കോൺക്ലേവ്: ഇന്ന് 11 സെമിനാറുകളും ബിസിനസ് മീറ്റും

തിരുവനന്തപുരം: വൃത്തി ദേശീയ കോൺക്ലേവിൽ ഇന്ന് വിവിധ വിഷയങ്ങളിലായി 11 സെമിനാറുകൾ കനകക്കുന്നിലെ നാലു വേദികളിലായി നടക്കും. ജില്ലകളിൽ നിന്നുള്ള മികച്ച ശുചിത്വ മാതൃകകളുടെ അവതരണവും വേസ്റ്റത്തോൺ മൽസരങ്ങളും ഇന്നും തുടരും. മാലിന്യ സംസ്കരണ പദ്ധതികളും പ്രതിരോധങ്ങളും: മിഥ്യയും യാഥാർഥ്യവും എന്ന വിഷയത്തിലുള്ള മുഖാമുഖം പരിപാടിയും ബിസിനസ്സ് സ്റ്റാർട്ട് അപ്പ് മീറ്റുകളും സംഘടിപ്പിക്കും. മാലിന്യ സംസ്കരണത്തിൽ ഡിജിറ്റൽ സംരംഭങ്ങളുടെ പ്രാധാന്യം, ബയോ-മെഡിക്കൽ മാലിന്യവും സുരക്ഷിതമായ സംസ്കരണവും, വൻകിട മാലിന്യ ഉൽപാദകർക്കുള്ള സുസ്ഥിര മാലിന്യ സംസ്കരണ മാർഗങ്ങൾ, കേരളത്തിലെ മലിന ജല സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കും ശേഷി വികസനവും, കാലാവസ്ഥാ പ്രതിരോധത്തിൽ കുട്ടികളുടെയും യുവാക്കളുടെയും പങ്ക്, മാലിന്യ സംസ്കരണവും സോഷ്യൽ മീഡിയ സ്വാധീനവും, ഉൽപാദകരുടെ ഉത്തരവാദിത്തം (ഇപിആർ)- കേരളത്തിലെ മാലിന്യ സംസ്കരണ മേഖലയിലെ സാധ്യതകൾ, മാലിന്യ സംസ്കരണത്തിലെ തൊഴിൽ നൈപുണ്യവും മനോഭാവ ശീല വ്യതിയാനങ്ങളും തുടങ്ങിയ വിഷയങ്ങളിലാണ് പാനൽ ചർച്ചകൾ നടക്കുന്നത്. നിശാഗന്ധി ഓഡിറ്റോറിയത്തിൽ വൈകിട്ട് ആറു മുതൽ വയലിയുടെ ബാംബൂ മ്യൂസിക് ഷോ, കരിന്തലക്കൂട്ടത്തിന്റെ നാടൻ കലാകേളി തുടങ്ങിയവയും അരങ്ങേറും.

12ന് വൈകിട്ട് അഞ്ചിന് നടക്കുന്ന സമാപന സമ്മേളനം കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും. സ്പീക്കർ എ.എൻ.ഷംസീർ സമാപന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തും. 13വരെ പ്രദർശനങ്ങൾ തുടരും. പഞ്ചായത്തുകളുടെ മികച്ച മാതൃകകളുടെ മത്സരവും 13 ന് അവസാനിക്കും. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം കോൺക്ലേവിൽ പങ്കെടുക്കും. മാലിന്യസംസ്കരണ പ്ലാന്റുകളുമായി ബന്ധപ്പെട്ട് എതിർപ്പുകളുയർത്തുന്നവരുമായും വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികളുമായും മുഖാമുഖവും ഹരിതകർമസേനയ്ക്കുള്ള പരിശീലനവും കോൺക്ലേവിന്റെ ഭാഗമാണ്. മാലിന്യനിർമാർജന പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനായി സ്വകാര്യ നിക്ഷേപകരെയും സ്റ്റാർട്ടപ്പുകളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ബിസിനസ് മീറ്റിംഗുകളിൽ ഈ രംഗത്തെ നിക്ഷേപ സാധ്യതകളും സ്റ്റാർട്ടപ്പുകളുടെ പങ്കും ചർച്ച ചെയ്യും. 150ൽ അധികം സ്റ്റാളുകളിൽ തദ്ദേശസ്ഥാപനങ്ങളുടെയും മാലിന്യനിർമാർജന രംഗത്തെ സ്ഥാപനങ്ങളുടെയും പ്രദർശനങ്ങൾ ഉണ്ടാകും.

MAGZTER

# വൃത്തി 2025 ദേശീയ കോൺക്ലേവിൽ ഇന്ന് 11 സെമിനാറുകൾ; ബിസിനസ് മീറ്റ്

തിരുവനന്തപുരം: വൃത്തി ദേശീയ കോൺക്ലേവിൽ ഇന്ന് വിവിധ വിഷയങ്ങളിലായി 11 സെമിനാറുകൾ കനകക്കുന്നിലെ നാല് വേദികളിലായി നടക്കും. ജില്ലകളിൽ നിന്നുള്ള മികച്ച ശുചിത്വ മാതൃകകളുടെ അവതരണവും വേസ്റ്റത്തോൺ മത്സരങ്ങളും ഇന്നും ഉണ്ടാകും. മാലിന്യ സംസ്കരണ പദ്ധതികളും പ്രതിരോധങ്ങളും: മിഥ്യയും യാഥാർത്ഥ്യവും എന്ന വിഷയത്തിലുള്ള ശില്പശാലയും പരിപാടിയും ബിസിനസ്, സ്റ്റാർട്ടപ്പ് മീറ്റുകളും ഇന്ന് വൃത്തിയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്.

മാലിന്യ സംസ്കരണത്തിൽ ഡിജിറ്റൽ സംവിധാനങ്ങളുടെ പ്രാധാന്യം, ബയോ-മെഡിക്കൽ മാലിന്യവും സുരക്ഷിതമായ സംസ്കരണവും, വൻകിട മാലിന്യ ഉല്പാദകർക്കുള്ള സുസ്ഥിര മാലിന്യ സംസ്കരണ മാർഗങ്ങൾ, കേരളത്തിലെ മലിനജല സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കും ശേഷി വികസനവും, കാലാവസ്ഥ പ്രതിരോധത്തിൽ കുട്ടികളുടെയും യുവാക്കളുടെയും പങ്ക്, മാലിന്യ സംസ്കരണവും സമൂഹാരോഗ്യവും, ഉല്പാദകരുടെ ഉത്തരവാദിത്തം (ഇപിആർ) കേരളത്തിലെ മാലിന്യ സംസ്കരണ മേഖലയിലെ സാധ്യതകൾ, മാലിന്യ സംസ്കരണത്തിലെ തൊഴിൽ നൈപുണ്യവും മനോഭാവ ശീല വ്യതിയാനങ്ങളും തുടങ്ങിയ വിഷയങ്ങളിലാണ് പാനൽ ചർച്ചകൾ നടക്കുന്നത്. നിശാഗന്ധി ഓഡിറ്റോറിയത്തിൽ വൈകിട്ട് ആറു മണിമുതൽ വയലിയുടെ ബാംബൂ മ്യൂസിക് ഷോ, കരിന്തലക്കൂട്ടത്തിന്റെ നാടൻ കലാമേള തുടങ്ങിയവയും അരങ്ങേറും.

## മാതൃകയായി 'വൃത്തിയൂർ'

തിരുവനന്തപുരം: "വൃത്തിയൂരിലേക്ക് സ്വാഗതം..." പൊതുശുചിത്വ ബോധത്തിന്റെ സാമൂഹിക പ്രാധാന്യത്തിലേക്കും അവയുടെ നേട്ടങ്ങളിലേക്കും കാഴ്ചക്കാരെ ക്ഷണിക്കുകയാണ് കനകക്കുന്നിൽ വൃത്തി ദേശീയ ശുചിത്വ കോൺക്ലേവിനോട് അനുബന്ധിച്ച് തയ്യാറാക്കിയ മാതൃക ഗ്രാമം. മാലിന്യ സംസ്കരണത്തിലെ പരമ്പരാഗത-നൂതന വിദ്യകളെ കോർത്തിണക്കി ഓരോ പ്രദേശവും മാലിന്യമുക്തമാക്കുന്നതെങ്ങനെയെന്ന് ഈ ഗ്രാമം കാണിച്ചുതരുന്നു. മാലിന്യ സംസ്കരണ സംവിധാനത്തിലെ മൂന്ന് രീതികളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് പാലക്കാട് ഐആർടിസി ഈ ഹ്രസ്വ മാതൃക തയ്യാറാക്കിയിരിക്കുന്നത്.

പഞ്ചായത്തെന്നോ മുനിസിപ്പാലിറ്റിയെന്നോ നഗരസഭയെന്നോ വ്യത്യാസമില്ലാതെ, വീടുകൾ, കൊമേഴ്സ്യൽ സ്ഥാപനങ്ങൾ, അർബൻ സെന്ററുകൾ എന്നിവിടങ്ങളിലെ മാലിന്യ സംസ്കരണ രീതികളെ പ്രത്യേകമായി മനസിലാക്കി ശുചിത്വ മിഷൻ വിഭാവനം ചെയ്തിരിക്കുന്ന സംസ്കരണ രീതികളെയാണ് ഇവിടെ കാണാനാകുക. മലിനജലം പ്രകൃതിദത്തമായി ശുദ്ധീകരിക്കുകയും ഭൂഗർഭ ജല സ്രോതസിന് കാരണമാവുകയും ചെയ്യുന്ന സോക് പിറ്റുകൾ, ജലക്ഷാമത്തിനുള്ള ഉത്തമപരിഹാരമായ മഴവെള്ള സംഭരണ യൂണിറ്റുകളും, ഡീവാട്ടസ്, കൺസ്ട്രക്റ്റഡ് വെറ്റ് ലാൻഡ്, സി ആന്റ് ഡി പ്ലാന്റ്, വിൻഡ്രോ കമ്പോസ്റ്റിങ് എന്നിങ്ങനെ മാലിന്യ സംസ്കരണത്തിലെ, പ്രകൃതിയോടിണങ്ങിയ പ്രവർത്തന രീതികൾ മാതൃകയിൽ കാഴ്ചക്കാർക്കായി ഒരുക്കിയിട്ടുണ്ട്. സംസ്കരണ രീതികളെ കുറിച്ച് കൂടുതൽ അറിയുവാനായി വിവരണങ്ങളും നൽകിയിട്ടുണ്ട്. സംശയ നിവാരണത്തിനായി വോളണ്ടിയർമാരുടെ സേവനവും ഒരുക്കിയിട്ടുണ്ട്.

# വൃത്തി കോൺക്ലേവ്: രണ്ടാംദിനം 12 പാനൽ ചർച്ചകൾ

തിരുവനന്തപുരം: വൃത്തി ദേശീയ കോൺക്ലേവ് രണ്ടാം ദിനത്തിൽ കനകക്കുന്നിലെ ഒമ്പത് വേദികളിലായി വിവിധ വിഷയങ്ങളിൽ 12 പാനൽ ചർച്ചകൾ നടക്കും. ഇതോടൊപ്പം സംസ്ഥാനത്തെ മികച്ച ഹരിത കർമ്മ സേനയെയും മുനിസിപ്പൽ കോർപറേഷനെയും തെരഞ്ഞെടുക്കുന്നതിനായി വിവിധ ജില്ലകളിൽ നിന്നുള്ള മികച്ച ശുചിത്വ മാതൃകകളുടെ ആദ്യദിനത്തിൽ ആരംഭിച്ച അവതരണങ്ങൾ തുടരും. ജൈവമാലിന്യ സംസ്കരണത്തിൽ സാധാരണക്കാരനുതകുന്ന വിധത്തിൽ നൂതന സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്തുന്ന സെഷനിൽ ഇടങ്ങി മാലിന്യ സംസ്കരണത്തിലെ ഭിന്നതകളെ സമവായത്തോടെ കൈകാര്യം ചെയ്യുന്ന മുഖാമുഖം ഉൾപ്പെടെ രണ്ടാംദിനത്തിലെ പരിപാടികളായുണ്ട്.

ജനാധിപത്യത്തിൽ മാറ്റങ്ങളുടെ കാവലാളായി വർത്തിക്കുന്ന മാധ്യമങ്ങളുടെ പങ്കും വൃത്തിയുടെ രണ്ടാം ദിനത്തിന്റെ ശ്രദ്ധാകേന്ദ്രമാകും. മുഖ്യധാരാ അച്ചടി, ദൃശ്യ മാധ്യമങ്ങളിൽ നിന്നുള്ള പ്രമുഖ മാധ്യമപ്രവർത്തകരടങ്ങുന്നവരുടെ പാനൽ ഇന്ന് രാവിലെ 10.30 മുതലുള്ള സെഷനിൽ മാലിന്യ സംസ്കരണത്തിൽ മാധ്യമങ്ങളുടെ പങ്കാളിത്തത്തെ കുറിച്ച് ചർച്ച നടത്തും. വൈകിട്ട് അഞ്ചിന് ദേശീയ മാധ്യമപ്രവർത്തകർ പങ്കെടുക്കുന്ന ഓപ്പൺ ഫോറം സെഷനിൽ "വികസനോന്മുഖ മാധ്യമ പ്രവർത്തനവും സമകാലീന മാധ്യമ പരിസരവും" എന്നതാണ് ചർച്ച ചെയ്യുക. ദ്രവ മാലിന്യ പരിപാലനം, എൻഫോഴ്സ്മെന്റ്, കാലാവസ്ഥാ വ്യതിയാനം എന്നിവയും ഇന്നത്തെ ചർച്ചാ വിഷയങ്ങളാണ്.

ഖരമാലിന്യ സംസ്കരണത്തിലെയും ദ്രവമാലിന്യസംസ്കരണത്തിലെയും പ്രധാന വെല്ലുവിളികൾ പരിഹരിച്ച് നവീന പരിഹാരങ്ങൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന "വേസ്റ്റത്തോൺ" മസ്കറ്റ് ഹോട്ടലിലും കുടുംബശ്രീ ബാലസഭ അംഗങ്ങൾക്കുള്ള പരിശീലനം നിശാഗന്ധി ഓഡിറ്റോറിയത്തിലും നടക്കും. മാലിന്യനിർമ്മാർജ്ജന രംഗത്ത് നേരിടുന്ന എതിർപ്പുകളെപ്പറ്റി ചർച്ച ചെയ്യുന്നതിന് വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളും നിയമസഭാകക്ഷി നേതാക്കളുമായുള്ള കൂടിക്കാഴ്ച ഇന്ന വൈകിട്ട് 2.30നാണ്.

നിശാഗന്ധിയിൽ വൈകിട്ട് 6.15ന് കള്ളിക്കാട് ഗ്രാമപഞ്ചായത്ത് ഹരിതകർമസേന അവതരിപ്പിക്കുന്ന ആദിവാസി നൃത്തം, 6.30ന് ചലച്ചിത്രതാരം മഹാലക്ഷ്മി അവതരിപ്പിക്കുന്ന സയൻസ് നൃത്തം, രാത്രി എട്ടിന് തൃശ്ശൂർ ഡബ്ബ ബാൻഡ് അവതരിപ്പിക്കുന്ന മ്യൂസിക് ബാൻഡ് എന്നിവയാണ് കലാപരിപാടികൾ.

## മാലിന്യ സംസ്കരണത്തിൽ താരമായി ശാസ്ത്രീയ ലാൻഡ്ഫിൽ

തിരുവനന്തപുരം: എന്താണ് ശാസ്ത്രീയമായ ലാൻഡ് ഫിൽ എന്നറിയണമെങ്കിൽ കനകക്കുന്നിലേക്ക് വരിക. വൃത്തി കോൺക്ലേവിന്റെ ഭാഗമായി കേരള ഖരമാലിന്യ സംസ്കരണ പദ്ധതി ഒരുക്കിയ സ്റ്റാളിൽ എന്താണ് ശാസ്ത്രീയമായ ലാൻഡ് ഫിൽ എന്ന് വിശദമാക്കുന്നതിനൊപ്പം അതിന്റെ മാതൃകയും പ്രദർശിപ്പിച്ചിട്ടുണ്ട്. തരംതിരിക്കലിനും സംസ്കരണത്തിനും ശേഷം അവശേഷിക്കുന്ന, പുനരുപയോഗവും പുനഃചംക്രമണവും സാധിക്കാത്തതും അപകടസാധ്യതയില്ലാത്തതുമായ മാലിന്യങ്ങളായ നിഷ്ക്രിയ വസ്തുക്കളാണ് ശാസ്ത്രീയ ലാൻഡ് ഫില്ലിലേക്ക് എത്തുന്നത്. ഇവയെല്ലാം പൊതുനിരത്തുകളും ഓടകളും വൃത്തിയാക്കുമ്പോൾ ലഭിക്കുന്ന മണ്ണും മറ്റും മാത്രമേ ലാൻഡ്ഫിൽ ചെയ്യുകയുള്ളൂ. എല്ലാ നഗരസഭകളും നിഷ്ക്രിയ വസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ലാൻഡ്ഫിൽ സ്ഥാപിച്ചിരിക്കണമെന്നാണ് 2016 ലെ ഖരമാലിന്യ പരിപാലന ചട്ടം വ്യവസ്ഥ ചെയ്തിരിക്കുന്നത്.

വിവിധ പാളികളിലായി സംരക്ഷണഭിത്തികളൊരുക്കി തയ്യാറാക്കുന്ന അറകളിലേക്കാണ് ലാൻഡ് ഫില്ലിൽ നിഷ്ക്രിയ വസ്തുക്കൾ നിക്ഷേപിക്കുന്നത്. അതിനു മുൻപ് ഇവ നിഷ്ക്രിയ വസ്തുക്കളാണെന്ന് പരിശോധിച്ചുറപ്പാക്കും. ഇതിൽനിന്ന് ജലാംശമോ വാതകങ്ങളോ മറ്റ് പദാർത്ഥങ്ങളോ ഒന്നും തന്നെ ചുറ്റുപാടുമുള്ള മണ്ണിലേക്കും ഭൂഗർഭ ജലത്തിലേക്കും വായുവിലേക്കും എത്താതിരിക്കാൻ ഈ സംരക്ഷണപാളികൾ സഹായിക്കും. ഇങ്ങനെ നിക്ഷേപിക്കുന്ന നിഷ്ക്രിയ വസ്തുക്കൾ യന്ത്രസഹായത്തോടെ നിരത്തി അവക്ക് മുകളിൽ നിശ്ചിത കനത്തിൽ മണ്ണ് വിരിച്ച് നിഷ്ക്രിയ വസ്തുക്കൾക്ക് അന്തരീക്ഷവുമായുള്ള സമ്പർക്കവും ഇല്ലാതാക്കും. പദ്ധതി പ്രദേശത്തും ചുറ്റുപാടുമുള്ള വായുവും ഭൂഗർഭ ജലവും പരിസരത്തെ മണ്ണും നിശ്ചിത ഇടവേളകളിൽ പരിശോധിക്കും.

സുരക്ഷിതവും ശാസ്ത്രീയവുമായ ലാൻഡ് ഫില്ലിന്റെ മാതൃക പ്രദർശിപ്പിച്ചിരിക്കുന്നത് ഇതേപ്പറ്റിയുള്ള അവബോധം വർധിപ്പിക്കാനുതകുംവിധത്തിലാണ്. 13 വരെ രാവിലെ 10 മുതൽ രാത്രി ഒമ്പത് വരെയാണ് പ്രദർശനം. പ്രവേശനം സൗജന്യമാണ്.

# മാലിന്യസംസ്കരണം: ബോധവൽക്കരണം മുതൽ പരിഹാരം വരെ

# 'വൃത്തി 2025' പ്രദർശനങ്ങൾ ഇന്നുകൂടി

തിരുവനന്തപുരം: പച്ചപ്പും ശുദ്ധിയുടെ തെളിനീരുമായി സുന്ദരമായിരുന്ന നമ്മുടെ നാടിന് എന്തുപറ്റിയെന്ന ചിന്ത കാഴ്ചക്കാരിൽ ജനിപ്പിക്കുകയാണ് വൃത്തി 2025ലെ പ്രദർശനങ്ങൾ. ഒപ്പം ഏതുതരം മാലിന്യത്തെയും ശാസ്ത്രീയമായി കൈകാര്യം ചെയ്യാനുള്ള സാങ്കേതിക വിദ്യകളും നൂതന മാർഗങ്ങളും എന്തൊക്കെയാണെന്നും പ്രദർശന സ്റ്റാളുകൾ കാണിച്ചുതരുന്നു. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ രംഗത്ത് ചെയ്യുവരുന്ന കാര്യങ്ങളും പ്രദർശനത്തിലുണ്ട്.

മാലിന്യസംസ്കരണത്തിലെ പരമ്പരാഗത-നൂതന വിദ്യകളെ കോർത്തിണക്കി ഓരോ പ്രദേശവും മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യത്തിന്റെ മാതൃകയാണ് വൃത്തിയൂർ ഗ്രാമം. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുകയും ഉത്തരവാദിത്വബോധത്തോടെയുള്ള സംസ്കരണ രീതി കാണിച്ചു തരികയുമാണ് ഇക്കോബ്രിക്സ് സ്റ്റാൾ. വീട്ടിലെത്തുന്ന പ്ലാസ്റ്റിക് ഇക്കോബ്രിക്ക് ആക്കി മാറ്റുന്നതെങ്ങനെയെന്ന് ഈ സ്റ്റാളിൽ കാണാം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാസ്ത്രീയ മാലിന്യ സംസ്കരണ പങ്കാളികളാണ് ഗ്രീൻവേംസ്. തരംതിരിച്ച അജൈവമാലിന്യങ്ങൾക്ക് മികച്ച മൂല്യം നൽകി റീസൈക്ലിങ് സാധ്യമായവയുടെ പുനഃചംക്രമണം സാധ്യമാക്കുന്നത് മുതൽ ഹരിത കർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണവുമെല്ലാം അവർ നിർവഹിക്കുന്നു.

സ്ഥിരം പ്രദർശനങ്ങളിൽ നിന്ന് ഭിന്നമായി ബോധവൽക്കരണ പാഠങ്ങളെ സാങ്കേതികതികവിലൂടെ കാണികളിൽ അനുഭവവേദ്യമാക്കുകയാണ് മിക്സഡ് റിയാലിറ്റിയിലൂടെ. മാലിന്യങ്ങൾ ശാസ്ത്രീയമായി നീക്കുന്നതിനെ സംബന്ധിച്ചിട്ടുള്ളതാണ് പ്രദർശനം. മാലിന്യം കുറച്ചു കൊണ്ട് പ്രകൃതിസൗഹൃദ രീതികളെ സ്വീകരിച്ചുകൊണ്ട്, ലാർവ പോലുള്ളവയുടെ ഉപയോഗത്തെ പ്രയോജനപ്പെടുത്തുന്ന സംവിധാനങ്ങളും പ്രദർശനത്തിൽ വിസ്മയങ്ങൾ തീർക്കുകയാണ്.

തിരുവനന്തപുരം നഗരസഭയുടെ അത്യാധുനിക ജെറ്റർ സക്കർ മലിന ജല ശേഖരണ ടാങ്കർ, കൊച്ചി നഗരസഭയുടെ സ്ട്രീറ്റ് സ്വീപ്പിങ് മെഷിൻ തുടങ്ങിയവയും പ്രദർശനത്തിലുണ്ട്.

Mathrubhumi
മാതൃഭൂമി

## വൃത്തി കോൺക്ലേവ് തുടങ്ങി

# മാലിന്യസംസ്കരണം: ആശങ്ക തീർക്കാൻ ജനപ്രതിനിധികളും ഇടപെടണം -മുഖ്യമന്ത്രി

**തിരുവനന്തപുരം:** മാലിന്യസംസ്കരണത്തെക്കുറിച്ചുള്ള ജനങ്ങളുടെ ആശങ്ക തീർക്കാൻ ജനപ്രതിനിധികളുടെയെല്ലാം കൂട്ടായ പ്രവർത്തനം ആവശ്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മാലിന്യസംസ്കരണരംഗത്ത് വലിയ മുന്നേറ്റം സംസ്ഥാനത്തുണ്ടായിട്ടുണ്ട്. എങ്കിലും ചിലർ ഇപ്പോഴും മാലിന്യനിർമാർജന പ്രവർത്തനങ്ങളെ സംശയദൃഷ്ടിയോടെ വീക്ഷിക്കുന്നതായി മുഖ്യമന്ത്രി പറഞ്ഞു. തദ്ദേശവകുപ്പ് കനകക്കുന്നിൽ നടത്തുന്ന 'വൃത്തി-2025' ക്ലീൻ കേരള ദേശീയ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



തദ്ദേശവകുപ്പ് തിരുവനന്തപുരം കനകക്കുന്നിൽ നടത്തുന്ന 'വൃത്തി- 2025' ക്ലീൻ കേരള കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

മാലിന്യ പ്ലാന്റുകളെക്കുറിച്ച് ജനങ്ങളുടെയും ജനപ്രതിനിധികളുടെയും ആശങ്കകം പരിഹരിക്കാനുള്ള വേദികൂടിയാണ് കോൺക്ലേവ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ ജനകീയ ഇടപെടലിലൂടെ വലിയ നേട്ടമുണ്ടാക്കാൻ കേരളത്തിനു സാധിച്ചിട്ടുണ്ട്.

മാലിന്യനിർമാർജനരംഗത്തും ഇതേരീതിയിൽ രാജ്യത്തിനു മാതൃകയാകുന്ന നേട്ടങ്ങളുണ്ടാക്കാനാകണം.

ബഹുഭൂരിപക്ഷം തദ്ദേശസ്ഥാപനങ്ങളും മാലിന്യമുക്തമായി. മാർച്ചിലെ കണക്കനുസരിച്ച് ക്ലീൻ കേരള കമ്പനിവഴി 61664 ടണ്ണിലധികം മാലിന്യമാണ് സംസ്കരിച്ചത്. സംസ്ഥാനത്ത് 89 ലക്ഷത്തിലധികം വീടുകളിലെ മാലിന്യനീക്കം ഡിജിറ്റൽ ട്രാക്കിങ്ങിലേക്കുമാറി -മുഖ്യമന്ത്രി വിശദീകരിച്ചു.

മന്ത്രി എം.ബി. രാജേഷ് അധ്യക്ഷനായി. മാലിന്യനിർമാർജന പ്രവർത്തനങ്ങളിലെ വിടവു പരിഹരിക്കാനുള്ള ശ്രമം തുടരുമെന്ന് അദ്ദേഹം പറഞ്ഞു. ഒട്ടും അനായാസമായിരുന്നില്ല കാര്യങ്ങൾ. ജനങ്ങളുടെ എതിർപ്പായിരുന്നു വലിയ വെല്ലുവിളി. ജനങ്ങളെ നേരിൽക്കണ്ട് സംസാരിച്ചും വിശ്വാസത്തിലെടുത്തുമാണ് എതിർപ്പുകൾ ഇല്ലാതാക്കിയത്. എതിർശബ്ദങ്ങൾ ഇപ്പോഴുമുണ്ട്. എതിരഭിപ്രായങ്ങളുള്ളവരുടെ ആശങ്കകളും സംശയങ്ങളും കോൺക്ലേവിൽ ചർച്ചചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

മാലിന്യനിർമാർജനത്തിൽ മികച്ച പ്രവർത്തനത്തിനു ജില്ലകൾക്കുള്ള പുരസ്കാരങ്ങൾ ചടങ്ങിൽ സമ്മാനിച്ചു.

കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ ജില്ലകൾക്കാണ് യഥാക്രമം ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ. മാലിന്യമുക്ത നവകേരളം കാമ്പയിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് മുഖ്യമന്ത്രി നവകേരളം കർമപദ്ധതി കോഓർഡിനേറ്റർ ടി.എൻ. സീമയ്ക്കു നൽകി പ്രകാശനം ചെയ്തു.

മന്ത്രിമാരായ കെ. രാജൻ, എ.കെ. ശശീന്ദ്രൻ, ജി.ആർ. അനിൽ, പി.എ. മുഹമ്മദ് റിയാസ്, എംഎൽഎമാരായ കടകംപള്ളി സുരേന്ദ്രൻ, ആന്റണി രാജു, സി.കെ.ഹരീന്ദ്രൻ, ഒ.എസ്. അംബിക, കെ.ആൻസലൻ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഡി.സുരേഷ് കുമാർ, മേയർ ആര്യാ രാജേന്ദ്രൻ, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ തുടങ്ങിയവർ സംബന്ധിച്ചു. 13 വരെ കനകക്കുന്നിലെ വിവിധ വേദികളിൽ കോൺക്ലേവ് തുടരും.

# മാലിന്യ നിർമ്മാർജനത്തിൽ മാതൃകയാകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കണം

### ◆ വൃത്തി 2025 ദേശീയ ക്ലീൻ കേരള കോൺക്ലേവ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: മാനവിക വികസന സൂചികകളിൽ അടക്കം ജനകീയ ഇടപെടലിലൂടെ വൻ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള സംസ്ഥാനമെന്ന നിലയിൽ മാലിന്യനിർമ്മാർജനത്തിൽ ലോകത്തിന് മാതൃകയാകുന്ന പ്രവർത്തനങ്ങൾ കേരളം ഏറ്റെടുക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതിനു മുന്നോടിയായുള്ള ചർച്ചകളുടെ വേദികൂടിയായി വൃത്തി കോൺക്ലേവ് മാറുമെന്ന പ്രതീക്ഷിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു. വൃത്തി 2025 ദേശീയ ക്ലീൻ കേരള കോൺക്ലേവ് ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

കേരളത്തിലെ മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട ആശങ്കകളും സംശയങ്ങളും പരിഹരിക്കാനുള്ള വേദികൂടിയാണ് വൃത്തി കോൺക്ലേവ്. സംസ്ഥാനത്തെ മാലിന്യ നിർമ്മാർജന രംഗത്ത് കൂട്ടായ പ്രവർത്തനങ്ങളിലൂടെ വലിയ നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ബഹുഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മാലിന്യമുക്തമായി പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞു. 2025 മാർച്ച് മാസത്തിലെ കണക്കനുസരിച്ച് ക്ലീൻ കേരള കമ്പനിവഴി 61,664 ടണ്ണിലധികം മാലിന്യങ്ങളാണ് ശേഖരിച്ച സംസ്കരിച്ചത്. സംസ്ഥാനത്ത് 89 ലക്ഷത്തിലധികം വീടുകളിലെ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ ഡിജിറ്റൽ ട്രാക്കിങ് സംവിധാനത്തിലേക്ക് മാറിക്കഴിഞ്ഞുവെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചു. ഇത്രയേറെ മുന്നേറ്റമുണ്ടാക്കിയിട്ടും മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങളെയും മാലിന്യ പ്ലാന്റുകളെയും ചിലർ സംശയദൃഷ്ടിയോടെയാണ് കാണുന്നത്. ഇത്തരത്തിൽ മാലിന്യ പ്ലാന്റുകളുമായി ബന്ധപ്പെട്ട് ജനങ്ങളുടെയും ജനപ്രതിനിധികളുടെയും ആശങ്കകൾ പരിഹരിക്കാനുള്ള വേദികൂടിയാണ് വൃത്തി കോൺക്ലേവെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

100 ശതമാനം മാലിന്യമുക്തമായ കേരളമാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യമെന്നും ഇതിനു കൂട്ടായ പ്രവർത്തനം ആവശ്യമാണെന്നും അധ്യക്ഷത വഹിച്ച തദ്ദേശ സ്വയംഭരണ മന്ത്രി എം ബി രാജേഷ് പറഞ്ഞു. വൃത്തി കോൺക്ലേവിലെ ചർച്ചകളുടെകൂടി അടിസ്ഥാനത്തിൽ മാലിന്യ നിർമ്മാർജനത്തിൽ മുന്നോട്ടുള്ള വഴി വ്യക്തമാക്കുന്ന വിഷൻ ഡോക്യുമെന്റ് സമാപന സമ്മേളനത്തിൽ അവതരിപ്പിക്കുമെന്ന് മന്ത്രി കൂട്ടിച്ചേർത്തു. മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച ജില്ലകൾക്കുള്ള അവാർഡ് മന്ത്രി സമ്മാനിച്ചു. കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകൾ യഥാക്രമം ആദ്യ മൂന്ന് പുരസ്കാരങ്ങൾ നേടി. മാലിന്യമുക്ത നവകേരളം കാമ്പയിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്ര റിപ്പോർട്ട് മുഖ്യമന്ത്രി പ്രകാശനം ചെയ്തു. നവകേരളം കർമ്മ പദ്ധതി കോഓർഡിനേറ്റർ ടി എൻ സീമ റിപ്പോർട്ട് ഏറ്റുവാങ്ങി. മന്ത്രി കെ രാജൻ കോൺക്ലേവിന്റെ ഭാഗമായുള്ള പ്രദർശനത്തിന്റെയും എ കെ ശശീന്ദ്രൻ മാതൃകാ ഗ്രാമത്തിന്റെയും ജി ആർ അനിൽ മഷ്യ ശേഖരത്തിന്റെയും പി എ മുഹമ്മദ് റിയാസ് ഇൻസ്റ്റലേഷനുകളുടെയും ഉദ്ഘാടനം നിർവഹിച്ചു.

# ശുചിത്വ മികവിൽ 1027 തദ്ദേശ സ്ഥാപനങ്ങൾ: മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തെ 939 പഞ്ചായത്ത്, 83 മുനിസിപ്പാലിറ്റി, അഞ്ച് കോർപ്പറേഷൻ എന്നിവ ഉൾപ്പെടെ 1027 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശുചിത്വമികവ് കൈവരിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ.

19,489 പഞ്ചായത്ത് വാർഡും 19,093 നഗരസഭാ വാർഡും ഈ മികവിലേക്ക് എത്തി. 3060 ടൗണുകൾ ഹരിത പദവി സ്വന്തമാക്കി. മാർക്കറ്റ്, പൊതുസ്ഥലം - 3087, അയൽക്കൂട്ടം - 2,87,409 ,വിദ്യാലയങ്ങൾ -14321, കലാലയങ്ങൾ -1370, സ്ഥാപനങ്ങൾ - 57,201 ,ടൂറിസം കേന്ദ്രങ്ങൾ - 317 എന്നിങ്ങനെയാണ് ഹരിത പദവി ലഭിച്ചവരുടെ കണക്ക്. ഹരിതകർമ്മ സേന ഈ സാമ്പത്തിക വർഷം നേടിയത് 348.9 കോടി രൂപയാണ്. 37134 ഹരിതകർമ്മ സേനാംഗങ്ങളാണ് നമുക്കുള്ളത്. മാലിന്യം വലിച്ചെറിയൽ സംബന്ധിച്ച പരാതി അറിയിക്കുന്നവർക്കുള്ള പാരിതോഷിക തുക ഉയർത്താനും തീരുമാനമായിട്ടുണ്ട്. 9446700800 എന്ന വാട്സ്ആപ്പ് നമ്പറിലാണ് പരാതി അറിയിക്കേണ്ടത്.

തദ്ദേശ വകുപ്പ് സംഘടിപ്പിക്കുന്ന വൃത്തി 2025 ദേശീയ കോൺക്ലേവ് തിരുവനന്തപുരത്ത് ആരംഭിച്ചു. മാലിന്യമുക്തം നവകേരളം ക്യാമ്പയിനിലൂടെ കൈവരിച്ച മുന്നേറ്റത്തിന്റെ ചർച്ചയും ഭാവി ആസൂത്രണവുമാണ് ലക്ഷ്യം. ഏഴ് മേഖലകളിലായി 60 സെഷനുകളിൽ 200 വിദഗ്ധർ ആശയങ്ങൾ പങ്കുവെക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

MAGZTER

കേരളകൗമുദി
Thiruvananthapuram 10 Apr 2025

## വൃത്തി കോൺക്ലേവ് ഉദ്ഘാടനം ചെയ്ത് മുഖ്യമന്ത്രി

# 'മാലിന്യ നിർമ്മാർജ്ജനത്തിലും ചിലർക്ക് സംശയദൃഷ്ടി'


തിരുവനന്തപുരം: മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളെയും മാലിന്യ പ്ലാന്റുകളെയും ചിലർ സംശയദൃഷ്ടിയോടെയാണ് കാണുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തിരുവനന്തപുരം കനകക്കുന്നിൽ വൃത്തി 2025 ദേശീയ ക്ലീൻ കേരള കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിലെ മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ആശങ്കകളും സംശയങ്ങളും പരിഹരിക്കാനുള്ള വേദികൂടിയാണിത്. മാലിന്യ നിർമ്മാർജ്ജന രംഗത്തും ഇതേ രീതിയിൽ രാജ്യത്തിനാകെ മാതൃകയാകുന്ന നേട്ടങ്ങളുണ്ടാക്കാൻ സാധിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നൂറ് ശതമാനം മാലിന്യമുക്തമായ കേരളമാണ് ലക്ഷ്യമെന്ന് അദ്ധ്യക്ഷത വഹിച്ച മന്ത്രി എം.ബി.രാജേഷ് പറഞ്ഞു. കോൺക്ലേവിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ മാലിന്യ നിർമ്മാർജ്ജനത്തിൽ മുന്നോട്ടുള്ള വഴി വ്യക്തമാക്കുന്ന വിഷൻ ഡോക്യുമെന്റ് സമാപന സമ്മേളനത്തിൽ അവതരിപ്പിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനം നടത്തിയ ജില്ലകൾക്കുള്ള അവാർഡുകളും അദ്ദേഹം സമ്മാനിച്ചു. കണ്ണൂർ ഒന്നാം സമ്മാനവും കോഴിക്കോട് രണ്ടാം സമ്മാനവും തൃശൂർ മൂന്നാം സമ്മാനവും നേടി. മാലിന്യമുക്ത നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് മുഖ്യമന്ത്രി പ്രകാശനം ചെയ്തു.

നവകേരളം കർമ്മപദ്ധതി കോ ഓർഡിനേറ്റർ ടി.എൻ.സീമ റിപ്പോർട്ട് ഏറ്റുവാങ്ങി. മന്ത്രിമാരായ കെ.രാജൻ, എ.കെ.ശശീന്ദ്രൻ, ജി.ആർ.അനിൽ, പി.എ.മുഹമ്മദ് റിയാസ് എം.എൽ.എമാരായ വി.കെ.പ്രശാന്ത്, കടകംപള്ളി സുരേന്ദ്രൻ, ആന്റണി രാജു, സി.കെ.ഹരീന്ദ്രൻ, വി.ശശി, ഒ.എസ്.അംബിക, ഐ.ബി.സതീഷ്, തിരുവനന്തപുരം മേയർ ആര്യ രാജേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ തുടങ്ങിയവർ പങ്കെടുത്തു.

### സത്യസന്ധതയുടെ വെളിച്ചം



മുഖ്യമന്ത്രി പിണറായി വിജയന് [illegible] കൈമാറിയത് കടയ്ക്കാവൂർ ആറാം വാർഡിലെ ഹരിതകർമ്മ സേനാംഗങ്ങളായ സതികുമാരിയും നിഷയും ചേർന്നാണ്. മാസങ്ങൾക്ക് മുമ്പ് വീടുകളിൽ നിന്നുള്ള മാലിന്യ ശേഖരണത്തിനിടെ ഇവർക്ക് ലഭിച്ച സ്വർണം ഉടമസ്ഥർക്ക് കൈമാറി ഇരുവരും ഹരിതകർമ്മ സേനയുടെ സത്യസന്ധതയ്ക്ക് വെളിച്ചം പകർന്നു.

# മാലിന്യ നിർമാർജനത്തിൽ കേരളം മാതൃകയാകണം: മുഖ്യമന്ത്രി

**തിരുവനന്തപുരം:** വിവിധ മേഖലകളിൽ രാജ്യത്തിനും ലോകത്തിനും മുന്നിൽ അസൂയാവഹമായ നേട്ടങ്ങൾ സ്വന്തമാക്കിയിട്ടുള്ള കേരളം മാലിന്യ നിർമാർജന മേഖലയിലും മാതൃകയാകണമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. കനകക്കുന്നിൽ തദ്ദേശ സ്വയംഭരണവകുപ്പ് സംഘടിപ്പിച്ച ദേശീയ ക്ലീൻ കേരള കോൺക്ലേവ് 'വൃത്തി 2025'ന്റെ ഉദ്ഘാടനം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു മുഖ്യമന്ത്രി.



മാലിന്യനിർമാർജന രംഗത്തു കേരളത്തിനുണ്ടായ നേട്ടങ്ങളും ഭാവി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുമായാണ് ഈ കോൺക്ലേവ്. മാലിന്യനിർമാർജന രംഗത്ത് സമഗ്ര മുന്നേറ്റത്തിന് അവസരമായി ഈ കോൺക്ലേവിനെ കാണണമെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

മന്ത്രി എം. ബി. രാജേഷ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. മന്ത്രിമാരായ കെ. രാജൻ, എ. കെ. ശശീന്ദ്രൻ, ജി.ആർ.അനിൽ, പി.എ. മുഹമ്മദ് റിയാസ്, എംഎൽഎമാരായ കടകംപള്ളി സുരേന്ദ്രൻ, ആന്റണി രാജു. ഒ.എസ്. അംബിക, കെ.ആൻസലൻ, സി.കെ. ഹരീന്ദ്രൻ, ഐ.ബി.സതീഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ, കേരള ഖരമാലിന്യ സംസ്കരണ പദ്ധതി ഡയറക്ടർ ദിവ്യ എസ്. അയ്യർ, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു.വി. ജോസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.




വൃത്തി 2025 കോൺക്ലേവിന്റെ സമാപന സമ്മേളനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യുന്നു

# മാലിന്യ സംസ്കരണം: കേരളം രാജ്യത്തിന് മാതൃകയെന്ന് ഗവർണർ

**തിരുവനന്തപുരം:** മാലിന്യ സംസ്കരണത്തിൽ കേരളം രാജ്യത്തിനുതന്നെ മാതൃകയാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. വൃത്തി 2025 കോൺക്ലേവിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ വിജയത്തിന്റെ പ്രധാന കാരണം ജനങ്ങളുടെ പങ്കാളിത്തമാണ്. ഇപ്പോഴത്തെ പ്രവർത്തനങ്ങളിലൂടെ നേടിയെടുത്ത വൃത്തി സ്ഥിരമായ ഒന്നല്ലെന്നും വൃത്തി ഒരു ശീലമായി മാറണമെന്നും അദ്ദേഹം പറഞ്ഞു. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തമാണെന്ന ബോധമുണ്ടാകണം. ഉറവിട കേന്ദ്രീകൃതമായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ വ്യാപകമാക്കണം. അതിലൂടെ വൃത്തിശീലം ജനജീവിതത്തിന്റെ ഭാഗമാക്കാനും അടുത്ത തലമുറയ്ക്ക് പകർന്നു നൽകാനും സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. മാലിന്യ സംസ്കരണ പ്ലാന്റുകളുമായി ബന്ധപ്പെട്ട എതിർപ്പുകളിൽ സമവായമുണ്ടാക്കാനായി എന്നതാണ് വൃത്തി 2025 കോൺക്ലേവിന്റെ ഏറ്റവും വലിയ നേട്ടമെന്നും ഗവർണർ പറഞ്ഞു. സ്വച്ഛതയും വൃത്തിയുമെന്നത് ഇന്ന് ഇന്ത്യയിലൊട്ടാകെ ഒരു മുഖ്യ അജണ്ടയാണെന്നും ഗവർണർ ചൂണ്ടിക്കാട്ടി. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷൻ ഡോക്യുമെന്റ് ഗവർണർ പ്രകാശനം ചെയ്തു. മന്ത്രി എം. ബി. രാജേഷ് അധ്യക്ഷനായി. വി.കെ. പ്രശാന്ത് എംഎൽഎ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ ടി.വി. തുടങ്ങിയവർ പങ്കെടുത്തു.

Mathrubhumi മാതൃഭൂമി

# മാലിന്യം സംസ്കരിക്കുന്നതിൽ കേരളം മാതൃക -ഗവർണർ

**തിരുവനന്തപുരം:** വൃത്തി ശീലമായി മാറണമെന്നും സ്വന്തം മാലിന്യം സംസ്കരിക്കുന്നതു സ്വന്തം ഉത്തരവാദിത്വമാണെന്ന ബോധമുണ്ടാകണമെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. കേരളം കൂടുതൽക്കൂടുതൽ വൃത്തിയായിക്കൊണ്ടിരിക്കുകയാണ്. മാലിന്യസംസ്കരണത്തിൽ കേരളം രാജ്യത്തിനുതന്നെ മാതൃകയാണെന്നും കേരളീയരെന്ന് അറിയപ്പെടുന്നതിൽ അഭിമാനിക്കുന്നതായും ഗവർണർ പറഞ്ഞു. തദ്ദേശ വകുപ്പിന്റെ വൃത്തി 2025 ദേശീയ കോൺക്ലേവിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഉറവിട കേന്ദ്രീകൃതമായ വികേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനങ്ങൾ വ്യാപകമാക്കി വൃത്തിശീലം ജനജീവിതത്തിന്റെ ഭാഗമാക്കാനും അത് അടുത്ത തലമുറയ്ക്ക് പകർന്നുനൽകാനും സാധിക്കണം. ചെറിയ പ്ലാന്റുകളും നിർദേശിച്ച ഗവർണർ സ്വച്ഛതയും വൃത്തിയുമെന്നത് ഇന്ത്യയൊട്ടാകെ മുഖ്യ അജൻഡയാണെന്നും പറഞ്ഞു.



തദ്ദേശ വകുപ്പ് തിരുവനന്തപുരത്ത് കനകക്കുന്നിൽ നടത്തുന്ന 'വൃത്തി-2025' ക്ലീൻ കേരള കോൺക്ലേവ് സമാപനച്ചടങ്ങിൽ മാലിന്യ സംസ്കരണത്തിൽ ഏറ്റവും നല്ല പ്രവർത്തനം നടത്തുന്ന കോർപ്പറേഷനുള്ള പുരസ്കാരം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറിൽനിന്ന് കോഴിക്കോട് മേയർ ബീനാഫിലിപ്പ്, സെക്രട്ടറി കെ.യു. ബിനി, ഹെൽത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജയശ്രീ തുടങ്ങിയവർ ഏറ്റുവാങ്ങുന്നു

കേരളത്തിലെ മാലിന്യസംസ്കരണപ്രവർത്തനങ്ങൾ സംബന്ധിച്ച വിഷൻ ഡോക്യുമെന്റ് ഗവർണർ പ്രകാശനം ചെയ്തു. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ മികവുകാട്ടിയ തദ്ദേശസ്ഥാപനങ്ങൾക്കുള്ള അവാർഡുകളും ഗവർണർ സമ്മാനിച്ചു. മന്ത്രി എം.ബി. രാജേഷ് അധ്യക്ഷനായി. വി.കെ. പ്രശാന്ത് എം.എൽ.എ., ചീഫ് സെക്രട്ടറി ശാരദാമുരളീധരൻ, തദ്ദേശ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ തുടങ്ങിയവർ സംസാരിച്ചു. കോൺക്ലേവിന്റെ ഭാഗമായി പ്രദർശനം ഞായറാഴ്ചകൂടി തുടരും.

**മന്ത്രിയെ പ്രശംസിച്ച് ഗവർണർ**

മാലിന്യനിർമാർജന പ്രവർത്തനങ്ങളിൽ മന്ത്രി എം.ബി. രാജേഷിനെ പ്രശംസിച്ച് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ വിജയത്തിന്റെ പ്രധാന കാരണം ജനങ്ങളുടെ പങ്കാളിത്തമാണ്. അതിന് സ്വപ്രേരിതമായ മന്ത്രിയുടെ കഠിനപരിശ്രമം വിജയത്തിലെത്തുകയാണ്. എതിർക്കുന്നവരെ മുഴുവൻ വിളിച്ചു ചർച്ച ചെയ്താണ് പ്രശ്നങ്ങൾ പരിഹരിച്ചത്. ഇതിനെല്ലാം മന്ത്രി നേതൃത്വം നൽകിയപ്പോൾ സർക്കാരും ജനങ്ങളും ഉദ്യോഗസ്ഥരും ഒരുമിച്ചുനിന്ന വിജയം മുഴുവൻ കേരളീയരുടെയും വിജയമാണെന്നും ഗവർണർ പറഞ്ഞു.

## മാലിന്യ സംസ്കരണം: കേരളം രാജ്യത്തിന് മാതൃകയെന്ന് ഗവർണർ

തിരുവനന്തപുരം: മാലിന്യ സംസ്കരണത്തിൽ കേരളം രാജ്യത്തിനു തന്നെ മാതൃകയാണെന്നും കേരളീയനെന്ന് അറിയപ്പെടുന്നതിൽ അഭിമാനിക്കുന്നുവെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. വൃത്തി 2025 കോൺക്ലേവിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ വിജയത്തിന്റെ പ്രധാന കാരണം ജനങ്ങളുടെ പങ്കാളിത്തമാണ്. ഇപ്പോഴത്തെ പ്രവർത്തനങ്ങളിലൂടെ നേടിയെടുത്ത വൃത്തി സ്ഥിരമായ ഒന്നല്ല വൃത്തി ഒരു ശീലമായി മാറണം. ഉറവിട കേന്ദ്രീകൃതമായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ വ്യാപകമാക്കണം. അതിലൂടെ വൃത്തിശീലം ജനജീവിതത്തിന്റെ ഭാഗമാക്കാനും അടുത്ത തലമുറയ്ക്ക് പകർന്നു നൽകാനും സാധിക്കും. മാലിന്യ സംസ്കരണ പ്ലാന്റുകളുമായി ബന്ധപ്പെട്ട എതിർപ്പുകളിൽ സമവായമുണ്ടാക്കാനായി എന്നതാണ് വൃത്തി 2025 കോൺക്ലേവിന്റെ ഏറ്റവും വലിയ നേട്ടമെന്നും അദ്ദേഹം പറഞ്ഞു.

മന്ത്രി എം.ബി. രാജേഷ് അധ്യക്ഷനായി. വി.കെ. പ്രശാന്ത് എംഎൽഎ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, തദ്ദേശ സ്വയംഭരണ സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ തുടങ്ങിയവർ പങ്കെടുത്തു

ചന്ദ്രിക

## മാലിന്യ സംസ്കരണം; കേരളം മാതൃകയെന്ന് ഗവർണർ

തിരുവനന്തപുരം: മാലിന്യ സംസ്കരണത്തിൽ കേരളം രാജ്യത്തിനുതന്നെ മാതൃകയാണെന്നും കേരളിയനെന്ന് അറിയപ്പെടുന്നതിൽ അഭിമാനിക്കുന്നുവെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. വൃത്തി 2025 കോൺക്ലേവിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ വിജയത്തിന്റെ പ്രധാന കാരണം ജനങ്ങളുടെ പങ്കാളിത്തമാണ്. ഇപ്പോഴത്തെ പ്രവർത്തനങ്ങളിലൂടെ നേടിയെടുത്ത വൃത്തി സ്ഥിരമായ ഒന്നല്ലെന്നും വൃത്തി ഒരു ശീലമായി മാറണമെന്നും അദ്ദേഹം പറഞ്ഞു. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തമാണെന്ന ബോധമുണ്ടാകണം. ഉറവിട കേന്ദ്രീകൃതമായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ വ്യാപകമാക്കണം. അതിലൂടെ വൃത്തിശീലം ജനജീവിതത്തിന്റെ ഭാഗമാക്കാനും അടുത്ത തലമുറയ്ക്ക് പകർന്നു നൽകാനും സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. മന്ത്രി എം.ബി. രാജേഷ് അധ്യക്ഷനായി. വി.കെ. പ്രശാന്ത് എംഎൽഎ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ ടി.വി. തുടങ്ങിയവർ പങ്കെടുത്തു.

വൃത്തി 2025 കോൺക്ലേവ്

# മാലിന്യ സംസ്കരണത്തിൽ കേരളം രാജ്യത്തിന് മാതൃക: ഗവർണർ

**● എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വമെന്ന ബോധമുണ്ടാകണം**

തിരുവനന്തപുരം | മാലിന്യ സംസ്കരണത്തിൽ കേരളം രാജ്യത്തിന് തന്നെ മാതൃകയാണെന്നും കേരളീയനെന്ന് അറിയപ്പെടുന്നതിൽ അഭിമാനിക്കുന്നെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. വൃത്തി 2025 കോൺക്ലേവിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ വിജയത്തിന്റെ പ്രധാന കാരണം ജനങ്ങളുടെ പങ്കാളിത്തമാണ്. സർക്കാരും ജനങ്ങളും ഉദ്യോഗസ്ഥരും ഒരുമിച്ച് നേടിയ വിജയം മുഴുവൻ കേരളീയരുടെയും വിജയമാണ്. ഇപ്പോഴത്തെ പ്രവർത്തനങ്ങളിലൂടെ നേടിയെടുത്ത വൃത്തി സ്ഥിരമായ ഒന്നല്ലെന്നും ശീലമായി മാറണമെന്നും അദ്ദേഹം പറഞ്ഞു. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വമാണെന്ന ബോധമുണ്ടാകണം. ഉറവിട കേന്ദ്രീകൃതമായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ വ്യാപകമാക്കണം. അതിലൂടെ വൃത്തിശീലം ജനജീവിതത്തിന്റെ ഭാഗമാക്കാനും അടുത്ത തലമുറക്ക് പകർന്നു നൽകാനും സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. മാലിന്യ സംസ്കരണ പ്ലാന്റുകളുമായി ബന്ധപ്പെട്ട എതിർപ്പുകളിൽ സമവായമുണ്ടാക്കാനായി എന്നതാണ് വൃത്തി 2025 കോൺക്ലേവിന്റെ ഏറ്റവും വലിയ നേട്ടമെന്നും ഗവർണർ പറഞ്ഞു. സ്വച്ഛതയും വൃത്തിയുമെന്നത് ഇന്ന് ഇന്ത്യയിലൊട്ടാകെ മുഴങ്ങുന്ന അജണ്ടയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കേരളം വികേന്ദ്രീകൃതവും ജനകീയവുമായ മാലിന്യസംസ്കരണ മാതൃക സൃഷ്ടിക്കുകയാണെന്ന് തദ്ദേശ സ്വയംഭരണ മന്ത്രി എം ബി രാജേഷ് പറഞ്ഞു. മാലിന്യ സംസ്കരണത്തിന്റെ കേരള മാതൃക ഇതിനകം മറ്റ് സംസ്ഥാനങ്ങളെ സ്വാധീനിക്കുന്നുണ്ട്. തമിഴ്നാട് കേരള മാതൃകയിൽ ക്ലീൻ തമിഴ്നാട് മിഷൻ ആരംഭിച്ചതായും അദ്ദേഹം പറഞ്ഞു. കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷൻ ഡോക്യുമെന്റ് ഗവർണർ പ്രകാശനം ചെയ്തു. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡുകൾ ഗവർണർ സമ്മാനിച്ചു. വി കെ പ്രശാന്ത് എം എൽ എ, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ പങ്കെടുത്തു.

# Kerala a model for country in waste management: Governor

**EXPRESS NEWS SERVICE** @T'Puram

CALLING KERALA a model for the country in terms of waste management, Governor Rajendra Arlekar said it was a matter of pride to be known as a Keralite. He was speaking at the valedictory function of the five-day national conclave, 'Vruthi 2025', organised to showcase the achievements of the state in waste management and to plan future projects.

The governor said people's participation is the main reason for the success of the state's waste management projects. "The cleanliness that one sees in the state on account of various waste management initiatives may not be a permanent feature. For that to be permanent, people should inculcate cleanliness as a habit," he said.

Stating that people should also be responsible for the waste they generate, the governor said source-based decentralised waste management efforts should be strengthened.

"Cleanliness should be made a way of life and passed on to the next generation," he said.

Minister for Local Self-Governments M B Rajesh, who presided over the function, said the state was creating a "decentralised, pro-people waste management model".

# മാലിന്യ സംസ്കരണത്തിൽ കേരളം രാജ്യത്തിന് മാതൃകയെന്ന് ഗവർണർ

**» വൃത്തി 2025 കോൺക്ലേവ് സമാപിച്ചു**

തിരുവനന്തപുരം: മാലിന്യ സംസ്കരണത്തിൽ കേരളം രാജ്യത്തിനു തന്നെ മാതൃകയാണെന്നും കേരളീയനായി അറിയപ്പെടുന്നതിൽ അഭിമാനിക്കുന്നുവെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. വൃത്തി 2025 കോൺക്ലേവിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ വിജയത്തിന്റെ പ്രധാന കാരണം ജനങ്ങളുടെ പങ്കാളിത്തമാണ്. സർക്കാരും ജനങ്ങളും ഉദ്യോഗസ്ഥരും ഒരുമിച്ച് നേടിയ വിജയം മുഴുവൻ കേരളീയരുടെയും വിജയമാണ്. ഇപ്പോഴത്തെ പ്രവർത്തനങ്ങളിലൂടെ നേടിയെടുത്ത വൃത്തി സ്ഥിരമായ ഒന്നല്ലെന്നും വൃത്തി ഒരു ശീലമായി മാറണം. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തമാണെന്ന ബോധമുണ്ടാകണമെന്നും ഗവർണർ ചൂണ്ടിക്കാട്ടി. സമാപന സമ്മേളനത്തിൽ മന്ത്രി എം.ബി. രാജേഷ് അധ്യക്ഷത വഹിച്ചു. വി.കെ. പ്രശാന്ത് എം.എൽ.എ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ ടി.വി. തുടങ്ങിയവർ പങ്കെടുത്തു.



കനകക്കുന്നിൽ വൃത്തി കോൺക്ലേവിന്റെ ഭാഗമായി പാഴ് വസ്തുക്കളിൽ നിന്ന് നിർമിച്ച നീരാളി

MAGZTER

സുപ്രഭാതം

# മാലിന്യ സംസ്കരണം: കേരളം മാതൃകയെന്ന് ഗവർണർ

**തിരുവനന്തപുരം ▸** മാലിന്യ സംസ്കരണത്തിൽ കേരളം രാജ്യത്തിനുതന്നെ മാതൃകയാണെന്നും കേരളീയനെന്ന് അറിയപ്പെടുന്നതിൽ അഭിമാനിക്കുന്നുവെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. കനകക്കുന്നിൽ നടന്ന വൃത്തി-2025 കോൺക്ലേവിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ വിജയത്തിന്റെ പ്രധാന കാരണം ജനങ്ങളുടെ പങ്കാളിത്തമാണ്. മന്ത്രി എം.ബി രാജേഷിന്റെ കഠിന പരിശ്രമം വിജയത്തിലെത്തുകയാണ്. വൃത്തി ഒരു ശീലമായി മാറണമെന്നും ഗവർണർ പറഞ്ഞു.

മാലിന്യ സംസ്കരണം

# കേരളം രാജ്യത്തിന് മാതൃകയെന്ന് ഗവർണർ

**തിരുവനന്തപുരം:** മാലിന്യ സംസ്കരണത്തിൽ കേരളം രാജ്യത്തിനുതന്നെ മാതൃകയാണെന്നും കേരളീയനെന്ന് അറിയപ്പെടുന്നതിൽ അഭിമാനിക്കുന്നുവെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. വൃത്തി-2025 കോൺക്ലേവിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ വിജയത്തിന്റെ പ്രധാന കാരണം ജനങ്ങളുടെ പങ്കാളിത്തമാണ്. സർക്കാരും ജനങ്ങളും ഉദ്യോഗസ്ഥരും ഒരുമിച്ചു നേടിയ വിജയം മുഴുവൻ കേരളീയരുടെയും വിജയമാണ്. ഇപ്പോഴത്തെ പ്രവർത്തനങ്ങളിലൂടെ നേടിയെടുത്ത വൃത്തി സ്ഥിരമായ ഒന്നല്ലെന്നും വൃത്തി ഒരു ശീലമായി മാറണമെന്നും അദ്ദേഹം പറഞ്ഞു. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തമാണെന്ന ബോധമുണ്ടാകണം. ഉറവിട കേന്ദ്രീകൃതമായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ വ്യാപകമാകണം. അതിലൂടെ വൃത്തിശീലം ജനജീവിതത്തിന്റെ ഭാഗമാക്കാനും അടുത്ത തലമുറയ്ക്ക് പകർന്നു നൽകാനും സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. മാലിന്യ സംസ്കരണ പ്ലാന്റുകളുമായി ബന്ധപ്പെട്ട എതിർപ്പുകളിൽ സമവായമുണ്ടാക്കാനായി എന്നതാണ് വൃത്തി-2025 കോൺക്ലേവിന്റെ ഏറ്റവും വലിയ നേട്ടമെന്നും ഗവർണർ പറഞ്ഞു.

സ്വച്ഛതയും വൃത്തിയുമെന്നത് ഇന്ന് ഇന്ത്യയിലൊട്ടാകെ ഒരു മുഖ്യ അജണ്ടയാണെന്നും ഗവർണർ ചൂണ്ടിക്കാട്ടി. കേരളം വികേന്ദ്രീകൃതവും ജനകീയവുമായ മാലിന്യസംസ്കരണ മോഡൽ സൃഷ്ടിക്കുകയാണെന്ന് തദ്ദേശ സ്വയംഭരണ മന്ത്രി എം. ബി. രാജേഷ് അഭിപ്രായപ്പെട്ടു. മാലിന്യസംസ്കരണത്തിന്റെ ഈ കേരള മോഡൽ ഇതിനകം മറ്റ് സംസ്ഥാനങ്ങളെ സ്വാധീനിക്കുന്നുണ്ട്.

തമിഴ്നാട് സംസ്ഥാനം കേരള മാതൃകയിൽ ക്ലീൻ തമിഴ്നാട് മിഷൻ ആരംഭിച്ചതായും അദ്ദേഹം പറഞ്ഞു. അടിത്തട്ട് മുതൽ തുടങ്ങി മുകൾത്തട്ട് വരെ എത്തിയ ഒരു ജനകീയ യത്നത്തിന്റെ ഒടുവിലാണ് വൃത്തി 2025 കോൺക്ലേവ് നടന്നത്. കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷൻ ഡോക്യുമെന്റ് ഗവർണർ പ്രകാശനം ചെയ്തു. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡുകൾ ഗവർണർ സമ്മാനിച്ചു. സമാപന സമ്മേളനത്തിൽ മന്ത്രി എം.ബി. രാജേഷ് അധ്യക്ഷത വഹിച്ചു.

വി.കെ. പ്രശാന്ത് എംഎൽഎ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ ടി.വി. തുടങ്ങിയവർ പങ്കെടുത്തു.

# മാലിന്യ സംസ്ക്കരണത്തിൽ കേരളം രാജ്യത്തിന് മാതൃക: ഗവർണർ

തിരുവനന്തപുരം: മാലിന്യ സംസ്കരണത്തിൽ കേരളം രാജ്യത്തിനാകെ മാതൃകയാണെന്നും കേരളീയനെന്ന് അറിയപ്പെടുന്നതിൽ അഭിമാനിക്കുന്നുവെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. വൃത്തി 2025 കോൺക്ലേവിന്റെ സമാപനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



വൃത്തി 2025 കോൺക്ലേവിന്റെ സമാപന ഉദ്ഘാടനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നിർവഹിക്കുന്നു

കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ വിജയത്തിന്റെ പ്രധാന കാരണം ജനപങ്കാളിത്തമാണ്. സർക്കാരും ജനങ്ങളും ഉദ്യോഗസ്ഥരും ഒരുമിച്ച് നേടിയ വിജയം മുഴുവൻ കേരളീയരുടേയും വിജയമാണ്. ഇപ്പോഴത്തെ പ്രവർത്തനങ്ങളിലൂടെ നേടിയെടുത്ത വൃത്തി സ്ഥിരമായ ഒന്നല്ലെന്നും വൃത്തി ഒരു ശീലമായി മാറണമെന്നും അദ്ദേഹം പറഞ്ഞു. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തമാണെന്ന ബോധമുണ്ടാകണം. ഉറവിട കേന്ദ്രീകൃതമായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ വ്യാപകമാകണം. അതിലൂടെ വൃത്തിശീലം ജനജീവിതത്തിന്റെ ഭാഗമാക്കാനും അടുത്ത തലമുറയ്ക്ക് പകർന്നു നൽകാനും സാധിക്കണമെന്നും അദ്ദേഹം പറഞ്ഞു.

മന്ത്രി എം ബി രാജേഷ് അധ്യക്ഷനായി. വി കെ പ്രശാന്ത് എംഎൽഎ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ ടി വി ഇടങ്ങിയവർ പങ്കെടുത്തു. കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷൻ ഡോക്യുമെന്റ് ഗവർണർ പ്രകാശനം ചെയ്തു. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡുകളും ഗവർണർ സമ്മാനിച്ചു.

മികച്ച മാലിന്യ സംസ്കരണ പ്രവർത്തനം നടപ്പാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ള പുരസ്കാരത്തിന് എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തും ഗുരുവായൂർ മുനിസിപ്പാലിറ്റിയും കോഴിക്കോട് കോർപറേഷനും അർഹരായി. പഞ്ചായത്തുകളിൽ കോഴിക്കോട് ജില്ലയിലെ മണിയൂർ രണ്ടാം സ്ഥാനവും ആലപ്പുഴ ജില്ലയിലെ പുന്നപ്ര സൗത്ത് മൂന്നാം സ്ഥാനവും നേടി. കണ്ണൂർ ജില്ലയിലെ ആന്തൂരും മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയും മുനിസിപ്പാലിറ്റികളുടെ വിഭാഗത്തിൽ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. കോർപറേഷൻ വിഭാഗത്തിൽ തൃശ്ശൂർ കോർപറേഷനാണ് രണ്ടാം സ്ഥാനം. ആറ്റുകാൽ പൊങ്കാല, സംസ്ഥാന സ്കൂൾ കലോത്സവം എന്നീ പരിപാടികളുമായി ബന്ധപ്പെട്ട് മികച്ച മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തിയ തിരുവനന്തപുരം കോർപറേഷന് പ്രത്യേക പുരസ്കാരം ലഭിച്ചു.

---

**വൃത്തി 2025 കോൺക്ലേവ്**

# മാലിന്യ സംസ്കരണത്തിൽ കേരളം രാജ്യത്തിന് മാതൃക: ഗവർണർ

**● എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വമെന്ന ബോധമുണ്ടാകണം**

തിരുവനന്തപുരം | മാലിന്യ സംസ്കരണത്തിൽ കേരളം രാജ്യത്തിന് തന്നെ മാതൃകയാണെന്നും കേരളീയനെന്ന് അറിയപ്പെടുന്നതിൽ അഭിമാനിക്കുന്നെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. വൃത്തി 2025 കോൺക്ലേവിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ വിജയത്തിന്റെ പ്രധാന കാരണം ജനങ്ങളുടെ പങ്കാളിത്തമാണ്. സർക്കാരും ജനങ്ങളും ഉദ്യോഗസ്ഥരും ഒരുമിച്ച് നേടിയ വിജയം മുഴുവൻ കേരളീയരുടെയും വിജയമാണ്. ഇപ്പോഴത്തെ പ്രവർത്തനങ്ങളിലൂടെ നേടിയെടുത്ത വൃത്തി സ്ഥിരമായ ഒന്നല്ലെന്നും ശീലമായി മാറണമെന്നും അദ്ദേഹം പറഞ്ഞു. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വമാണെന്ന ബോധമുണ്ടാകണം. ഉറവിട കേന്ദ്രീകൃതമായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ വ്യാപകമാകണം. അതിലൂടെ വൃത്തിശീലം ജനജീവിതത്തിന്റെ ഭാഗമാക്കാനും അടുത്ത തലമുറക്ക് പകർന്നു നൽകാനും സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. മാലിന്യ സംസ്കരണ പ്ലാന്റുകളുമായി ബന്ധപ്പെട്ട എതിർപ്പുകളിൽ സമവായമുണ്ടാക്കാനായി എന്നതാണ് വൃത്തി 2025 കോൺക്ലേവിന്റെ ഏറ്റവും വലിയ നേട്ടമെന്നും ഗവർണർ പറഞ്ഞു. സ്വച്ഛതയും വൃത്തിയുമെന്നത് ഇന്ന് ഇന്ത്യയിലൊട്ടാകെ മുഖ്യ അജൻഡയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കേരളം വികേന്ദ്രീകൃതവും ജനകീയവുമായ മാലിന്യസംസ്കരണ മോഡൽ സൃഷ്ടിക്കുകയാണെന്ന് തദ്ദേശ സ്വയംഭരണ മന്ത്രി എം ബി രാജേഷ് പറഞ്ഞു. മാലിന്യ സംസ്കരണത്തിന്റെ കേരള മോഡൽ ഇതിനകം മറ്റ് സംസ്ഥാനങ്ങളെ സ്വാധീനിക്കുന്നുണ്ട്. തമിഴ്നാട് കേരള മാതൃകയിൽ ക്ലീൻ തമിഴ്നാട് മിഷൻ ആരംഭിച്ചതായും അദ്ദേഹം പറഞ്ഞു. കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷൻ ഡോക്യുമെന്റ് ഗവർണർ പ്രകാശനം ചെയ്തു. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡുകൾ ഗവർണർ സമ്മാനിച്ചു. വി കെ പ്രശാന്ത് എം എൽ എ, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ പങ്കെടുത്തു.

# വൃത്തി ഒരു ശീലമായി മാറണം: ഗവർണർ

തിരുവനന്തപുരം: മാലിന്യ സംസ്കരണത്തിൽ കേരളം രാജ്യത്തിനുതന്നെ മാതൃകയാണെന്നും കേരളീയനെന്ന് അറിയപ്പെടുന്നതിൽ അഭിമാനിക്കുന്നുവെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. വൃത്തി 2025 കോൺക്ലേവിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ വിജയത്തിന്റെ പ്രധാന കാരണം ജനങ്ങളുടെ പങ്കാളിത്തമാണ്. മന്ത്രി എം.ബി. രാജേഷിന്റെ കഠിനപരിശ്രമം വിജയത്തിലെത്തി. ഇതൊരു തുടർ പ്രവർത്തനങ്ങളിലൂടെ നേടിയെടുത്ത വൃത്തിസംസ്കാരമായി മാറണം. വൃത്തി ഒരു ശീലമായി മാറണം. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലെ ...



തിരുവനന്തപുരം നിശാഗന്ധിയിൽ വൃത്തി 2025 ക്ലീൻ കേരള കോൺക്ലേവിന്റെ സമാപന ചടങ്ങിൽ ... ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ... മന്ത്രി എം.ബി. രാജേഷ്, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ എന്നിവർ സമീപം

ഫോട്ടോ: ...

...യിരങ്ങളുടെ എതിർപ്പുകളിൽ സമരായുധമാക്കാനായി എന്നതാണ് വൃത്തി 2025 കോൺക്ലേവിന്റെ ഏറ്റവും വലിയ നേട്ടമെന്നും ഗവർണർ പ്രശംസിച്ചു. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡുകൾ ഗവർണർ സമ്മാനിച്ചു. കനകക്കുന്നിൽ നടന്ന സമ്മേളനത്തിൽ മന്ത്രി എം.ബി. രാജേഷ് അധ്യക്ഷനായി. വി.കെ. പ്രശാന്ത് എംഎൽഎ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷൽ സെക്രട്ടറി അനുപമ ടി.വി. തുടങ്ങിയവർ പങ്കെടുത്തു. വൃത്തി കോൺക്ലേവിൽ പ്രദർശനം ഇന്ന് അവസാനിക്കും.

## ശബരിമല വിഷുക്കണി പുലർച്ചെ 4 മുതൽ

ശബരിമല: സന്നിധാനത്ത് നാളെ രാവിലെ നാലു മുതൽ ഏഴുവരെ വിഷുക്കണി ദർശിക്കാം. ഇന്ന് രാത്രി നട അടയ്ക്കുന്നതിനു മുമ്പ് മേൽശാന്തി അരുൺ കുമാർ നമ്പൂതിരിയും കീഴ്ശാന്തി ... പരികർമികളും ചേർന്ന് കണി ഒരുക്കും. നാളെ പുലർച്ചെ നട തുറന്ന് ശ്രീകോവിലിൽ ദീപം തെളിച്ച് അയ്യപ്പസ്വാമിയെ വിഷുക്കണി കാണിക്കും. തന്ത്രി കണ്ഠരര് രാജീവര്, കണ്ഠരര് ബ്രഹ്മദത്തൻ, മേൽശാന്തി എന്നിവർ ചേർന്ന് തീർഥാടകർക്ക് വിഷുക്കൈനീട്ടം നൽകും. 7.30 മുതൽ പതിവ് പൂജകൾ ... ദേവസ്വം ... വിഷുക്കണി ഒരുക്കും.

## ഹൈക്കോടതി ഉത്തരവ് ലംഘിച്ച് ഗുരുവായൂരിൽ വീഡിയോ ചിത്രീകരണം

ഗുരുവായൂർ: ഗുരുവായൂർ ക്ഷേത്രപരിസരത്ത് ഹൈക്കോടതി ഉത്തരവ് ലംഘിച്ച് വീഡിയോ ചിത്രീകരിച്ചെന്ന പരാതിയിൽ ജസ്ന സലീമിനെതിരെ കേസെടുത്ത് പൊലീസ്. കിഴക്കേ നടയിൽ സ്ഥാപിച്ചിട്ടുള്ള ... ദീപസ്തംഭത്തിനു ... വീഡിയോ എടുത്ത് പ്രചരിപ്പിക്കുന്ന പരാതിയിലാണ് ടെമ്പിൾ പൊലീസ് കേസെടുത്തത്. നേരത്തെ ജസ്ന സലീം ക്ഷേത്ര പരിസരത്ത് കേക്ക് മുറിച്ചും ക്ഷേത്രത്തിലെത്തിയ ... ഭക്തരുമായി തർക്കത്തിലേർപ്പെട്ടതും വിവാദമായിരുന്നു.

## ആമ്പല്ലൂരിനും ഗുരുവായൂരിനും പുരസ്കാരം

സംസ്ഥാനത്ത് ഏറ്റവും മികച്ച മാലിന്യ സംസ്കരണ പ്രവർത്തനം നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ള പുരസ്കാരത്തിന് എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തും ഗുരുവായൂർ മുനിസിപ്പാലിറ്റിയും കോഴിക്കോട് കോർപറേഷനും അർഹരായി. പഞ്ചായത്തുകളിൽ കോഴിക്കോട് ജില്ലയിലെ മണിയൂർ രണ്ടാം സ്ഥാനവും ആലപ്പുഴ ജില്ലയിലെ പുന്നപ്ര സൗത്ത് പഞ്ചായത്ത് മൂന്നാം സ്ഥാനവും നേടി. കണ്ണൂർ ജില്ലയിലെ ആന്തൂർ, മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റികളും വിഭാഗത്തിൽ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

തൃശൂർ കോർപറേഷനാണ് കോർപറേഷൻ വിഭാഗത്തിൽ രണ്ടാം സ്ഥാനം. ആറുകാരിംപാറ ... സംസ്ഥാന സ്കൂൾ കലോത്സവം എന്നീ പരിപാടികളിലായി ബന്ധപ്പെട്ട മികച്ച മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തിയ തിരുവനന്തപുരം കോർപറേഷന് പ്രത്യേക പുരസ്കാരം ലഭിച്ചു.

## ബ്രഹ്മപുരത്തെ മാലിന്യം കടൽ കടക്കും, വളമായി

തിരുവനന്തപുരം: ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ ജൈവ മാലിന്യങ്ങളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വളം കടൽ കടക്കും.

മലപ്പുറം ജില്ലയിലെ ചങ്ങരംകുളം സ്വദേശികളായ ... നിയാസിന്റെയും നേതൃത്വത്തിലുള്ള ഫാബ്കോ എന്ന സ്വകാര്യ സ്ഥാപനമാണ് വ്യാവസായികാടിസ്ഥാനത്തിൽ വളമെത്തിക്കുക.

120 ടൺ ജൈവവളം അടങ്ങുന്ന ആദ്യ കണ്ടെയ്നർ അടുത്തയാഴ്ച ദുബായിലേക്ക് അയയ്ക്കും. പ്രതിദിനം 25 ടൺ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റാണ് ബ്രഹ്മപുരത്ത് ഫാബ്കോ സ്ഥാപിച്ചത്.

ജൈവ മാലിന്യം കൃത്യമായി സംസ്കരിക്കുന്നതോടൊപ്പം സംസ്ഥാനത്തിന് വിദേശനാണ്യം നേടിത്തരാനും പദ്ധതിയിലൂടെ ...

### പ്രവർത്തനം ഇങ്ങനെ

- മാലിന്യത്തിന്റെ 70 ശതമാനം പട്ടാളപ്പുഴുക്കൾ തിന്നും
- 30 ശതമാനം കമ്പോസ്റ്റാകും
- മാലിന്യം കമ്പോസ്റ്റ് ആകുമ്പോഴേക്കും പട്ടാളപ്പുഴുക്കൾ വളർന്ന് ബ്ലാക് സോൾജിയർ ഫ്ലൈ ആകും (ഇതിനെ പിന്നീട് ... അൾ മത്സ്യകർഷകർക്കുള്ള തീറ്റനിർമാണത്തിന് ഉപയോഗിക്കാം)

### കക്കൂസ് മാലിന്യ സംസ്കരണം

പട്ടാളപ്പുഴുക്കളെ ഉപയോഗിച്ച് കക്കൂസ് മാലിന്യം സംസ്കരിക്കുന്ന പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതിയും ഫാബ്കോയ്ക്കുണ്ട്. പദ്ധതി സംസ്ഥാന സർക്കാരിനു മുന്നിൽ ഉടൻ അവതരിപ്പിക്കും.

### താരം പട്ടാളപ്പുഴുക്കൾ

ദുബായ് ആസ്ഥാനമായ ഫാബ്കോ എന്ന കമ്പനിയാണ് ഫാബ്കോയെ സമീപിച്ചത്. ബ്രഹ്മപുരം പ്ലാന്റിൽ ഉത്പാദിപ്പിക്കുന്ന ജൈവവളം ... പട്ടാളപ്പുഴുവിനെ (ബ്ലാക് സോൾജിയർ ഫ്ലൈ ലാർവ) ഉപയോഗിച്ച് സംസ്കരിച്ചെടുക്കുന്ന വളത്തിന്റെ ഗുണമേന്മ മനസിലാക്കിയ ഫാബ്കോ ഫാബ്കോയുമായി കരാറിലെത്തുകയായിരുന്നു. പട്ടാളപ്പുഴുവിനെ ഉപയോഗിച്ച് മാലിന്യം എട്ട് ദിവസം കൊണ്ട് കമ്പോസ്റ്റാക്കാനാകും. പുഴുക്കളുടെ അവശിഷ്ടം ഉൾപ്പെടെ ... കമ്പോസ്റ്റിന് ഗുണമേന്മയേറെ.

## ബ്രഹ്മപുരം ബയോഗ്യാസ് പ്ലാന്റ്: ത്രികക്ഷി കരാറിൽ ഒപ്പുവച്ചു

തിരുവനന്തപുരം: കൊച്ചി ബ്രഹ്മപുരം കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് സംബന്ധിച്ച ത്രികക്ഷി കരാർ ഒപ്പുവച്ചു. വൃത്തി 2025 ദേശീയ കോൺക്ലേവിന്റെ ഭാഗമായി മാസ്കോട്ട് ഹോട്ടലിൽ സംഘടിപ്പിച്ച ബിസിനസ് മീറ്റിൽ വച്ച് സംസ്ഥാന സർക്കാരും കൊച്ചി കോർപറേഷനും ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡുമാണ് കരാറിൽ ഒപ്പുവച്ചത്.

സംസ്ഥാന സർക്കാരിനു വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷൽ സെക്രട്ടറി അനുപമ ടി.വി., ബി.പി.സി.എൽ എക്സിക്യൂട്ടീവ് ഡയറക്ടർ ... കൊച്ചി കോർപറേഷൻ സെക്രട്ടറി പി.എസ്. ഷിബു എന്നിവരാണ് ത്രികക്ഷി കരാറിൽ ഒപ്പുവച്ചത്. മന്ത്രി എം.ബി. രാജേഷ്, കൊച്ചി കോർപറേഷൻ മേയർ അഡ്വ. എം. അനിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു.

### 10 ഏക്കറിൽ പ്ലാന്റ്

റവന്യു ഭൂമിയിൽ കൊച്ചി കോർപറേഷൻ നൽകുന്ന 10 ഏക്കർ ഭൂമിയിലാണ് ബി.പി.സി.എൽ പ്ലാന്റ് നിർമിക്കുന്നത്. കൊച്ചി നഗരത്തിൽ നിന്ന് ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ പ്ലാന്റിൽ സംസ്കരിക്കും. പ്രതിദിനം 150 ടൺ ജൈവ മാലിന്യം സംസ്കരിച്ച് കംപ്രസ്ഡ് ബയോഗ്യാസാക്കാൻ ശേഷിയുള്ള പ്ലാന്റാണ് സ്ഥാപിക്കുന്നത്. 25 വർഷം കാലാവധി നിശ്ചയിച്ചിരിക്കുന്ന കരാർ കോർപറേഷൻ, ബി.പി.സി.എൽ എന്നിവരുടെ സംയുക്ത ... ബിൽ 10 വർഷത്തേക്കുകൂടി നീട്ടാനും വ്യവസ്ഥയുണ്ട്. പദ്ധതി പൂർത്തിയാകുന്നതോടെ കൊച്ചി നഗരത്തിലെ ജൈവമാലിന്യപ്രശ്നത്തിന് പരിഹാരമാകും.

ദേശാഭിമാനി

വൃത്തി ദി ക്ലീൻ കേരള കോൺക്ലേവ് 2025

മാലിന്യ നിർമാർജനം

# ആശങ്ക പരിഹരിക്കാൻ കൂട്ടായ പ്രവർത്തനം വേണം: മുഖ്യമന്ത്രി

വൃത്തി ദേശീയ കോൺക്ലേവ് തുടങ്ങി






## ശുചിത്വ മാതൃകകളുമായി തദ്ദേശസ്ഥാപനങ്ങൾ

## കൗതുകമുണർത്തി ശാസ്ത്രീയ ലാൻഡ്ഫില്ലിന്റെ കൂറ്റൻ മാതൃക




## രണ്ടാംദിനം 12 പാനൽ ചർച്ചകൾ

ദേശാഭിമാനി

## ഇൻസ്റ്റലേഷനുകൾ ഏപ്രിൽ 30 വരെ

ഓടകൾ അടയില്ല

# മഴവെള്ളം അതിവേഗം അപ്രത്യക്ഷമാകും



## പ്രചാരണ ബോർഡുകൾ വേസ്റ്റ് ബിന്നായി

## വേസ്റ്റത്തോൺ ചാമ്പ്യനായി ധനുഷ്



വൃത്തി Vruthi 2025

# വൃത്തി കോൺക്ലേവ് 2025; സമാപന സമ്മേളനം ഇന്ന്

തിരുവനന്തപുരം: സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ കനകക്കുന്നിൽ സംഘടിപ്പിക്കുന്ന വൃത്തി 2025 ദേശീയ കോൺക്ലേവിന്റെ സമാപന സമ്മേളനം ഇന്ന് വൈകിട്ട് 5 ന് നിശാഗന്ധിയിൽ കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും. മന്ത്രി എം.ബി രാജേഷ് അധ്യക്ഷനാകും. നിയമസഭ സ്പീക്കർ എ.എൻ. ഷംസീർ മുഖ്യപ്രഭാഷണം നടത്തും. തുടർന്ന് കോൺക്ലേവിലെ വിവിധ പരിപാടികളിൽ

## പ്രദർശനം നാളെക്കൂടി

പങ്കെടുത്തവർക്കുള്ള സമ്മാന വിതരണം നടക്കും. കോൺക്ലേവിന്റെ ഭാഗമായുള്ള പ്രദർശനവും മികച്ച മാതൃകകളുടെ അവതരണവും കലാസാംസ്കാരിക പരിപാടികളും ഭക്ഷ്യമേളയും നാളെയും തുടരും. ഇന്ന് വിവിധ വേദികളിലായി രാവിലെ 9 മുതൽ വൈകിട്ട് 4.30വരെ വിവിധ ജില്ലകളിൽ നിന്നുള്ള ശുചിത്വ മാതൃകകളുടെ അവതരണം നടക്കും. മാസ്കോട്ട് ഹോട്ടലിൽ വേസ്റ്റത്തോൺ മത്സരം ഇന്ന് അവസാനിക്കും. വൈകിട്ട് ഏഴിന് നിശാഗന്ധിയിൽ നടി റിമ കല്ലിങ്കലിന്റെ നേതൃത്വത്തിൽ 'നായിക' നൃത്ത സന്ധ്യ അരങ്ങേറും. രാവിലെ 10 ന് കനകക്കുന്ന പരിസരത്ത് വിനു പ്രിയറും അവതരിപ്പിക്കുന്ന പപ്പറ്റ് ഷോയും വൈകിട്ട് അഞ്ചിന് കെ.കെ. സജീവൻ മാസ്റ്റർ അവതരിപ്പിക്കുന്ന സോളോ നാടകവും അരങ്ങേറും.

# ആശങ്ക പരിഹരിക്കൽ വിജയത്തിലേക്ക്

തിരുവനന്തപുരം: മാലിന്യസംസ്കരണ പ്ലാന്റുകൾക്കെതിരെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ എതിർപ്പുയർത്തുന്നവരെ കാര്യങ്ങൾ ബോധ്യപ്പെടുത്താനുള്ള സർക്കാരിന്റെ ശ്രമം വിജയത്തിലേക്ക്.

വൃത്തി കോൺക്ലേവിനോടനുബന്ധിച്ച് മന്ത്രി എം.ബി. രാജേഷ് വിളിച്ചുചേർത്ത യോഗത്തിൽ തങ്ങളുടെ ആശങ്കകൾ പരിഹരിക്കാൻ സർക്കാർ തുറന്ന സമീപനം സ്വീകരിക്കുന്നതിൽ സന്തോഷമുണ്ടെന്ന് വിവിധ മേഖലകളിൽനിന്നെത്തിയവർ പ്രതികരിച്ചു. മുട്ടത്തറ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഉൾപ്പെടെ നേരിട്ട് സന്ദർശിച്ചശേഷമാണ് അവർ ചർച്ചയ്ക്ക് എത്തിയത്.



മാലിന്യസംസ്കരണ പ്ലാന്റുകളെ എതിർക്കുന്നവരുമായി നടന്ന മുഖാമുഖത്തിൽ മന്ത്രി എം.ബി രാജേഷ് സംസാരിക്കുന്നു

സംസ്ഥാനത്തെ മികച്ച മാലിന്യ സംസ്കരണ മാതൃകകൾ ജനനേതാക്കൾ സന്ദർശിക്കണമെന്ന് മന്ത്രി എം.ബി രാജേഷ് യോഗത്തിൽ ആവശ്യപ്പെട്ടു.

ചർച്ചയിൽ മുൻ ചീഫ് സെക്രട്ടറി വി. വേണു മോഡറേറ്ററായി. ഗുരുവായൂർ നഗരസഭ ചെയർമാൻ എം. കൃഷ്ണദാസ്, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടി.വി. അനുപമ, തിരുവനന്തപുരം നഗരസഭ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഗായത്രി ബാബു തുടങ്ങിയവർ മുഖാമുഖത്തിൽ സംസാരിച്ചു.

# പ്ലാസ്റ്റിക് കുപ്പികൾക്ക് ബദലൊരുക്കി കേരളം

തിരുവനന്തപുരം: അലിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് ബോട്ടിലുകൾക്ക് ബദൽ സംവിധാനമൊരുക്കാൻ സംസ്ഥാനം. പ്ലാസ്റ്റിക് ബോട്ടിലിന് പകരമായി, ജൈവിക രീതിയിൽ നിർമാർജനം ചെയ്യാൻ സാധിക്കുന്ന ഹരിത കുപ്പികൾ (കംപോസ്റ്റബിൾ ബോട്ടിൽ) കനകക്കുന്നിൽ നടക്കുന്ന വൃത്തി2025 ഗ്രീൻ കേരള കോൺക്ലേവിൽ അവതരിപ്പിച്ചു.

ജലസേചന വകുപ്പിനു കീഴിലുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപറേഷൻ (കെഐഐഡിസി- കിഡ്ക്) നിർമിക്കുന്ന ഇത്തരം കുപ്പികളിൽ കുടിവെള്ളം ഉടൻ വിപണിയിലെത്തും. സർക്കാരിന്റെ 'ഹില്ലി അക്വാ' ബ്രാൻഡിനു കീഴിലാണ് കുടിവെള്ളം വിപണനം ചെയ്യുക. നിശ്ചിത സമയപരിധിക്കുള്ളിൽ പൂർണമായും മണ്ണിൽ അലിഞ്ഞുചേരുമെന്നതാണ് ഹരിതകുപ്പികളുടെ പ്രത്യേകത. രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാന സർക്കാർ ഹരിതകുപ്പികളിൽ കുടിവെള്ളം വിപണിയിലെത്തിക്കുന്നത്. നൂറു ശതമാനവും ജൈവ ഉത്പന്നം സാധ്യമാകുന്ന ഹരിതകുപ്പികൾ കാഴ്ചയിൽ പ്ലാസ്റ്റിക് കുപ്പികളെ പോലെ ഉണ്ടാകും.

## മണ്ണിൽ അലിഞ്ഞുചേരും ഹരിതകുപ്പികൾ




പരിസ്ഥിതി സൗഹൃദ കംപോസ്റ്റബിൾ ബോട്ടിലിന്റെ സ്റ്റാൾ

ഹരിതകുപ്പികൾ നിർമിക്കാൻ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾക്ക് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തിനു പുറമെ ഐഎസ്ഒ, ടിയുവി തുടങ്ങിയ ദേശീയ, അന്തർദേശീയ സർട്ടിഫിക്കേഷനും ലഭിച്ചിട്ടുണ്ട്. കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗ്രീൻ ബയോ പ്രോഡക്ട്സാണ് കംപോസ്റ്റബിൾ ബോട്ടിലുകൾ നിർമിക്കുന്നതിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ നൽകുന്നത്. കംപോസ്റ്റബിൾ ബോട്ടിലുകൾക്ക് പ്ലാസ്റ്റിക് കുപ്പിയെക്കാൾ നിർമാണ ചെലവ് അധികമായിരിക്കും. പ്ലാസ്റ്റിക് കുപ്പികൾക്ക് നിരോധനമുള്ള പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഹരിതകുപ്പികൾ ഉപയോഗിക്കാം. ശബരിമല പോലുള്ള ഇടങ്ങളിൽ ഉപകാരപ്രദമാകുമെന്നാണ് സർക്കാരിന്റെ കണക്കുകൂട്ടൽ. സുസ്ഥിര മാലിന്യ നിർമാർജനത്തിന് നൂതന രീതികൾ രൂപപ്പെടുത്തുന്നതിനുള്ള അന്താരാഷ്ട്ര കോൺക്ലേവാണ് കനകക്കുന്നിൽ നടക്കുന്നത്. മാലിന്യ നിർമാർജന രംഗത്തെ ആഗോള വിദഗ്ധർ, സംരംഭകർ, നിക്ഷേപകർ, നയതന്ത്രജ്ഞർ, ഭരണകർത്താക്കൾ എന്നിവർ അഞ്ചു ദിവസത്തെ കോൺക്ലേവിൽ പങ്കെടുക്കും. സുസ്ഥിര രീതിയിലേക്കുള്ള പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങൾ, സേവനങ്ങൾ, നൂതന സാങ്കേതികവിദ്യകൾ എന്നിവയുടെ സ്റ്റാളുകളും എക്സിബിഷനുകളും കോൺക്ലേവിന്റെ ഭാഗമായി സജ്ജീകരിച്ചിട്ടുണ്ട്.

MAGZTER

ക്ലീനായി കടൽത്തീരം | ഒറ്റദിവസം 478 കേന്ദ്രം

# നീക്കി 154 ടൺ പ്ലാസ്റ്റിക് മാലിന്യം



മാലിന്യ സംസ്കരണം

## ആമ്പല്ലൂരിനും ഗുരുവായൂരിനും കോഴിക്കോടിനും പുരസ്കാരം

### ഇവിടെ എല്ലാം ക്ലീൻ

## ബ്രഹ്മപുരം ബയോഗ്യാസ് പ്ലാന്റ്: ത്രികക്ഷി കരാറിൽ ഒപ്പുവച്ചു

## മാലിന്യമുക്ത കേരളം

# എല്ലാവരുടെയും വിജയം: ഗവർണർ



## ഇത് മാലിന്യം പണമാക്കും പട്ടാളം



## വൃത്തി കാണാം ഇന്നുകൂടി

## കേരള മാതൃക മറ്റ് സംസ്ഥാനങ്ങളെ സ്വാധീനിക്കുന്നു: മന്ത്രി



## സ്റ്റാൾ നമ്പർ 84

# അറിയാം പ്ലാസ്റ്റിക്കിനെ





## ശ്രദ്ധേയമായി എൻഎസ്എസ് സ്റ്റാൾ

GENERATOR FOR SALE

A well-maintained 250 KVA Diesel Generator is available for immediate sale.

Make: Cummins
Model: 2009
Condition: Excellent
Running hours: 2915 hrs

Service:
By cummins Authorized service partner

CONTACT: 94005 98731

ദേശാഭിമാനി

## എണിയും പാമ്പും കളിക്കാം, അറിവ് നേടാം



## മണ്ണിലലിഞ്ഞു പോകും ഹരിത കുപ്പി

# തുടരും വൃത്തി

Vruthi 2025



## സ്വകാര്യമൂലധന നിക്ഷേപം മാലിന്യസംസ്കരണത്തിൽ മാറ്റമുണ്ടാക്കും: മന്ത്രി

## സമാപന സമ്മേളനം ഇന്ന്, പ്രദർശനം നാളെ കൂടി



## മാലിന്യപ്ലാന്റുകൾ: സർക്കാരിന്റെ സമവായ ശ്രമം ഫലപ്രാപ്തിയിലേക്ക്

മലയാള മനോരമ



തദ്ദേശവകുപ്പ് സംഘടിപ്പിച്ച 'വൃത്തി' കോൺക്ലേവിന്റെ സമാപന സമ്മേളനം ഗവർണർ രാജേന്ദ്ര അർലേക്കർ ഉദ്ഘാടനം ചെയ്യുന്നു. വി.കെ.പ്രശാന്ത് എംഎൽഎ, മന്ത്രി എം.ബി.രാജേഷ്, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, തദ്ദേശവകുപ്പ് സ്പെഷൽ സെക്രട്ടറി ടി.വി.അനുപമ എന്നിവർ സമീപം. ചിത്രം: മനോരമ

## വൃത്തി ദേശീയ കോൺക്ലേവ് സമാപിച്ചു

# മാലിന്യ സംസ്കരണത്തിൽ കേരളം മാതൃക: ഗവർണർ

**മനോരമ ലേഖകൻ**

തിരുവനന്തപുരം ● വൃത്തി ഒരു ശീലമായി മാറണമെന്നും എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തമാണെന്ന ബോധമുണ്ടാകണമെന്നും ഗവർണർ രാജേന്ദ്ര അർലേക്കർ. തദ്ദേശവകുപ്പിന്റെ വൃത്തി ദേശീയ കോൺക്ലേവിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മാലിന്യ സംസ്കരണത്തിൽ കേരളം രാജ്യത്തിനു തന്നെ മാതൃകയാണ്. ഉറവിട കേന്ദ്രീകൃതമായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ വ്യാപകമാക്കണം. ഗവർണർ പറഞ്ഞു.

കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷൻ ഡോക്യുമെന്റ് ഗവർണർ പ്രകാശനം ചെയ്തു. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള മാലിന്യ സംസ്കരണ അവാർഡുകൾ ഗവർണർ സമ്മാനിച്ചു. മന്ത്രി എം.ബി.രാജേഷ് അധ്യക്ഷനായി. വി.കെ.പ്രശാന്ത് എംഎൽഎ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, തദ്ദേശവകുപ്പ് സ്പെഷൽ സെക്രട്ടറി ടി.വി.അനുപമ തുടങ്ങിയവർ പ്രസംഗിച്ചു.

### മാലിന്യ നിർമാർജന രംഗത്ത് 5,000 കോടിയുടെ വാഗ്ദാനം

മാലിന്യ നിർമാർജനരംഗത്ത് 5000 കോടിയിലധികം രൂപയുടെ നിക്ഷേപത്തിനു സന്നദ്ധത അറിയിച്ച് വാഗ്ദാനവുമായി കമ്പനികൾ. വൃത്തി കോൺക്ലേവിന്റെ ഭാഗമായുള്ള ബിസിനസ് മീറ്റിൽ പങ്കെടുക്കുമ്പോഴാണ് കമ്പനികൾ ഇക്കാര്യം വാഗ്ദാനം ചെയ്തത്. 79 പ്രമുഖ കമ്പനികളിൽ നിന്നായി 142 പേർ പങ്കെടുത്തു. രണ്ട് സെഷനുകളിലായി നടന്ന പരിപാടിയിൽ ആദ്യം നിക്ഷേപകരുമായും രണ്ടാമത് സ്റ്റാർട്ട് അപ് സംരംഭകരുമായി നടന്ന ചർച്ചകളിലാണ് നിക്ഷേപക സന്നദ്ധത കമ്പനികൾ അറിയിച്ചത്.

സംസ്ഥാനത്തെ മികച്ച ഹരിത സഹായ സ്ഥാപനമായി പാലക്കാട് മുണ്ടൂരിലെ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററിനെ(ഐആർടിസി) തിരഞ്ഞെടുത്തു. സംസ്ഥാനത്ത് ഏറ്റവും മികച്ച മാലിന്യ സംസ്കരണ പ്രവർത്തനം നടപ്പാക്കിയ തദ്ദേശസ്ഥാപനത്തിനുള്ള പുരസ്കാരത്തിന് എറണാകുളം ആമ്പല്ലൂർ പഞ്ചായത്തും ഗുരുവായൂർ മുനിസിപ്പാലിറ്റിയും കോഴിക്കോട് കോർപറേഷനും അർഹരായി. പഞ്ചായത്തുകളിൽ കോഴിക്കോട് മണിയൂർ രണ്ടാം സ്ഥാനവും ആലപ്പുഴ പുന്നപ്ര സൗത്ത് പഞ്ചായത്ത് മൂന്നാം സ്ഥാനവും നേടി. കണ്ണൂർ ആന്തൂരും മലപ്പുറം പെരിന്തൽമണ്ണയും മുനിസിപ്പാലിറ്റികളുടെ വിഭാഗത്തിൽ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. കോർപറേഷൻ വിഭാഗത്തിൽ തൃശൂർ കോർപറേഷനാണ് രണ്ടാം സ്ഥാനം. ആറ്റുകാൽ പൊങ്കാല, സംസ്ഥാന സ്കൂൾ കലോത്സവം എന്നീ പരിപാടികളുമായി ബന്ധപ്പെട്ട് മികച്ച മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തിയ തിരുവനന്തപുരം കോർപറേഷന് പ്രത്യേക പുരസ്കാരം ലഭിച്ചു. കനകക്കുന്നിൽ നടക്കുന്ന വൃത്തി കോൺക്ലേവിനോട് അനുബന്ധിച്ചുള്ള പ്രദർശനങ്ങൾ ഇന്നു കൂടി തുടരും.

Mathrubhumi
മാതൃഭൂമി

## വൃത്തി കോൺക്ലേവ്

# മാലിന്യസംസ്കരണം; ആശയങ്ങളിൽ സമവായം

**തിരുവനന്തപുരം** ▸ മാലിന്യസംസ്കരണത്തിൽ ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ കൂട്ടായപരിശ്രമം വേണമെന്ന് ചർച്ചയിൽ 'സമവായം'. വൃത്തി കോൺക്ലേവിനോടനുബന്ധിച്ച് സംഘടിപ്പിച്ച സമവായം ചർച്ചയിലാണ് വിവിധ രാഷ്ട്രീയ പ്രതിനിധികൾ ആശയങ്ങൾ പങ്കുവെച്ചത്.

മാലിന്യനിർമാർജന പദ്ധതികളെ എതിർക്കുന്നതിലാണ് പലയിടത്തും രാഷ്ട്രീയകക്ഷികളുടെയും ജനപ്രതിനിധികളുടെയും സമവായം വേണ്ടിവരുന്നതെന്ന് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. ആളുകളുടെ മനോഭാവത്തിൽ സാവകാശം മാത്രമാണ് മാറ്റങ്ങളുണ്ടാകുന്നതെന്നും അദ്ദേഹം പറഞ്ഞു. എം.എൽ.എമാരായ ആന്റണി രാജു, കെ.പി. മോഹനൻ, മോൻസ് ജോസഫ്, കോഴിക്കോട് മേയർ ബീനാ ഫിലിപ്പ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. മാതൃഭൂമി ന്യൂസ് എക്സിക്യൂട്ടീവ് എഡിറ്റർ രാജീവ് ദേവരാജ് മോഡറേറ്ററായിരുന്നു.

### ആശയങ്ങളുമായി വേസ്റ്റത്തൺ

മാലിന്യസംസ്കരണത്തിലെ നൂതനാശയങ്ങളുടെ മത്സരവേദിയാണ് വേസ്റ്റത്തൺ. 20 ദിവസത്തിനുള്ളിൽ മാലിന്യം സംസ്കരിച്ച് വളമാക്കുന്ന ടേബിൾ ടോപ് സ്മാർട്ട് കമ്പോസ്റ്റ് ബിൻ, അറവുമാലിന്യങ്ങളും മത്സ്യാവശിഷ്ടങ്ങളും പഴം-പച്ചക്കറി മാലിന്യവും കുറഞ്ഞ സമയത്തിനുള്ളിൽ വളമായും കന്നുകാലികൾക്കുള്ള തീറ്റയായും സംസ്കരിച്ചെടുക്കാനുള്ള സംവിധാനം തുടങ്ങിയ ആശയങ്ങളും ശ്രദ്ധേയമായി. വിവിധ സ്റ്റാർട്ടപ്പുകൾ, വ്യക്തികളും സ്ഥാപനങ്ങളും, വിദ്യാർഥികൾ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളായാണ് വേസ്റ്റത്തണിൽ മത്സരിക്കുന്നത്. 11 അവതരണങ്ങളാണ് വ്യാഴാഴ്ച നടന്നത്.

മികച്ചആശയത്തിന് ഒരു ലക്ഷം രൂപയാണ് സമ്മാനം. രണ്ടും മൂന്നും സ്ഥാനക്കാർക്കു യഥാക്രമം 50000, 30000 രൂപയും ലഭിക്കും. മാസ്കറ്റ് ഹോട്ടലാണ് വേസ്റ്റത്തൺ മത്സരവേദി.




▶ വൃത്തി കോൺക്ലേവിനെത്തിയ ആറ്റിങ്ങൽ നഗരസഭയിലെ ശുചീകരണ തൊഴിലാളികൾ കനകക്കുന്നിലെ ഗേറ്റിൽ പ്ലാസ്റ്റിക് മാലിന്യം പുനരുപയോഗിച്ചു നിർമിച്ച ഇൻസ്റ്റലേഷനു മുന്നിൽനിന്ന് ഫോട്ടോയെടുക്കുന്നു

## 'വൃത്തിയൂർ' മാതൃകാ ഗ്രാമം

▸ ഒരു ഗ്രാമത്തിലെ വീടുകൾ, സ്ഥാപനങ്ങൾ, പൊതുവിടങ്ങൾ എന്നിവിടങ്ങളിലെ ശുചിത്വാവബോധവും മികച്ച മാതൃകകളും പരിചയപ്പെടുത്തുകയാണ് 'വൃത്തിയൂർ' എന്ന മാതൃകാ ഗ്രാമത്തിലൂടെ. മാലിന്യസംസ്കരണ സംവിധാനത്തിലെ മുഴുവൻ രീതികളെയും ഉൾക്കൊള്ളിച്ചുകൊണ്ടാണ് പാലക്കാട് ഐ.ആർ.ടി.സി ഈ ഹ്രസ്വമാതൃക തയ്യാറാക്കിയിരിക്കുന്നത്. മാലിന്യസംസ്കരണത്തിലെ പരമ്പരാഗത-നൂതന സാങ്കേതികവിദ്യകളെ കോർത്തിണക്കി ഓരോ ഭൂപ്രദേശവും മാലിന്യമുക്തമാക്കുന്നതെങ്ങനെയെന്ന് ഈ ഗ്രാമം കാഴ്ചക്കാരെ പരിചയപ്പെടുത്തുന്നു.

പഞ്ചായത്തെന്നോ മുനിസിപ്പാലിറ്റിയെന്നോ നഗരസഭയെന്നോ വ്യത്യാസമില്ലാതെ, വീടുകൾ, വ്യവസായ സ്ഥാപനങ്ങൾ, നഗരകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ മാലിന്യസംസ്കരണ രീതികൾ പ്രയോജനപ്പെടുത്തി വിവിധ മാതൃകകളാണ് ഇവിടെ സജ്ജമാക്കിയിട്ടുള്ളത്. മലിനജലം ശുദ്ധീകരിച്ച് ഭൂഗർഭ ജലസ്രോതസ്സുകളിലേക്കു പുനരുപയോഗിക്കാവുന്ന സോക്ക്പിറ്റുകൾ, മഴവെള്ളസംഭരണികൾ തുടങ്ങി വിവിധ മാതൃകകൾ ഇവിടെ ഒരുക്കിയിട്ടുണ്ട്.

## വൃത്തി കോൺക്ലേവ് 2025

# മാലിന്യസംസ്കരണം; ബോധവത്കരണം മുതൽ പരിഹാരം വരെ

**പ്രദർശനങ്ങൾ ഇന്നുകൂടി**

തിരുവനന്തപുരം: പച്ചപ്പും ശുദ്ധിയുമുള്ള തെളിനീരുമായി സുന്ദരമായിരുന്ന നമ്മുടെ നാടിന് എന്തുപറ്റിയെന്ന ചിന്ത കാഴ്ചക്കാരിൽ ജനിപ്പിക്കുകയാണ് വൃത്തി 2025 ലെ പ്രദർശനങ്ങൾ. ഒപ്പം ഏതുതരം മാലിന്യത്തെയും ശാസ്ത്രീയമായി കൈകാര്യം ചെയ്യാനുള്ള സാങ്കേതിക വിദ്യകളും നൂതന മാർഗങ്ങളും എന്തൊക്കെയാണെന്നും പ്രദർശന സ്റ്റാളുകൾ കാണിച്ചുതരുന്നു. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ രംഗത്ത് ചെയ്തുവരുന്ന കാര്യങ്ങളും പ്രദർശനത്തിലുണ്ട്.




സമാപന സമ്മേളനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യുന്നു. വി.കെ. പ്രശാന്ത് എംഎൽഎ, മന്ത്രി എം.ബി. രാജേഷ്, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ എന്നിവർ വേദിയിൽ.

മാലിന്യസംസ്കരണത്തിലെ പരമ്പരാഗത-നൂതന വിദ്യകളെ കോർത്തിണക്കി ശാസ്ത്രീയവും മാലിന്യമുക്തവുമാക്കുകയെന്ന ലക്ഷ്യത്തിന്റെ മാതൃകയാണ് വൃത്തിയുടെ ഗ്രാമം. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുകയും ഉത്തരവാദിത്വബോധത്തോടെയുള്ള സംസ്കരണ രീതി കാണിച്ചു തരികയുമാണ് ഇക്കോബ്രിക്സ് സ്റ്റാൾ. വീട്ടിലെത്തുന്ന പ്ലാസ്റ്റിക് ഇക്കോബ്രിക് ആക്കി മാറ്റുന്നതെങ്ങനെയെന്ന് ഈ സ്റ്റാളിൽ കാണാം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാസ്ത്രീയ മാലിന്യ സംസ്കരണ പദ്ധതികളാണ് ഗ്രീൻവേംസ് അവതരിപ്പിച്ചത്. അജൈവമാലിന്യങ്ങൾക്ക് മികച്ച മൂല്യം നൽകി റീസൈക്ലിങ് സാധ്യമായവയുടെ പുനഃചംക്രമണം സാധ്യമാക്കുന്നത് മുതൽ ഹരിത കർമസേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണവുമെല്ലാം അവർ നിർവഹിക്കുന്നു. സ്ഥിരം പ്രദർശനങ്ങളിൽ നിന്ന് ഭിന്നമായി ബോധവത്കരണ പാഠങ്ങളെ സാങ്കേതികവിദ്യയുടെ കാണികളിൽ അനുഭവവേദ്യമാക്കുകയാണ് മിക്സഡ് റിയാലിറ്റിയിലൂടെ. മാലിന്യങ്ങൾ ശാസ്ത്രീയമായി നീക്കുന്നതിനെ സംബന്ധിച്ചുള്ളതാണ് പ്രദർശനം. മാലിന്യം കുറച്ചു കൊണ്ട് പ്രകൃതിസൗഹൃദ രീതികളെ സ്വീകരിച്ചുകൊണ്ട്, ഓർഗാ പോലുള്ളവയുടെ ഉപയോഗത്തെ പ്രയോജനപ്പെടുത്തുന്ന സംവിധാനങ്ങളും പ്രദർശനത്തിൽ വിസ്മയങ്ങൾ തീർക്കുകയാണ്.

തിരുവനന്തപുരം നഗരസഭയുടെ അത്യാധുനിക ജെറ്റർ സക്കർ മലിന ജല ശേഖരണ വാഹനം, കൊച്ചി നഗരസഭയുടെ സ്ട്രീറ്റ് സ്വീപ്പിങ് മെഷീൻ തുടങ്ങിയവയും പ്രദർശനത്തിലുണ്ട്.

# മാലിന്യസംസ്കരണത്തിന്റെ കേരള മോഡൽ മറ്റ് സംസ്ഥാനങ്ങളെ സ്വാധീനിക്കുന്നു: മന്ത്രി എം.ബി. രാജേഷ്

തിരുവനന്തപുരം: കേരളം വികേന്ദ്രീകൃതവും ജനകീയവുമായ മാലിന്യസംസ്കരണ മോഡൽ സൃഷ്ടിക്കുകയാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ്. കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന ദേശീയ ക്ലീൻ കേരള കോൺക്ലേവ് "വൃത്തി 2025" ന്റെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാലിന്യസംസ്കരണത്തിന്റെ ഈ കേരള മോഡൽ ഇതിനകം മറ്റു സംസ്ഥാനങ്ങളെ സ്വാധീനിക്കുന്നുണ്ട്. തമിഴ്നാട് സംസ്ഥാനം കേരള മാതൃകയിൽ ക്ലീൻ തമിഴ്നാട് മിഷൻ ആരംഭിച്ചതായും അദ്ദേഹം പറഞ്ഞു. അടിത്തട്ട് മുതൽ തുടങ്ങി മുകൾതട്ട് വരെ എത്തിയ ഒരു ജനകീയ യത്നത്തിന്റെ അധ്യായമാണ് വൃത്തി 2025 കോൺക്ലേവ് നടന്നത്. വൃത്തി ക്ലീൻ കേരള കോൺക്ലേവ് 2025 ൽ നടന്ന ബിസിനസ് മീറ്റിൽ 2900 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചു.

ജനങ്ങളെ മുഴുവൻ പങ്കാളികളാക്കുമ്പോഴാണ് പൂർണതോതിൽ വിജയിക്കാൻ കഴിയുകയെന്നും അദ്ദേഹം പറഞ്ഞു. യൂറോപ്യ മാതൃകകളിൽ നിന്ന് കേരളമാകെ വിജയകരമായ ഒരു മാതൃകയ്ക്ക് ഗതിവേഗം കൈവന്നിരിക്കുകയാണ്. ബ്രഹ്മപുരം മാലിന്യ പ്ലാന്റിന്റെ തീപിടിത്തത്തിന് ശേഷം ഈ അപകടത്തെ സർക്കാർ ദൃഢനിശ്ചയത്തോടെ അവസരമാക്കി മാറ്റുകയായിരുന്നു. അവിടെ നിന്ന് തുടങ്ങിയ മുന്നേറ്റം വലിയ വിജയത്തിലെത്തുകയാണെന്നും അദ്ദേഹം പറഞ്ഞു. മാലിന്യ സംസ്കരണത്തിനുള്ള അത്യാധുനിക സാങ്കേതികവിദ്യകളെക്കുറിച്ചുള്ള ആകർഷകമായ അവതരണങ്ങൾ നടത്താനും കോൺക്ലേവിന് കഴിഞ്ഞതായി അദ്ദേഹം പറഞ്ഞു.

മാലിന്യ സംസ്കരണം മികച്ച രീതിയിൽ നടപ്പാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡുകൾ ഗവർണർ സമർപ്പിച്ചു. മികച്ച ഗ്രാമപഞ്ചായത്തിനുള്ള ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം ആമ്പല്ലൂർ, മണിയൂർ, പുന്നപ്ര പഞ്ചായത്തുകൾ നേടി. മികച്ച മുനിസിപ്പാലിറ്റിക്കുള്ള അവാർഡ് ഗുരുവായൂർ, ആന്തൂർ, പെരുന്തൽമണ്ണ മുനിസിപ്പാലിറ്റികളും മികച്ച കോർപ്പറേഷനുകളായി കോഴിക്കോട്, തൃശ്ശൂർ കോർപ്പറേഷനുകളും, തിരുവനന്തപുരം കോർപ്പറേഷന് ആറ്റുകാൽ പൊങ്കാല, സ്കൂൾ യുവജനോത്സവം എന്നീ വലിയ പരിപാടികൾ സംബന്ധിച്ച മാലിന്യ നിർമാർജനം വിജയകരമായി നടപ്പാക്കിയതിനുള്ള പ്രത്യേക അവാർഡും കൈമാറി. കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷൻ ഡോക്യുമെന്റ് ഗവർണർ പ്രകാശനം ചെയ്തു.

വി.കെ. പ്രശാന്ത് എംഎൽഎ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ ടി.വി. തുടങ്ങിയവർ പങ്കെടുത്തു.

MAGZTER

ദേശാഭിമാനി

# ഇവിടെ എൽഇഡി ബൾബിന് ചികിത്സയുണ്ട്



# വൃത്തിയൂരിനെ കണ്ട് പഠിക്കാം



# ഇന്ന് 11 സെമിനാർ; ബിസിനസ് മീറ്റ്



# 'നിയമം നടപ്പാക്കാൻ ജനം സഹകരിക്കണം'

# ബോധവൽക്കരണം അനിവാര്യം

# 'വൃത്തിയുടെ' വാഹകരായി മാധ്യമ പ്രവർത്തകരും

# വാട്ട് ആൻ ഐഡിയ

# മാലിന്യസംസ്കരണത്തിന്റെ കേരളാ മോഡൽ മറ്റ് സംസ്ഥാനങ്ങളെ സ്വാധീനിക്കുന്നു: മന്ത്രി എം ബി രാജേഷ്

**തിരുവനന്തപുരം:** കേരളം വികേന്ദ്രീകൃതവും ജനകീയവുമായ മാലിന്യസംസ്കരണ മോഡൽ സൃഷ്ടിക്കുകയാണെന്ന് തദ്ദേശ സ്വയംഭരണ മന്ത്രി എം. ബി. രാജേഷ്. കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന ദേശീയ ക്ലീൻ കേരള കോൺക്ലേവ് 'വൃത്തി 2025' ന്റെ സമാപന സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. മാലിന്യസംസ്കരണത്തിന്റെ ഈ കേരള മോഡൽ ഇതിനകം മറ്റ് സംസ്ഥാനങ്ങളെ സ്വാധീനിക്കുന്നുണ്ട്. തമിഴ്നാട് സംസ്ഥാനം കേരള മാതൃകയിൽ ക്ലീൻ തമിഴ്നാട് മിഷൻ ആരംഭിച്ചതായും അദ്ദേഹം പറഞ്ഞു.

വൃത്തി ക്ലീൻ കേരള കോൺക്ലേവ് 2025 ൽ നടന്ന ബിസിനസ് മീറ്റിൽ 2900 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചു. ജനങ്ങളെ മുഴുവൻ പങ്കാളികളാക്കുമ്പോഴാണ് പൂർണതോതിൽ വിജയിക്കാൻ കഴിയുകയെന്നും അദ്ദേഹം പറഞ്ഞു. ഒറ്റപ്പെട്ട മാതൃകകളിൽ നിന്ന് കേരളമാകെ വിജയകരമായ ഒരു മാതൃകയ്ക്ക് ഗതിവേഗം കൈവന്നിരിക്കുകയാണ്. ബ്രഹ്മപുരം മാലിന്യ പ്ലാന്റിന്റെ തീപിടിത്തത്തിനുശേഷം ഈ അപകടത്തെ സർക്കാർ ദൃഢ നിശ്ചയത്തോടെ അവസരമാക്കി മാറ്റുകയായിരുന്നു. അവിടെ നിന്ന് തുടങ്ങിയ മുന്നേറ്റം വലിയ വിജയത്തിലെത്തുകയാണെന്നും അദ്ദേഹം പറഞ്ഞു. മാലിന്യ സംസ്കരണത്തിനുള്ള അത്യാധുനിക സാങ്കേതികവിദ്യകളെക്കുറിച്ചുള്ള ആകർഷകമായ അവതരണങ്ങൾ നടത്താനും കോൺക്ലേവിന് കഴിഞ്ഞതായി അദ്ദേഹം പറഞ്ഞു. മാലിന്യ സംസ്കരണ പദ്ധതികൾക്കെതിരെ പ്രതിഷേധിക്കുന്ന വ്യക്തികളെയും പദ്ധതി നടപ്പാക്കുന്നവരെയും ഒരുമിപ്പിച്ച പൊതുഫോറം വിജയകരമായിരുന്നു.

കേരള കൗമുദി
Trivandrum 12 Apr 2025

# മാലിന്യസംസ്കരണത്തിൽ മാറ്റമുണ്ടാകും: മന്ത്രി രാജീവ്

തിരുവനന്തപുരം: സ്വകാര്യ മൂലധന നിക്ഷേപത്തിലൂടെ മാലിന്യസംസ്കരണ മേഖലയിൽ മാറ്റങ്ങളുണ്ടാക്കാനാകുമെന്ന് മന്ത്രി പി. രാജീവ്. ഇത് വ്യവസായം, ടൂറിസം മേഖലകൾക്ക് ഗുണമാകും. കനകക്കുന്നിൽ നടക്കുന്ന വൃത്തി 2025 കോൺക്ലേവിന്റെ ഭാഗമായി മാലിന്യ സംസ്കരണം, വെല്ലുവിളികളും നിക്ഷേപസാദ്ധ്യതകളും എന്ന വിഷയത്തിൽ സംഘടിപ്പിച്ച ബിസിനസ് മീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മാലിന്യത്തിൽ നിന്ന് വരുമാനമുണ്ടാക്കാനാകുന്ന സംരംഭങ്ങൾ വളർത്തുകയാണ് ലക്ഷ്യമെന്ന് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ. ടി.വി, കെ.എസ്.ഐ.ഡി.സി എം.ഡി എസ്.ഹരികിഷോർ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവു, കേരള ഖരമാലിന്യ സംസ്കരണ പദ്ധതി പ്രൊജക്ട് ഡയറക്ടർ ദിവ്യ.എസ്.അയ്യർ, മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ് എം.സി. ദത്തൻ, സ്റ്റാർട്ടപ്പ് മിഷൻ സി.ഇ.ഒ അനൂപ് അംബിക, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു.വി. ജോസ് തുടങ്ങിയവർ പങ്കെടുത്തു.

## വൃത്തി 2025:സമാപന സമ്മേളനം ഇന്ന്

വൃത്തി 2025 കോൺക്ലേവിന്റെ സമാപനസമ്മേളനം ഇന്ന് വൈകിട്ട് 5ന് നിശാഗന്ധിയിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും. മന്ത്രി എം.ബി രാജേഷ് അദ്ധ്യക്ഷനാകും. കോൺക്ലേവിന്റെ ഭാഗമായുള്ള പരിപാടികൾ നാളെയും തുടരും. നിശാഗന്ധിയിൽ ചലച്ചിത്രതാരം റിമ കല്ലിങ്കലിന്റെ നേതൃത്വത്തിൽ നൃത്ത സന്ധ്യ അരങ്ങേറും.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Trivandrum

# സ്വകാര്യമൂലധന നിക്ഷേപം മാലിന്യസംസ്കരണത്തിൽ മാറ്റമുണ്ടാക്കും: മന്ത്രി പി.രാജീവ്

**തിരുവനന്തപുരം:** മാലിന്യ സംസ്കരണ മേഖലയിൽ സ്വകാര്യ മൂലധനനിക്ഷേപത്തിലൂടെ കൂടുതൽ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കുമെന്നും ഇത് വ്യവസായം, ടൂറിസം തുടങ്ങിയ മേഖലകൾക്കും ഗുണകരമാകുമെന്നും വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞു. വൃത്തി 2025 കോൺക്ലേവിന്റെ ഭാഗമായി മാലിന്യ സംസ്കരണം, വെല്ലുവിളികളും നിക്ഷേപ സാധ്യതകളും എന്ന വിഷയത്തെ അടിസ്ഥാനമാക്കി സംഘടിപ്പിച്ച ബിസിനസ് മീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിലും ശുചിത്വ ബോധത്തിലും കേരളത്തിൽ മികച്ച മാറ്റങ്ങളുണ്ടായിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. മുൻകാലങ്ങളിൽ കേരളത്തിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ മാലിന്യങ്ങളെക്കാൾ മോശപ്പെട്ട അവസ്ഥയിലായിരുന്നു. ഇത് ഈ വിഷയത്തിലുള്ള പൊതുജനങ്ങളുടെ കാഴ്ചപ്പാടിനെ സ്വാധീനിക്കുകയും ചെയ്തിരുന്നു. എന്നാൽ ഫലപ്രദവും വിജയകരവുമായ മികച്ച മാലിന്യ സംസ്കരണ മാതൃകകൾ അവതരിപ്പിക്കാൻ സാധിച്ചതിലൂടെ ജനങ്ങളുടെ കാഴ്ചപ്പാട് മാറ്റിയെടുക്കാനായെന്ന് മന്ത്രി പറഞ്ഞു.

ആധുനികവും ശാസ്ത്രീയവുമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിൽ സ്വകാര്യ മേഖലയ്ക്ക് വലിയ പങ്കുവഹിക്കാനുണ്ടെന്ന് ചടങ്ങിൽ അദ്ധ്യക്ഷനായ തദ്ദേശ സ്വയംഭരണ മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. മാലിന്യത്തിൽനിന്ന് വരുമാനം സൃഷ്ടിക്കാൻകഴിയുന്ന സംരംഭങ്ങൾ വളർത്തുക എന്നത് സർക്കാരിന്റെ ലക്ഷ്യമാണെന്നും അദ്ദേഹം പറഞ്ഞു. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ, കെഎസ്ഐഡിസി എംഡി എസ്. ഹരികിഷോർ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവു, കേരള ഖരമാലിന്യ സംസ്കരണ പദ്ധതി പ്രോജക്ട് ഡയറക്ടർ ദിവ്യ എസ്. അയ്യർ, മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ് എം.സി. ദത്തൻ, സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു.വി. ജോസ് തുടങ്ങിയവർ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്തു.

# സ്വകാര്യമൂലധന നിക്ഷേപം മാലിന്യ സംസ്കരണത്തിൽ മാറ്റമുണ്ടാക്കും: മന്ത്രി പി രാജീവ്

തിരുവനന്തപുരം: മാലിന്യ സംസ്കരണ മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപത്തിലൂടെ കൂടുതൽ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കുമെന്നും ഇത് വ്യവസായം, ടൂറിസം തുടങ്ങിയ മേഖലകൾക്കും ഗുണകരമാകുമെന്നും വ്യവസായ മന്ത്രി പി രാജീവ് പറഞ്ഞു. വൃത്തി 2025 കോൺക്ലേവിന്റെ ഭാഗമായി മാലിന്യ സംസ്കരണം, വെല്ലുവിളികളും നിക്ഷേപ സാധ്യതകളും എന്ന വിഷയത്തെ അടിസ്ഥാനമാക്കി സംഘടിപ്പിച്ച ബിസിനസ് മീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിലും ശുചിത്വ ബോധത്തിലും കേരളത്തിൽ മികച്ച മാറ്റങ്ങളുണ്ടായിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. മുൻ കാലങ്ങളിൽ കേരളത്തിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ മാലിന്യങ്ങളേക്കാൾ മോശപ്പെട്ട അവസ്ഥയിലായിരുന്നു. ഇത് ഈ വിഷയത്തിലുള്ള പൊതുജനങ്ങളുടെ കാഴ്ചപ്പാടിനെ സ്വാധീനിക്കുകയും ചെയ്തിരുന്നു. എന്നാൽ ഫലപ്രദവും വിജയകരവുമായ മികച്ച മാലിന്യ സംസ്കരണ മാതൃകകൾ അവതരിപ്പിക്കാൻ സാധിച്ചതിലൂടെ ജനങ്ങളുടെ കാഴ്ചപ്പാട് മാറ്റിയെടുക്കാനായെന്ന് മന്ത്രി പറഞ്ഞു.

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് അധ്യക്ഷനായി. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ ടി വി, കെഎസ്ഐഡിസി എംഡി എസ് ഹരികിഷോർ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവു, കേരള ഖരമാലിന്യ സംസ്കരണ പദ്ധതി പ്രോജക്ട് ഡയറക്ടർ ദിവ്യ എസ് അയ്യർ, മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ് എം സി ദത്തൻ, സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു വി ജോസ് തുടങ്ങിയവർ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്തു.

തുടർന്ന് നടന്ന പാനൽ ചർച്ചയിൽ വാഷ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശശാങ്ക വെലിനാട്ടു മോഡറേറ്ററായി. മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ് എം സി ദത്തൻ, ബിപിസിഎൽ ജനറൽ മാനേജർ സായ് പ്രകാശ്, ആന്റണി വേയ്സ്റ്റ് ഹാൻഡ്ലിങ് സെൽ ലിമിറ്റഡ് വൈസ് പ്രസിഡന്റ് എൻ എൻ റാവു, റീ സസ്റ്റൈനബിലിറ്റി ലിമിറ്റഡിന്റെ തലവൻ സഞ്ജീവ്കുമാർ സിങ്, ബ്ലൂ പ്ലാനറ്റ് എൻവയോൺമെന്റ് സൊല്യൂഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സിഇഒ പ്രശാന്ത് സിങ്, ആള്ളൂർ സയന്റിഫിക് എനർജി ടെക്നോളജീസ് സീനിയർ വൈസ് പ്രസിഡന്റ് അശോക് ചൗധരി എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## മാലിന്യപ്ലാന്റുകൾ: സർക്കാരിന്റെ സമവായ ശ്രമം ഫലപ്രാപ്തിയിലേക്ക്

മാലിന്യ സംസ്കരണ പ്ലാന്റുകൾക്കെതിരെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ എതിർപ്പുയർത്തുന്നവരെ കാര്യങ്ങൾ ബോധ്യപ്പെടുത്താനുള്ള സർക്കാരിന്റെ ശ്രമം വിജയത്തിലേക്ക്. വൃത്തി കോൺക്ലേവിനോടനുബന്ധിച്ച് മന്ത്രി എം ബി രാജേഷ് വിളിച്ചുചേർത്ത യോഗത്തിൽ തങ്ങളുടെ ആശങ്കകൾ പരിഹരിക്കാൻ സർക്കാർ തുറന്ന സമീപനം സ്വീകരിക്കുന്നതിൽ സന്തോഷമുണ്ടെന്ന് വിവിധ മേഖലകളിൽ നിന്നെത്തിയവർ പ്രതികരിച്ചു.

മാലിന്യപ്ലാന്റ് നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട് എതിർപ്പുമായി രംഗത്തുള്ളവരും പരിപാടിയിൽ പങ്കെടുത്തു. മുട്ടത്തറ പ്ലാന്റ് സന്ദർശിച്ചതിലൂടെയും വിജയകരമായി പ്ലാന്റ് സ്ഥാപിക്കാനായ സ്ഥലങ്ങളിൽ നിന്നെത്തിയവരുടെ അനുഭവങ്ങളിലൂടെയും മറ്റ് സ്ഥലങ്ങളിലുള്ളവരുടെ തെറ്റിദ്ധാരണകൾ മാറ്റാൻ യോഗത്തിന് സാധിച്ചു.

സംസ്ഥാനത്തെ മികച്ച മാലിന്യ സംസ്കരണ മാതൃകകൾ ജനനേതാക്കൾ സന്ദർശിക്കണമെന്ന് മന്ത്രി എം ബി രാജേഷ് യോഗത്തിൽ ആവശ്യപ്പെട്ടു. പ്രതിഷേധിക്കുന്നവരുമായി തുറന്ന ചർച്ചകൾക്ക് സർക്കാർ ഇനിയും തയ്യാറാണെന്നും മന്ത്രി പറഞ്ഞു.

കേരളകൗമുദി
Trivandrum
13 Apr 2025

# മാലിന്യ സംസ്കരണ മേഖലയിലേക്ക് നിക്ഷേപ ഒഴുക്ക്

▸ഗോകുൽകൃഷ്ണ.യു.എസ്

## സംസ്ഥാനത്ത് 5000 കോടി രൂപ നിക്ഷേപിക്കാൻ കമ്പനികൾ

തിരുവനന്തപുരം: കേരളത്തിന് കടുത്ത വെല്ലുവിളി സൃഷ്ടിക്കുന്ന മാലിന്യ സംസ്കരണ മേഖലയിൽ 5,000 കോടി രൂപയുടെ നിക്ഷേപത്തിനൊരുങ്ങി വൻകിട കമ്പനികൾ. റീസസ്റ്റൈനബിലിറ്റി പ്രൈവറ്റ് ലിമിറ്റഡ്, ബി.പി.സി.എൽ, മലബാർ സിമന്റ്സ് എന്നീ പ്രധാന കമ്പനികളാണ് നിക്ഷേപ താത്പര്യം പ്രകടിപ്പിച്ചത്. സംസ്ഥാന തദ്ദേശ സ്വയംഭരണവകുപ്പ് തിരുവനന്തപുരം കനകക്കുന്നിൽ സംഘടിപ്പിക്കുന്ന 'വൃത്തി' അന്താരാഷ്ട്ര 'ക്ലീൻ കേരള കോൺക്ലേവി'ലെ ബിസിനസ് മീറ്റിലാണ് കമ്പനികൾ സന്നദ്ധത അറിയിച്ചത്.

ഇതനുസരിച്ച് തദ്ദേശ,വ്യവസായ വകുപ്പ് സംയുക്തമായി തയ്യാറാക്കുന്ന പദ്ധതികളിൽ കമ്പനികളുമായി ധാരണപത്രം ഒപ്പുവയ്ക്കും.

തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ നടന്ന പരിപാടിയിൽ 79 പ്രമുഖ കമ്പനികളിലെ 142 പേർ പങ്കെടുത്തു. രണ്ട് സെഷനുകളിൽ നിക്ഷേപകരും സ്റ്റാർട്ട് അപ് സംരംഭകരുമായി നടന്ന ചർച്ചകളിലാണ് കമ്പനികൾ നിക്ഷേപക സന്നദ്ധത അറിയിച്ചത്.



### മാലിന്യ പ്ലാന്റുകൾക്ക് മുൻതൂക്കം

മനുഷ്യനും പ്രകൃതിയ്ക്കും ദോഷം വരാത്ത രീതിയിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് പ്രാമുഖ്യം. തിരുവനന്തപുരം മുട്ടത്തറയിലെ നഗരസഭയുടെ വലിയ മാലിന്യ സംസ്കരണ പ്ലാന്റ് ഹരിത സൗഹൃദമാണ്. ഇതിന്റെ തുടർച്ചയായാണ് കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നത്.

### പ്രധാന പദ്ധതികൾ

1. ഖരമാലിന്യം പ്രത്യേക രീതിയിൽ സംസ്കരിച്ച് ഇന്ധനം ഉത്പാദിപ്പിക്കുന്ന റെഫ്യൂസ് ഡിറൈവ്ഡ് ഫ്യൂവൽ പ്ലാന്റ് (ആർ.ഡി.എഫ്)
2. സാനിറ്ററി - സെപ്റ്റേജ്, ഡ്രെയിനേജ്, സാനിറ്ററി നാപ്കിൻ സംസ്കരണ പ്ലാന്റുകൾ
3. ജൈവ അജൈവ മാലിന്യ സംസ്കരണത്തിന് കൂടുതൽ പ്ലാന്റുകൾ
4. റീസൈക്ലിംഗ് - അപ് സൈക്ലിംഗ് സംരംഭങ്ങൾ, മൊബൈൽ ട്രീറ്റ്മെന്റ് പ്ലാന്റുകൾ

### സംസ്കരണം 23% മാത്രം

- സംസ്ഥാനത്ത് ദിനംപ്രതി സൃഷ്ടിക്കുന്നത് 10,000 ടൺ മാലിന്യം
- ഇതിൽ 7500 ടൺ ജൈവ മാലിന്യവും 2500 ടൺ അജൈവ മാലിന്യവുമാണ്.
- വീടുകളും സ്ഥാപനങ്ങളുമുൾപ്പെടെയുള്ള സ്ഥലങ്ങളിലെ 23 ശതമാനം മാലിന്യമാണ് സംസ്കരിക്കുന്നത്

# മാലിന്യ നിർമാർജനം: കമ്പനികൾ നിക്ഷേപിക്കുക 5000 കോടിയിലധികം

തിരുവനന്തപുരം: മാലിന്യ നിർമാർജന രംഗത്ത് 5000 കോടിയിലധികം രൂപയുടെ നിക്ഷേപത്തിന് സന്നദ്ധത അറിയിച്ച് വൻ കമ്പനികൾ രംഗത്ത്. സാനിറ്ററി, ആർഡിഎഫ്, ജൈവ-അജൈവ മാലിന്യം, സംയോജിത മാലിന്യ നിർമാർജന പ്ലാന്റുകൾ, വേസ്റ്റ് ടു എനർജി പ്ലാന്റുകൾ, ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ, റീസൈക്ലിങ്-അപ് സൈക്ലിങ് സംരംഭങ്ങൾ, മൊബൈൽ ട്രീറ്റ്മെന്റ് പ്ലാന്റുകൾ, മറ്റ് മാലിന്യ നിർമാർജന പദ്ധതികളിലെല്ലാം നിക്ഷേപിക്കാൻ തയാറായാണ് വിവിധ കമ്പനികൾ മുന്നോട്ടുവന്നിരിക്കുന്നത്.

റീസസ്റ്റെയ്നബിലിറ്റി പ്രൈ ലി, ബിപിസിഎൽ, മലബാർ സിമന്റ്സ് എന്നീ പ്രധാന കമ്പനികൾ ഉൾപ്പെടെയാണ് വലിയ രീതിയിലുള്ള നിക്ഷേപം നടത്താനായി മുന്നോട്ടുവന്നിരിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പ് കനകക്കുന്നിൽ സംഘടിപ്പിക്കുന്ന 'വൃത്തി' അന്താരാഷ്ട്ര ക്ലീൻ കേരള കോൺക്ലേവിന്റെ ഭാഗമായുള്ള ബിസിനസ് മീറ്റിൽ പങ്കെടുത്താണ് കമ്പനികൾ സന്നദ്ധത അറിയിച്ചത്. മസ്കറ്റ് ഹോട്ടലിൽ നടന്ന പരിപാടിയിൽ 79 പ്രമുഖ കമ്പനികളിൽ നിന്നായി 142 പേർ പങ്കെടുത്തു. രണ്ട് സെഷനുകളിലായി നടന്ന പരിപാടിയിൽ ആദ്യം നിക്ഷേപകരുമായും രണ്ടാമത് സ്റ്റാർട്ടപ്പ് സംരംഭകരുമായി നടന്ന ചർച്ചകളിലാണ് നിക്ഷേപക സന്നദ്ധത കമ്പനികൾ അറിയിച്ചത്. ബിസിനസ് മീറ്റ് തദ്ദേശസ്വയംഭരണ മന്ത്രി എം.ബി. രാജേഷിന്റെ അധ്യക്ഷതയിൽ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു.

MAGZTER

# മാലിന്യ നിർമ്മാർജന രംഗത്ത് 5,000 കോടിയിലധികം നിക്ഷേപം



- സന്നദ്ധത അറിയിച്ച് കമ്പനികൾ
- ബ്രഹ്മപുരം ബയോഗ്യാസ് പ്ലാന്റ്; ത്രികക്ഷി കരാർ ഒപ്പിട്ടു

തിരുവനന്തപുരം: മാലിന്യ നിർമ്മാർജനരംഗത്ത് 5000 കോടിയിലധികം രൂപയുടെ നിക്ഷേപത്തിന് സന്നദ്ധത അറിയിച്ച് വൻകമ്പനികൾ രംഗത്ത്. സാനിറ്ററി, ആർഡിഎഫ്, ജൈവ-അജൈവ മാലിന്യം, സംയോജിത മാലിന്യനിർമ്മാർജന പ്ലാന്റുകൾ, വേസ്റ്റ് ടു എനർജി പ്ലാന്റുകൾ, ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ, റീസൈക്ലിങ്-അപ് സൈക്ലിങ് സംരംഭങ്ങൾ, മൊബൈൽ ട്രീറ്റ്മെന്റ് പ്ലാന്റുകൾ, മറ്റ് മാലിന്യ നിർമ്മാർജന പദ്ധതികളിലെല്ലാം നിക്ഷേപിക്കാൻ തയ്യാറായാണ് വിവിധ കമ്പനികൾ മുന്നോട്ട് വന്നിരിക്കുന്നത്. റീസസ്റ്റൈനബിലിറ്റി പ്രൈവറ്റ് ലി, ബിപിസിഎൽ, മലബാർ സിമന്റ്സ് എന്നീ പ്രധാന കമ്പനികൾ ഉൾപ്പെടെയാണ് വലിയ തോതിലുള്ള നിക്ഷേപം നടത്തുന്നതിനായി സന്നദ്ധരായിരിക്കുന്നത്.

തദ്ദേശ സ്വയംഭരണവകുപ്പ് തിരുവനന്തപുരം കനകക്കുന്നിൽ സംഘടിപ്പിക്കുന്ന 'വൃത്തി' അന്താരാഷ്ട്ര ക്ലീൻ കേരള കോൺക്ലേവിന്റെ ഭാഗമായുള്ള ബിസിനസ് മീറ്റിൽ പങ്കെടുത്താണ് കമ്പനികൾ സന്നദ്ധത അറിയിച്ചത്. തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ നടന്ന പരിപാടിയിൽ 79 പ്രമുഖ കമ്പനികളിൽ നിന്നായി 142 പേർ പങ്കെടുത്തു. രണ്ട് സെഷനുകളിലായി നടന്ന പരിപാടിയിൽ ആദ്യം നിക്ഷേപകരുമായും രണ്ടാമത് സ്റ്റാർട്ടപ്പ് സംരംഭകരുമായി നടന്ന ചർച്ചകളിലാണ് നിക്ഷേപക സന്നദ്ധത കമ്പനികൾ അറിയിച്ചത്.

കേരളത്തിന്റെ മാലിന്യ സംസ്കരണ മേഖലയിലെ നിർണായക ചുവടുവയ്പ്പായ കൊച്ചി ബ്രഹ്മപുരം കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് സംബന്ധിച്ച ത്രികക്ഷി കരാറും ഒപ്പുവച്ചു. സംസ്ഥാന സർക്കാരും കൊച്ചി കോർപറേഷനും ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡുമാണ് കരാറിൽ ഏർപ്പെട്ടത്. സംസ്ഥാന സർക്കാരിനു വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ ടി വി, ബിപിസിഎൽ എക്സിക്യൂട്ടീവ് ഡയറക്ടർ ശങ്കർ എം, കൊച്ചി കോർപറേഷൻ സെക്രട്ടറി പി എസ് ഷിബു എന്നിവരാണ് ത്രികക്ഷി കരാറിൽ ഒപ്പ് വച്ചത്. തദ്ദേശ സ്വയംഭരണ മന്ത്രി എം ബി രാജേഷ്, കൊച്ചി കോർപറേഷൻ മേയർ അഡ്വ. എം അനിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു.

പാട്ട വ്യവസ്ഥയിൽ കൊച്ചി കോർപറേഷൻ നൽകുന്ന 10 ഏക്കർ ഭൂമിയിലാണ് ബിപിസിഎൽ പ്ലാന്റ് നിർമിക്കുന്നത്. കൊച്ചി നഗരത്തിൽ നിന്നും ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ പ്ലാന്റിൽ സംസ്കരിക്കും. പ്രതിദിനം 150 ടൺ ജൈവ മാലിന്യം സംസ്കരിച്ച് കംപ്രസ്ഡ് ബയോഗ്യാസാക്കി മാറ്റാൻ ശേഷിയുള്ള പ്ലാന്റാണ് സ്ഥാപിക്കുന്നത്. 25 വർഷം കാലാവധി നിശ്ചയിച്ചിരിക്കുന്ന കരാർ കോർപറേഷൻ, ബിപിസിഎൽ എന്നിവരുടെ സമ്മതത്തോടെ ആവശ്യമെങ്കിൽ 10 വർഷത്തേക്ക് കൂടി നീട്ടാനും വ്യവസ്ഥയുണ്ട്. പൊല്യൂഷൻ കൺട്രോൾ ബോർഡ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കും പ്ലാന്റ് പ്രവർത്തിക്കുക. പദ്ധതി പൂർത്തിയാകുന്നതോടെ കൊച്ചി നഗരത്തിലെ ജൈവ മാലിന്യപ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയും.

ദേശാഭിമാനി
Sun 13 April 2025

**മാലിന്യനിർമാർജനം**

# എത്തും, 5000 കോടി നിക്ഷേപം

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

സംസ്ഥാനത്ത് മാലിന്യനിർമാർജനരംഗത്ത് 5,000 കോടിയിലധികം രൂപയുടെ നിക്ഷേപത്തിന് സന്നദ്ധത അറിയിച്ച് വൻകമ്പനികൾ. തദ്ദേശ വകുപ്പ് തിരുവനന്തപുരം കനകക്കുന്നിൽ സംഘടിപ്പിച്ച 'വൃത്തി' അന്താരാഷ്ട്ര ക്ലീൻ കേരള കോൺക്ലേവിന്റെ ഭാഗമായുള്ള ബിസിനസ് മീറ്റിലാണ് റിസസ്റ്റൈനബിലിറ്റി പ്രൈവറ്റ് ലിമിറ്റഡ്, ബിപിസിഎൽ, മലബാർ സിമന്റ്സ് തുടങ്ങിയവയടക്കമുള്ള കമ്പനികൾ നിക്ഷേപ സന്നദ്ധത അറിയിച്ചത്. സാനിറ്ററി, റെഫ്യൂസ്ഡ് ഡിറൈവ്ഡ് ഫ്യൂവൽ, ജൈവ–അജൈവ മാലിന്യം, സംയോജിത മാലിന്യനിർമാർജന പ്ലാന്റുകൾ, വേസ്റ്റ് ടു എനർജി പ്ലാന്റുകൾ, ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ, റിസൈക്ലിങ് അപ് സൈക്ലിങ് സംരംഭങ്ങൾ, മൊബൈൽ ട്രീറ്റ്മെന്റ് പ്ലാന്റുകൾ തുടങ്ങിയ പദ്ധതികളിൽ നിക്ഷേപിക്കും.

> തദ്ദേശ വകുപ്പ് സംഘടിപ്പിച്ച വൃത്തി അന്താരാഷ്ട്ര ക്ലീൻ കേരള കോൺക്ലേവിന്റെ ഭാഗമായുള്ള ബിസിനസ് മീറ്റിലാണ് കമ്പനികൾ നിക്ഷേപ സന്നദ്ധത അറിയിച്ചത്

മാസ്കറ്റ് ഹോട്ടലിൽ നടന്ന ബിസിനസ് മീറ്റിൽ 79 പ്രമുഖ കമ്പനികളിലെ 142 പേർ പങ്കെടുത്തു. രണ്ട് സെഷനുകളിലായി ആദ്യം നിക്ഷേപകരുമായും രണ്ടാമത് സ്റ്റാർട്ട് അപ് സംരംഭകരുമായും ചർച്ച നടന്നിരുന്നു. മന്ത്രി പി രാജീവ് ഉദ്ഘാടനംചെയ്തു. മന്ത്രി എം ബി രാജേഷ് അധ്യക്ഷനായി.

Mathrubhumi
മാതൃഭൂമി

# മാലിന്യനിർമാർജനം: നിക്ഷേപത്തിന് ബിപിസിഎൽ ഉൾപ്പെടെയുള്ള കമ്പനികൾ

**തിരുവനന്തപുരം** ▸ തിരുവനന്തപുരം: സംസ്ഥാനത്ത് മാലിന്യസംസ്കരണ മേഖലയിൽ നിക്ഷേപത്തിന് ബിപിസിഎൽ ഉൾപ്പെടെയുള്ള വൻകമ്പനികൾ രംഗത്ത്. തിരുവനന്തപുരത്ത് 'വൃത്തി കോൺക്ലേവി'ൽ നടന്ന ബിസിനസ് മീറ്റിൽ 2900 കോടി രൂപയുടെ നിക്ഷേപത്തിനാണ് കമ്പനികൾ സന്നദ്ധത അറിയിച്ചത്. അനൗദ്യോഗിക വാഗ്ദാനംകൂടി കണക്കിലെടുക്കുമ്പോൾ നിക്ഷേപം അയ്യായിരം കോടി കവിയും.

**2900 കോടിയുടെ വാഗ്ദാനം**

സാനിറ്ററി, ജൈവ-അജൈവ മാലിന്യസംസ്കരണം, സംയോജിത മാലിന്യ നിർമാർജന പ്ലാന്റ്, വേസ്റ്റ് ടു എനർജി പ്ലാന്റ്, ദ്രവമാലിന്യ സംസ്കരണ പ്ലാന്റ്, റീസൈക്ലിങ്-അപ് സൈക്ലിങ് സംരംഭം, ആർഡിഎഫ്, മൊബൈൽ ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങിയവയിലാണ് നിക്ഷേപ വാഗ്ദാനം. റീ സസ്റ്റൈനബിലിറ്റി പ്രൈവറ്റ് ലിമിറ്റഡ്, ബിപിസിഎൽ, മലബാർ സിമന്റ്സ് എന്നിവയാണ് പ്രധാന കമ്പനികൾ.

ബിസിനസ് മീറ്റിൽ 79 കമ്പനികൾ പങ്കെടുത്തു. മന്ത്രി എം.ബി. രാജേഷിന്റെ അധ്യക്ഷതയിൽ മന്ത്രി പി. രാജീവ് മീറ്റ് ഉദ്ഘാടനം ചെയ്തു.

**ബ്രഹ്മപുരം പ്ലാന്റ്: ത്രികക്ഷി കരാറിൽ ഒപ്പുവെച്ചു**

▸ കൊച്ചി ബ്രഹ്മപുരം കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റിന് ത്രികക്ഷി കരാർ ഒപ്പിട്ടു. തദ്ദേശവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ, ബിപിസിഎൽ എക്സിക്യൂട്ടീവ് ഡയറക്ടർ എം. ശങ്കർ, കൊച്ചി കോർപ്പറേഷൻ സെക്രട്ടറി പി.എസ്. ഷിബു എന്നിവരാണ് കരാറിൽ ഒപ്പിട്ടത്. മന്ത്രി എം.ബി. രാജേഷ്, കൊച്ചി മേയർ എം. അനിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു. വാടകവ്യവസ്ഥയിൽ കൊച്ചി കോർപ്പറേഷൻ നൽകുന്ന പത്തേക്കർ ഭൂമിയിലാണ് ബിപിസിഎൽ പ്ലാന്റ് നിർമിക്കുക. കൊച്ചിനഗരത്തിൽനിന്ന് ശേഖരിക്കുന്ന ജൈവമാലിന്യം പ്ലാന്റിൽ സംസ്കരിക്കും. പ്രതിദിനം 150 ടൺ സംസ്കരിച്ച് കംപ്രസ്ഡ് ബയോഗ്യാസാക്കി മാറ്റാൻ ശേഷിയുള്ള പ്ലാന്റാണ് സ്ഥാപിക്കുന്നത്. 25 വർഷമാണ് കാലാവധി. ആവശ്യമെങ്കിൽ 10 വർഷത്തേക്കുകൂടി നീട്ടാം.

# 2,900 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചതായി മന്ത്രി

## ● വ്യവസായ, ടൂറിസം മേഖലക്ക് ഗുണകരം

തിരുവനന്തപുരം | വൃത്തി ക്ലീൻ കേരള കോൺക്ലേവ് 2025ൽ നടന്ന ബിസിനസ്സ് മീറ്റിൽ 2,900 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചതായി മന്ത്രി എം ബി രാജേഷ്. മാലിന്യ സംസ്കരണ മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപത്തിലൂടെ കൂടുതൽ മാറ്റമുണ്ടാക്കാൻ കഴിയുമെന്നും ഇത് വ്യവസായ, ടൂറിസം മേഖലകൾക്ക് ഗുണകരമാകുമെന്നും മന്ത്രി പറഞ്ഞു. വൃത്തി കോൺക്ലേവിനോട് അനുബന്ധിച്ച് നടന്ന ബിസിനസ്സ് മീറ്റിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.




കേരളം വികേന്ദ്രീകൃതവും ജനകീയവുമായ മാലിന്യസംസ്കരണ മോഡൽ സൃഷ്ടിക്കുകയാണ്. ജനങ്ങളെ മുഴുവൻ പങ്കാളികളാക്കുമ്പോഴാണ് പൂർണതോതിൽ വിജയിക്കാൻ കഴിയുക. ബ്രഹ്മപുരം മാലിന്യ പ്ലാന്റിന്റെ തീപ്പിടിത്തത്തിനു ശേഷം ഈ അപകടത്തെ സർക്കാർ ദൃഢനിശ്ചയത്തോടെ അവസരമാക്കി മാറ്റുകയായിരുന്നു. അവിടെ നിന്ന് തുടങ്ങിയ മുന്നേറ്റം വലിയ വിജയത്തിലെത്തുകയാണെന്നും മാലിന്യ സംസ്കരണത്തിനുള്ള അത്യാധുനിക സാങ്കേതികവിദ്യകളെക്കുറിച്ചുള്ള ആകർഷകമായ അവതരണങ്ങൾ നടത്താൻ കോൺക്ലേവിന് കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു.

# ബ്രഹ്മപുരത്തെ മാലിന്യങ്ങൾ ജൈവവളമായി ദുബായിലേക്ക്



ബ്രഹ്മപുരത്തെ മാലിന്യസംസ്കരണ പ്ലാന്റ് മന്ത്രി എം ബി രാജേഷ് സന്ദർശിക്കുന്നു

തിരുവനന്തപുരം: ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ ജൈവ മാലിന്യങ്ങളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ജൈവവളം വ്യാവസായികാടിസ്ഥാനത്തിൽ കടൽ കടക്കുന്നു.

മലപ്പുറം ജില്ലയിലെ ചങ്ങരംകുളം സ്വദേശികളായ ലത്തീഫിന്റെയും നിയാസിന്റെയും നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഫാബ്കോ എന്ന സ്വകാര്യ സ്ഥാപനമാണ് പ്രതിദിനം 25 ടൺ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റ് ബ്രഹ്മപുരത്ത് സ്ഥാപിച്ചത്. 120 ടൺ ജൈവവളം അടങ്ങുന്ന ആദ്യ കണ്ടെയ്നർ അടുത്തയാഴ്ച ദുബായിലേക്ക് കയറ്റിയയക്കും. ജൈവ മാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കുന്നതോടൊപ്പം സംസ്ഥാനത്തിന് വിദേശനാണ്യം നേടിത്തരുകയും ചെയ്യുന്ന പദ്ധതിയാണിത് എന്നതാണ് സവിശേഷത.

പട്ടാളപ്പുഴുവിനെ ഉപയോഗിച്ച് ജൈവ മാലിന്യം എട്ട് ദിവസംകൊണ്ട് കമ്പോസ്റ്റ് ആക്കി മാറ്റും. ദുബായ് ആസ്ഥാനമായ റിഫാം എന്ന കമ്പനി ഫാബ്കോയെ സമീപിച്ചതോടെയാണ് ബ്രഹ്മപുരം പ്ലാന്റിൽ ഉത്പാദിപ്പിക്കുന്ന ജൈവവളം കയറ്റുമതിചെയ്യാനുള്ള അവസരമൊരുങ്ങിയത്.

2023ൽ ബ്രഹ്മപുരം മാലിന്യപ്ലാന്റിലെ അഗ്നിബാധക്കു പിന്നാലെയാണ് ജൈവ മാലിന്യ സംസ്കരണപ്ലാന്റ് ആരംഭിക്കാൻ താൽപര്യമുള്ളവരെ കൊച്ചി കോർപറേഷൻ ക്ഷണിച്ചത്. ഫാബ്കോ ഈ മേഖലയിൽ നിക്ഷേപം നടത്താൻ മുന്നോട്ടുവന്നു.

കോർപറേഷനുമായുണ്ടാക്കിയ കരാറനുസരിച്ച് പ്രതിദിനം 25 ടൺ ജൈവമാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റ് മൂന്നുമാസംകൊണ്ടാണ് തയാറാക്കിയത്.

MAGZTER

# ബ്രഹ്മപുരത്തെ മാലിന്യങ്ങൾ ജൈവവളമായി ദുബായിലേക്ക്

തിരുവനന്തപുരം: ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ ജൈവ മാലിന്യങ്ങളിൽ നിന്ന് ഉല്പാദിപ്പിക്കുന്ന ജൈവവളം വ്യാവസായികാടിസ്ഥാനത്തിൽ കടൽ കടക്കുന്നു. മലപ്പുറം ജില്ലയിലെ ചങ്ങരംകുളം സ്വദേശികളായ ലത്തീഫിന്റെയും നിയാസിന്റെയും നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഫാബ്കോ എന്ന സ്വകാര്യ സ്ഥാപനമാണ് പ്രതിദിനം 25 ടൺ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റ് ബ്രഹ്മപുരത്ത് സ്ഥാപിച്ചത്. 120 ടൺ ജൈവവളം അടങ്ങുന്ന ആദ്യ കണ്ടെയ്നർ അടുത്തയാഴ്ച ദുബായിലേക്ക് കയറ്റിയയക്കും. ജൈവ മാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കുന്നതോടൊപ്പം സംസ്ഥാനത്തിന് വിദേശനാണ്യം നേടിത്തരുകയും ചെയ്യുന്ന പദ്ധതിയാണിത് എന്നതാണ് സവിശേഷത.



ബ്രഹ്മപുരത്തെ മാലിന്യത്തിൽ നിന്നുല്പാദിപ്പിച്ച ജൈവവളം പരിശോധിക്കുന്ന മന്ത്രി എം ബി രാജേഷ്

പട്ടാളപ്പുഴുവിനെ ഉപയോഗിച്ച് ജൈവ മാലിന്യം എട്ട് ദിവസംകൊണ്ട് കമ്പോസ്റ്റാക്കി മാറ്റും. ദുബായ് ആസ്ഥാനമായ റിഫാം എന്ന കമ്പനി ഫാബ്കോയെ സമീപിച്ചതോടെയാണ് ബ്രഹ്മപുരം പ്ലാന്റിൽ ഉല്പാദിപ്പിക്കുന്ന ജൈവവളം കയറ്റുമതി ചെയ്യാനുള്ള അവസരമൊരുങ്ങിയത്. പട്ടാളപ്പുഴുവിനെ ഉപയോഗിച്ച് സംസ്കരിച്ചെടുക്കുന്ന ജൈവവളത്തിന്റെ ഗുണമേന്മ മനസിലാക്കിയ റിഫാം, ഫാബ്കോയുമായി കരാറിലെത്തുകയായിരുന്നു.

2023ൽ ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ അഗ്നിബാധയ്ക്ക് പിന്നാലെയാണ് ജൈവ മാലിന്യ സംസ്കരണപ്ലാന്റ് ആരംഭിക്കാൻ താല്പര്യമുള്ളവരെ കൊച്ചി കോർപറേഷൻ ക്ഷണിച്ചത്. ഫാബ്കോ ഈ മേഖലയിൽ നിക്ഷേപം നടത്താൻ മുന്നോട്ടുവന്നു. കോർപറേഷനുമായുണ്ടാക്കിയ കരാറനുസരിച്ച് പ്രതിദിനം 25 ടൺ ജൈവമാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റ് മൂന്ന് മാസംകൊണ്ടാണ് തയാറാക്കിയത്. പ്ലാന്റിന്റെ കാര്യക്ഷമമായ പ്രവർത്തനം വിലയിരുത്തി സംസ്കരണ ശേഷി പ്രതിദിനം 50 ടണ്ണായി വർധിപ്പിക്കാൻ കൊച്ചി കോർപറേഷൻ അനുമതി നൽകി.

പട്ടാളപ്പുഴുവിനെ ഉപയോഗിച്ച് സംസ്കരിക്കുന്ന മാലിന്യത്തിന്റെ 30 ശതമാനം കമ്പോസ്റ്റായി മാറുകയും ശേഷിക്കുന്ന 70 ശതമാനം പട്ടാളപ്പുഴുക്കൾ തിന്നുതീർക്കുകയുമാണ് ചെയ്യുന്നതെന്ന് ലത്തീഫ് പറഞ്ഞു. പട്ടാളപ്പുഴുക്കളുടെ അവശിഷ്ടം കൂടി അടങ്ങിയ കമ്പോസ്റ്റ് ഗുണമേന്മയേറിയതാണ്. മാലിന്യങ്ങൾ കമ്പോസ്റ്റ് ആകുമ്പോഴേക്കും പട്ടാളപ്പുഴുക്കൾ വളർന്ന് ബ്ലാക് സോൾജ്യർ ഫ്ലൈ ആയി മാറും. ഈ ബ്ലാക് സോൾജ്യർ ഫ്ലൈകളെ മത്സ്യങ്ങൾക്കും കന്നുകാലികൾക്കുമുള്ള തീറ്റ നിർമാണത്തിന് ഉപയോഗിക്കുകയും ചെയ്യാം.

കനകക്കുന്നിൽ നടക്കുന്ന വൃത്തി കോൺക്ലേവിൽ പട്ടാളപ്പുഴുക്കളെ ഫാബ്കോ സന്ദർശകർക്കായി പരിചയപ്പെടുത്തുന്നുണ്ട്. പട്ടാളപ്പുഴുക്കളെ ഉപയോഗിച്ച് കക്കൂസ് മാലിന്യം സംസ്കരിക്കുന്ന പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതി ഫാബ്കോ തയാറാക്കിക്കഴിഞ്ഞു. ഈ പദ്ധതി സംസ്ഥാന സർക്കാരിനുമുന്നിൽ അവതരിപ്പിക്കാൻ തയാറെടുക്കുകയാണിവർ.

# Corp signs MoU with BPCL on CBG plant at Brahmapuram

TIMES NEWS NETWORK

> **The plant will start its operations in May but formal inauguration will be held later**

**Kochi:** Facilitating the inauguration of compressed biogas (CBG) plant built at Brahmapuram, the govt, Kochi corporation and BPCL Kochi Refinery authorities signed a memorandum of understanding (MoU).

The plant will start its operations in May but formal inauguration will be held later.

The construction of the plant has already been completed and the trial run will begin in a few days.

Initially, the capacity will be to treat 150 tonnes of biodegradable waste a day and it can be enhanced to 300 tonnes per day.

On behalf of the corporation, BPCL Kochi Refinery constructed the CBG plant. The corporation has already handed over 10 acres of land at the solid waste treatment plant premises at Brahmapuram to BPCL Kochi Refinery for setting up the plant.

The sales of the compressed biogas generated from the plant will be managed by BPCL Kochi Refinery. The state govt is planning to introduce the CBG plants in more locations in the state, including Thiruvananthapuram.

As of now, two black soldier fly (BSF) plants are operating at Brahmapuram. The total capacity of the two plants, which work on a method where black soldier flies decompose biodegradable waste, is 150 tonnes per day.

Biomining of the legacy waste lying at the solid waste treatment plant premises is progressing rapidly.

The corporation authorities said that the treatment of the legacy waste can be completed in May.

Corporation has prepared a masterplan for Brahmapuram solid waste treatment plant and associated facilities.

Once the legacy waste is cleared, the corporation authorities will start measures to implement the masterplan.

# Kerala's waste management a model for other states: Min

TIMES NEWS NETWORK

**T'puram:** Kerala's waste management model is influencing other states, said local self-govt minister **MB Rajesh** on Sunday.



Speaking at the valedictory session of National Clean Kerala Conclave - Vrithi 2025, held at Nishagandhi Auditorium, Kanakakunnu, Rajesh said that Tamil Nadu govt, inspired by Kerala's model, has launched Clean Tamil Nadu Mission.

"Kerala has developed a grassroots-to-top-level public movement in waste management. Vrithi 2025 Conclave is a milestone in this journey," he said. The business meet conducted as part of the conclave received investment commitments worth Rs 2,900 crore, he added.

"Total success is possible only when the public is made equal partners. Kerala is now evolving from isolated success stories into a unified, effective model across the state," said Rajesh. He pointed out that the fire at Brahmapuram waste treatment plant became a turning point, leading govt to take strong and determined steps to transform the crisis into an opportunity. "From that moment, we advanced rapidly and it led to significant success," he said.

The conclave featured innovative presentations on advanced technologies in waste management. A key highlight was the successful public forums that brought together both project implementers and protesters, enabling open dialogue and helping address concerns related to waste processing projects. "This open discussion helped spread awareness and even led to the withdrawal of certain protests. It shows the power of dialogue in resolving sensitive issues," Rajesh said.

**VRITHI 2025**

Governor Rajendra Vishwanath Arlekar expressed pride in the state's waste management achievements and lauded minister Rajesh for his dedicated efforts over the past two years. "Cleanliness is not a one-day affair but a continuous effort," said Arlekar. He recommended implementing small-scale, localised waste management plants across the state.

The governor presented awards to top-performing local self-govt institutions. Amballur, Maniyoor and Punnapra panchayats were named the best gram panchayats. Guruvayur, Anthoor and Perinthalmanna won best municipality awards. Kozhikode, Thrissur and Thiruvananthapuram corporations were recognised for excellence, with the corporation also receiving a special award for effective waste management during major events like Attukal Pongala and School Youth Festival.

The governor also released state's vision document on waste management during the closing ceremony, which was presided over by Rajesh. MLA VK Prasanth, chief secretary Sarada Muraleedharan and special secretary Anupama TV were also present.

# Vruthi national conclave gets under way

**The Hindu Bureau**
THIRUVANANTHAPURAM

Calling for a collective effort in evolving sustainable waste management practices, Chief Minister Pinarayi Vijayan has said that Kerala can become a model for the world in such practices.

He was speaking after inaugurating 'Vruthi 2025: The Clean Kerala Conclave', a five-day national conclave to showcase the achievements of Kerala in waste management and plan future projects, organised by the Local Self-Government department here on Wednesday. Two Haritha Karma Sena workers – who had returned a piece of gold they found in a waste dump – handed over the ceremonial lamp to the Chief Minister to inaugurate the event.

"Despite the major strides that we have made in the sector of waste management – especially after the launch of the Malinya Muktham Navakeralam campaign – there are quite a few who view waste treatment plants with a lot of wariness. People's representatives should take the initiative to address the concerns of people related to waste treatment plants. The Vruthi conclave is also providing a platform for people to raise their concerns," said Mr. Vijayan.

The Chief Minister said that ever since the campaign began, a total of 1,330 material collection facilities (MCFs) and 19,721 mini material collection facilities have been set up. A total of 192 resource recovery facilitation centre and 17,032 bottle booths were also set up. In the last one year, the Haritha Karma Sena workers have collected 61,664 tonnes of waste from across the State. They are currently carrying out doorstep collection of waste from 89 lakh houses.

Minister for Local Self-Governments M.B. Rajesh, who presided over the function, said that the State had to overcome stiff challenges to implement various steps.

# 'Vruthi' will address concerns related to waste management, says CM

EXPRESS NEWS SERVICE @ T'puram

CHIEF Minister Pinarayi Vijayan on Wednesday said that 'Vruthi 2025' — National Clean Kerala Conclave — will be a platform to address the concerns and doubts related to waste management in Kerala. At the inaugural ceremony of the five-day conclave being held at Kanakakunnu, the chief minister said that the state has made significant progress in the field of waste management through collective efforts.

He noted that over 61,664 tonnes of waste have been collected and processed by the Clean Kerala Company Ltd and as many as 89 lakh households across the state have been integrated in the digital tracking system. The chief minister said that despite making progress, some people still view waste management initiatives and plants with doubt and apprehension and the conclave will serve as a platform to alleviate such concerns of the public and people's representatives regarding waste treatment plants.



**CLEANLINESS BOOST**
The chief minister noted that over 61,664 tonnes of waste have been collected and processed by the Clean Kerala Company

Chief Minister Pinarayi Vijayan sharing a light moment with Revenue Minister K Rajan at the inaugural ceremony of Vruthi 2025 in Thiruvananthapuram on Wednesday |

He said that the state has achieved progress in health and education through people's participation and similarly the state aims to set a model for the nation in the field of waste management.

Local Self-Government Minister M B Rajesh, who presided over the function, said that the government's goal is to achieve 100 per cent waste-free Kerala and this requires collective action. He said that the fire incident at Brahmapuram waste plant was a crucial moment in the waste management sector. Following the fire, the government formulated a comprehensive action plan for waste management for Kochi city, he said. Despite opposition and skepticism about the feasibility of a decentralised waste management system, the plan worked successfully, he added.

Awards were presented to districts excelling in waste management, with Kannur securing the first place, Kozhikode second, and Thrissur third. A comprehensive report on the activities under the 'Waste-Free New Kerala' campaign was released by the chief minister, and the vision document outlining the future of waste management will be presented at the conclave's closing ceremony.

The event features exhibitions, model villages, food festivals, and installations inaugurated by various ministers. The inaugural event was attended by MLA V K Prasanth, MLA Kadakampally Surendran, Antony Raju, K. Ansalan, C K Hareendran, V Joy, D K Murali, V Sasi, I B Sathessh, G Stephen, and M Vincent, Thiruvananthapuram Mayor Arya Rajendran and district panchayat president D Suresh Kumar.

MAGZTER

# 'Vruthi' seeks to allay public concern over garbage plants

Participants of conclave taken to the sewage treatment plant at Muttathara, managed by the city Corporation, which is functioning without local population raising any issue

**The Hindu Bureau**
THIRUVANANTHAPURAM

The ongoing Vruthi national conclave, organised by the Local Self-Governments (LSG) department, has also become a platform for allaying public concerns regarding waste treatment plants. On Friday, Minister M.B. Rajesh held an open dialogue with individuals involved in protests against proposed waste treatment plants at Kallikkad and Azhoor in Thiruvananthapuram, Cheemeni in Kasaragod, Ayavana in Ernakulam, and Cherpulassery in Palakkad.

One of the common concerns raised by most of those opposed to such plants was the possibility of pollution of water sources near the plants. To address this specific concern, the participants in the dialogue were first taken to the Muttathara Sewage Treatment Plant managed by the Thiruvananthapuram Corporation, which has been functioning without local population raising any issue.



**Giving assurance:** Local Self-Governments Minister M.B. Rajesh at an open dialogue on Friday with people involved in protests against proposed waste treatment plants.

**In 2023 too**

The Minister had in 2023 also taken along an all party team to visit the Muttathara plant. To show the effectiveness of the scientific waste management techniques that prevent any kind of stench in the vicinity, the party leaders also had their lunch on the plant premises back then.

Mr. Rajesh urged elected representatives to personally inspect successful waste management models across the State.

He reiterated the government's continued willingness to engage in open dialogues with those protesting against waste management projects, highlighting past instances where such discussions facilitated the implementation of previously stalled initiatives.

He also appealed against opposing such crucial projects for political reasons and assured that all waste treatment facilities being established in the State, including rendering plants, will adhere to the highest quality standards.

Former Chief Secretary V. Venu moderated the discussion, during which Guruvayur municipal chairperson M. Krishnadas recounted his experiences in implementing a waste disposal project that had been pending for nearly five decades. Experts from the Central Pollution Control Board, National Green Tribunal, State Pollution Control Board, and Kerala Water Authority addressed the representatives' queries. Local Self-Government department Principal Secretary T.V. Anupama and Corporation Health Standing Committee Chairperson Gayathri Babu participated in the dialogue.

Mathrubhumi
മാതൃഭൂമി

# പാഴ്‌വസ്തുക്കളിൽ നിന്ന് കലാസൃഷ്ടികൾ

## വൃത്തി കോൺക്ലേവിന് ഒരുങ്ങി കനകക്കുന്ന്



തദ്ദേശവകുപ്പ് കനകക്കുന്നിൽ നടത്തുന്ന 'വൃത്തി-2025' ക്ലീൻ കേരള കോൺക്ലേവിന്റെ ഭാഗമായി കനകക്കുന്നു വളപ്പിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ പുനരുപയോഗിച്ചു നിർമിച്ച ഇൻസ്റ്റലേഷൻ ഒരുക്കുന്നു

**തിരുവനന്തപുരം ▸** ഓലപ്പുരയിൽ നിർമിച്ച മാതൃകാഗ്രാമം, പ്രവേശനകവാടത്തിനു മുന്നിൽ പ്ലാസ്റ്റിക് കുപ്പികളാൽ നിർമിച്ചിട്ടുള്ള മനുഷ്യമുഖം. പഴയ ബാഗുകൾകൊണ്ടുള്ള ആമ, പ്ലാസ്റ്റിക് കവറുകൾകൊണ്ട് നിർമിച്ച പാമ്പ്, അലുമിനിയം ഫോയിൽ ഫുഡ് കണ്ടെയ്നറുകൾകൊണ്ടുള്ള നീരാളി തുടങ്ങി പാഴ്‌വസ്തുക്കളായി ഉപേക്ഷിക്കപ്പെടുന്നവയിൽനിന്ന് മനോഹരമായ കലാപ്രദർശനങ്ങളാൽ ആകർഷകമാണ് കനകക്കുന്ന്.

അഞ്ചുദിവസം നീണ്ടുനിൽക്കുന്ന വൃത്തി കോൺക്ലേവിനായി ഒരുങ്ങിനിൽക്കുകയാണ് കനകക്കുന്ന് വളപ്പ്. വിവിധ വിഷയങ്ങളിൽ നടക്കുന്ന പാനൽ ചർച്ചകൾക്കും നവീന ആശയങ്ങൾ അവതരിപ്പിക്കുന്ന സ്റ്റാളുകൾക്കും പുറമേ വൈകീട്ട് കലാപരിപാടികളുമുണ്ട്. വ്യാഴാഴ്ച വിവിധ വിഷയങ്ങളിലായി 12 ചർച്ച നടക്കും. വൈകീട്ട് ആറിന് നിശാഗന്ധിയിൽ കുളത്തൂപ്പുഴ ഗ്രാമപ്പഞ്ചായത്ത് ഹരിതകർമസേന അവതരിപ്പിക്കുന്ന ആദിവാസി നൃത്തം, നടി മഹാലക്ഷ്മി അവതരിപ്പിക്കുന്ന സയൻസ് നൃത്തം, സംഗീതപരിപാടികൾ എന്നിവ അരങ്ങേറും.

12-ന് നടക്കുന്ന സമാപനസമ്മേളനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും. പ്രദർശനങ്ങൾ 13 വരെ തുടരും. 15-ൽ അധികം സ്റ്റാളുകളിൽ പ്രദർശനമാതൃകകൾ സജ്ജമാക്കിയിട്ടുണ്ട്.

കൗതുകമായി ശാസ്ത്രീയ ലാൻഡ്ഫിൽ മാതൃക

വൃത്തി കോൺക്ലേവിന്റെ ഭാഗമായി കേരള ഖരമാലിന്യ സംസ്കരണ പദ്ധതി ഒരുക്കിയ സ്റ്റാളിൽ ശാസ്ത്രീയമായ ലാൻഡ്ഫിൽ മാതൃക പ്രദർശിപ്പിച്ചിട്ടുണ്ട്. തരംതിരിക്കലിനും സംസ്കരണത്തിനും ശേഷം അവശേഷിക്കുന്ന നിഷ്ക്രിയ വസ്തുക്കളാണ് ശാസ്ത്രീയ ലാൻഡ്ഫില്ലിലേക്ക് എത്തുന്നത്. വിവിധ പാളികളിലായി സംരക്ഷണഭിത്തികളൊരുക്കി തയ്യാറാക്കുന്ന അറകളിലേക്കാണ് ലാൻഡ്ഫില്ലിൽ നിഷ്ക്രിയ വസ്തുക്കൾ നിക്ഷേപിക്കുന്നത്. അതിനു മുൻപ് ഇവ നിഷ്ക്രിയ വസ്തുക്കളാണെന്ന് പരിശോധിച്ചുറപ്പാക്കും. ഇതിൽനിന്ന് ജലാംശമോ വാതകങ്ങളോ മറ്റ് പദാർഥങ്ങളോ മണ്ണിലേക്കും ഭൂഗർഭജലത്തിലേക്കും വായുവിലേക്കും എത്താതിരിക്കാൻ ഈ സംരക്ഷണപാളികൾ സഹായിക്കും. ഇങ്ങനെ തള്ളുന്ന നിഷ്ക്രിയ വസ്തുക്കൾ യന്ത്രസഹായത്തോടെ നിരത്തി അവയ്ക്ക് മുകളിൽ നിശ്ചിത കനത്തിൽ മണ്ണുവിരിച്ച് നിഷ്ക്രിയ വസ്തുക്കൾക്ക് അന്തരീക്ഷവുമായുള്ള സമ്പർക്കവും ഇല്ലാതാക്കും. പദ്ധതി പ്രദേശത്തും ചുറ്റുപാടുമുള്ള വായുവും ഭൂഗർഭജലവും പരിസരത്തെ മണ്ണും നിശ്ചിത ഇടവേളകളിൽ പരിശോധിക്കും.

# പാഴ് വസ്തുക്കൾ പാഴല്ല

## അണിയിച്ചൊരുക്കാം കമനീയ ശിൽപ്പങ്ങൾ

നേഹ ശശിന്ദ്രൻ



പാഴ്‌വസ്തുക്കൾകൊണ്ട് നിർമിച്ചിരിക്കുന്ന ആമ

**തിരുവനന്തപുരം:** പാഴ്‌വസ്തുക്കളെ വലിച്ചെറിയാതെ കലാകാരൻമാർക്ക് നൽകിയാൽ സുന്ദര ശിൽപ്പങ്ങളാക്കാം അതോടൊപ്പം പ്രകൃതിയെ മലിനമാക്കാതെയുമിരിക്കാം. അലങ്കാര വസ്തുക്കളിൽ നിന്ന് മാറ്റിനിർത്തപ്പെട്ട പാഴ്‌വസ്തുക്കളാൽ അണിഞ്ഞൊരുങ്ങിയിരിക്കുകയാണ് കനകക്കുന്നും പരിസരവും. മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായുള്ള 'വൃത്തി 25' ദേശീയ കോൺക്ലേവിലാണ് അജൈവ മാലിന്യങ്ങൾ ഉപയോഗിച്ച് കലാകാരന്മാർ ആകർഷകമായ കാഴ്ചവസ്തുക്കൾ നിർമിച്ചിരിക്കുന്നത്. നാം വലിച്ചെറിയുന്ന പാഴ്‌വസ്തുക്കൾ എത്രമാത്രം ഭംഗിയുണ്ടെന്ന് കനകക്കുന്നിനു ചുറ്റും ഒരുക്കിയിരിക്കുന്ന ശിൽപ്പങ്ങൾ വിളിച്ചു പറയും.

കൗതുകം ഉണർത്തുന്ന കാഴ്ചകളാണ് ഇവിടെയുള്ളത്. ഉപയോഗശൂന്യമായി നമ്മൾ കളയുന്ന പാഴ് വസ്തുക്കളിൽ പലതും സുന്ദരൂപങ്ങളാക്കി മാറ്റിയിട്ടുണ്ട് . പഴം തുണി മുതൽ വണ്ടിയുടെ സ്പെയർ പാർട്സ് വരെ ശിൽപ്പങ്ങളായി. പ്ലാസ്റ്റിക് കുപ്പികളും അടപ്പുകളും ഇക്കൂട്ടത്തിൽ പെടുന്നു. പ്ലാസ്റ്റിക് കുപ്പികളിൽ ചായം തേച്ച് അടപ്പുകളും പേപ്പറുകളും ഉപയോഗിച്ചാണ് ആദ്യകാഴ്ചയായ ഒരു സ്ത്രീയുടെയും പുരുഷന്റെയും മുഖം ഒരുക്കിയിരിക്കുന്നത്.

3000 പ്ലാസ്റ്റിക് കുപ്പികളും ആയിരം തുണികഷ്ണങ്ങളും വച്ചാണ് പരിപാടിയുടെ പേരായ വൃത്തിയുടെ ആമുഖം തീർത്തിരിക്കുന്നത്.

കാഴ്ചക്കാരുടെ ഫോട്ടോ പോയിന്റ് എന്നു നമുക്ക് ഈ സ്ഥലത്തെ വിശേഷിപ്പിക്കാനാകും. പ്ലാസ്റ്റിക് ക്യാനും ഇവിടെ സ്റ്റാറായി. കണ്ണടച്ചതും തുറന്നതുമായ നിരവധി മുഖഭാവങ്ങൾ ക്യാനിലൂടെ ഒരുക്കി. ഓരോ പ്രദർശിനികളിലേക്കും നമ്മൾ കടക്കുമ്പോൾ പവലിയനിലെ തൂണുകൾക്കും ഉണ്ട് പുതുമ. പ്ലാസ്റ്റിക് കുപ്പികളിൽ തീർത്ത സുന്ദരമായ തൂണുകൾ. പഴയ വസ്ത്രങ്ങൾ എങ്ങനെ കൗതുകമുള്ള ശിൽപ്പങ്ങളാക്കാമെന്ന് സുന്ദരമായ കഥകളി രൂപത്തിലൂടെ കാണാൻ സാധിക്കും. കുപ്പികളുടെ അടപ്പിൽ തീർത്ത കടലിൽ തുള്ളിച്ചാടി നടക്കുന്ന ഡോൾഫിൻ. മാരിവില്ലിന്റെ ചന്തത്തിൽ തീർത്ത ചിത്ര ശലഭങ്ങളും ഇക്കൂട്ടത്തിൽപ്പെടുന്നു. ആകർഷകമായ ആമയെ നിർമിച്ചിരിക്കുന്നത് പഴയ ബാഗുകൾ കൊണ്ടും. വൃത്തി കോൺക്ലേവിൽ വേസ്റ്റ് ടു ആർട്ട് എന്ന ആശയമാണ് കൊണ്ടുവരുന്നത്. അനവധി ഇൻസുലേഷൻ നിർമിതികളും നിരവധി മാലിന്യ നിർമ്മാർജന സ്ഥാപനങ്ങളുടെ പ്രദർശനവും നടന്നുവരുന്നു. പ്രദർശനം ഇന്ന് സമാപിക്കും.

# മാലിന്യ സംസ്കരണത്തിൽ താരമായി ശാസ്ത്രീയ ലാൻഡ്ഫിൽ

**തിരുവനന്തപുരം:** എന്താണ് ശാസ്ത്രീയമായ ലാൻഡ് ഫിൽ എന്നറിയണമെങ്കിൽ കനകക്കുന്നിലേക്ക് വരിക. വൃത്തി കോൺക്ലേവിന്റെ ഭാഗമായി കേരള ഖരമാലിന്യ സംസ്കരണ പദ്ധതി ഒരുക്കിയ സ്റ്റാളിൽ എന്താണ് ശാസ്ത്രീയമായ ലാൻഡ് ഫിൽ എന്ന് വിശദമാക്കുന്നതിനൊപ്പം അതിന്റെ മാതൃകയും പ്രദർശിപ്പിച്ചിട്ടുണ്ട്. തരംതിരിക്കലിനും സംസ്കരണത്തിനും ശേഷം അവശേഷിക്കുന്ന, പുനരുപയോഗവും പുന:ചംക്രമണവും സാധിക്കാത്തതും അപകട സാധ്യതയില്ലാത്തതുമായ മാലിന്യങ്ങളായ നിഷ്ക്രിയ വസ്തുക്കളാണ് ശാസ്ത്രീയ ലാൻഡ് ഫില്ലിലേക്ക് എത്തുന്നത്. സുരക്ഷിതവും ശാസ്ത്രീയവുമായ ലാൻഡ് ഫില്ലിന്റെ മാതൃക പ്രദർശിപ്പിച്ചിരിക്കുന്നത് ഇതേപ്പറ്റിയുള്ള അവബോധം വർധിപ്പിക്കാനുതകുംവിധത്തിലാണ്.

MAGZTER

Mathrubhumi
മാതൃഭൂമി

# ‘വൃത്തി’യിലെ വ്യാളിയും ആമയും രണ്ടാഴ്ചകൂടി കനകക്കുന്നിൽ

**തിരുവനന്തപുരം ▸** മാലിന്യസംസ്കരണത്തിൽ അവബോധമുണ്ടാക്കാൻ നടത്തിയ വൃത്തി കോൺക്ലേവ് ഞായറാഴ്ച സമാപിച്ചെങ്കിലും അതിലെ ഇൻസ്റ്റലേഷനുകൾ 30വരെ കനകക്കുന്നിൽ തുടരും. പൂർണമായും പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ചു നിർമിച്ച സർപ്പശില്പം, വ്യാളി, ഉപയോഗശൂന്യമായ ബാഗുകളുപയോഗിച്ചുള്ള ആമ, ചിത്രശലഭം, കൂൺ, പാഴ്വസ്തുക്കളിൽനിന്നു നിർമിച്ച സ്രാവ്, മീൻ, കടൽക്കുതിരമുതൽ ജലവിസ്മയങ്ങളിലെ കവർ തുടങ്ങിയവയൊക്കെയാണ് കനകക്കുന്നിൽ അഞ്ചുദിവസങ്ങളിലായി പ്രദർശിപ്പിച്ചത്.

ഹരിതകർമസേന ശേഖരിച്ച് തരംതിരിച്ച് ക്ലീൻകേരള കമ്പനിക്കു നൽകിയ വിവിധതരം മാലിന്യം ഉപയോഗിച്ചാണ് ഇൻസ്റ്റലേഷനുകൾ തയ്യാറാക്കിയത്. തത്കാലത്തേക്കു നിലനിർത്തുന്ന ഇൻസ്റ്റലേഷനുകൾ ഏപ്രിൽ 30നുശേഷം പൊളിച്ചു വേർതിരിച്ച് ക്ലീൻ കേരള കമ്പനിക്കുതന്നെ നൽകും.

ഫ്ലക്സ് അടക്കമുള്ള നിരോധിത വസ്തുക്കൾ പൂർണമായും ഒഴിവാക്കിയാണ് കോൺക്ലേവിന്റെ പ്രചാരണ ബോർഡുകൾ സ്ഥാപിച്ചത്. ഇവയും സംസ്കരണത്തിനും പുനരുപയോഗത്തിനുമുള്ള കേന്ദ്രങ്ങളിലേക്കു മാറ്റും.

# ഐആർടിസി സംസ്ഥാനത്തെ മികച്ച ഹരിത സഹായ സ്ഥാപനം

തിരുവനന്തപുരം: സംസ്ഥാനത്തെ മികച്ച ഹരിത സഹായ സ്ഥാപനമായി ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററിനെ (ഐആർടിസി) തിരഞ്ഞെടുത്തു. വൃത്തി 2025 ക്ലീൻ കേരള ക്ലേവിൽ തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി എം ബി രാജേഷിൽ നിന്ന് ഐആർടിസി ചെയർപേഴ്സൺ ടി.കെ.മീരാഭായി അവാർഡ് ഏറ്റുവാങ്ങി.

ഹരിതകർമ്മ സേനയെ ശാക്തീകരിക്കുന്നതിനും മാലിന്യസംസ്കരണത്തെ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും ശുചിത്വ മിഷൻ എംപാനൽ ചെയ്തിട്ടുള്ള 51 സ്ഥാപനങ്ങളിൽ നിന്നാണ് ഐ.ആർ.ടി.സിയെ മികച്ച സ്ഥാപനമായി തെരഞ്ഞെടുത്തത്. 10 ജില്ലകളിലായി ഏഴ് നഗരസഭകൾ അടക്കം 172 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ഹരിതസഹായ സ്ഥാപനമായി ഐആർടിസി പ്രവർത്തിക്കുന്നത്. ഈ തദ്ദേശ സ്വയം സ്വയംഭരണ സ്ഥാപനങ്ങളിലായി 6309 ഹരിത കർമ്മസേന അംഗങ്ങളുടെ ശാക്തീകരണ പ്രവർത്തനങ്ങളാണ് ഐആർടിസി ഏറ്റെടുത്തിട്ടുള്ളത്.

100 % യൂസർ ഫീ കളക്ഷൻ കൈവരിച്ച 51 തദ്ദേശസ്ഥാപനങ്ങളും 91% മുകളിൽ യൂസർ ഫീ കളക്ഷൻ നേടിയ 89 തദ്ദേശസ്ഥാപനങ്ങളും ഐആർടിസിയുടെ സഹായത്തോടെ 2025 മാർച്ച് മാസത്തിൽ മികവുകാട്ടി.

23000 ടൺ അജൈവ മാലിന്യമാണ് ഈ വർഷം തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് തരം തിരിച്ച് കൈമാറിയത്. സാമ്പത്തികമായും സാമൂഹ്യമായും ദുർബലത നേരിടുന്നവരാണ് ഹരിത കർമ്മസേനയിൽ ഏറെയും. ഇവരെ ശാക്തീകരിക്കുന്നതിനായി രാത്രി നടത്തവും തെരുവു കലാപരിപാടികളും ഉൾപ്പെടുത്തിയ പെൺരാവേറ്റം അവരുടെ ആത്മ വിശ്വാസം വളർത്തി.

ഹരിത കർമ്മസേനയുടെ അനുഭവക്കുറിപ്പുകളുടെ പുസ്തക പ്രസിദ്ധീകരണം, 1000 ലധികം പേരെ തുടർ സാക്ഷരതയുടെ ഭാഗമാക്കി രജിസ്റ്റർ ചെയ്യിച്ച് 10-ാം ക്ലാസ്, +2 തുല്യതാ യോഗ്യരാക്കൽ, മുഴുവൻ ഹരിത കർമ്മ സേന അംഗങ്ങളേയും ഡിജിറ്റൽ സാക്ഷരാക്കൽ, വിമാന യാത്ര തുടങ്ങിയ സംഘടിപ്പിച്ചു.

MAGZTER

# ഐആർടിസി സംസ്ഥാനത്തെ മികച്ച ഹരിത സഹായ സ്ഥാപനം

തിരുവനന്തപുരം: സംസ്ഥാനത്തെ മികച്ച ഹരിത സഹായ സ്ഥാപനമായി ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററിനെ (ഐആർടിസി) തെരഞ്ഞെടുത്തു. വൃത്തി 2025 ക്ലീൻ കേരള കോൺക്ലേവിൽ തദ്ദേശ സ്വയം ഭരണ മന്ത്രി എം ബി രാജേഷിൽ നിന്ന് ഐആർടിസി ചെയർപേഴ്സൺ ടി കെ മീരാഭായി അവാർഡ് ഏറ്റുവാങ്ങി.

ഹരിതകർമ്മ സേനയെ ശാക്തീകരിക്കുന്നതിനും മാലിന്യ സംസ്കരണത്തെ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ മാർഗനിർദേശം നൽകുന്നതിനും ശുചിത്വ മിഷൻ എംപാനൽ ചെയ്തിട്ടുള്ള 51 സ്ഥാപനങ്ങളിൽ നിന്നാണ് ഐആർടിസിയെ മികച്ച സ്ഥാപനമായി തെരഞ്ഞെടുത്തത്. 10 ജില്ലകളിലായി ഏഴ് നഗരസഭകൾ അടക്കം 172 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലാണ് ഹരിതസഹായ സ്ഥാപനമായി ഐആർടിസി പ്രവർത്തിക്കുന്നത്. ഈ തദ്ദേശ സ്വയം സ്വയംഭരണ സ്ഥാപനങ്ങളിലായി 6,309 ഹരിത കർമ്മസേന അംഗങ്ങളുടെ ശാക്തീകരണ പ്രവർത്തനങ്ങളാണ് ഐആർടിസി ഏറ്റെടുത്തിട്ടുള്ളത്.

100 ശതമാനം യൂസർ ഫീ കളക്ഷൻ കൈവരിച്ച 51 തദ്ദേശസ്ഥാപനങ്ങളും 91 ശതമാനത്തിന് മുകളിൽ യൂസർ ഫീ കളക്ഷൻ നേടിയ 89 തദ്ദേശസ്ഥാപനങ്ങളും ഐആർടിസിയുടെ സഹായത്തോടെ 2025 മാർച്ച് മാസത്തിൽ മികവുകാട്ടി. 23,000 ടൺ അജൈവ മാലിന്യമാണ് ഈ വർഷം തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് തരം തിരിച്ച് കൈമാറിയത്.

സാമ്പത്തികമായും സാമൂഹ്യമായും ദുർബലത നേരിടുന്നവരാണ് ഹരിത കർമ്മസേനയിൽ ഏറെയും. ഇവരെ ശാക്തീകരിക്കുന്നതിനായി രാത്രി നടത്തവും തെരുവ് കലാപരിപാടികളും ഉൾപ്പെടുത്തിയ പെൺരാവേറ്റം അവരുടെ ആത്മവിശ്വാസം വളർത്തി.

ഹരിത കർമ്മസേനയുടെ അനുഭവക്കുറിപ്പുകളുടെ പുസ്തക പ്രസിദ്ധീകരണം, 1,000ലധികം പേരെ തുടർ സാക്ഷരതയുടെ ഭാഗമാക്കി രജിസ്റ്റർ ചെയ്യിച്ച് 10-ാം ക്ലാസ്, പ്ലസ് ടു തുല്യതാ യോഗ്യരാക്കൽ, മുഴുവൻ ഹരിത കർമ്മസേന അംഗങ്ങളേയും ഡിജിറ്റൽ സാക്ഷരരാക്കൽ, വിമാന യാത്ര ഇടങ്ങിയവ സംഘടിപ്പിച്ചു. 16 ഗ്രാമ പഞ്ചായത്തുകളിലെ 540 ഹരിത കർമ്മസേന അംഗങ്ങൾ ഇതിനകം വിമാന യാത്ര നടത്തിയിട്ടുണ്ട്. ആകെയുള്ള ഹരിത കർമ്മ സേന അംഗങ്ങളിൽ 10, 000 രൂപയ്ക്ക് മുകളിൽ 64 ശതമാനം പേർ പ്രതിമാസ വേതനം വാങ്ങുന്നു.

400ലധികം സംരഭങ്ങൾ ഹരിത കർമ്മസേനയുടെ അധിക വരുമാനത്തിനായി ആരംഭിച്ചിട്ടുണ്ട്. ഇതിനുള്ള പരിശീലനവും ഐആർടിസിയാണ് നല്കുന്നത്. മാലിന്യ മുക്ത നവകേരളത്തിനായുള്ള ജനകീയ കാമ്പയിൻ ഈ തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങളിൽ സംഘാടന നേതൃത്വം വഹിച്ചത് ഐആർടിസിയാണ്.

# ഐ ആർ ടി സി സംസ്ഥാനത്തെ മികച്ച ഹരിത സഹായ സ്ഥാപനം

- എംപാനൽ ചെയ്തിട്ടുള്ള 51 സ്ഥാപനങ്ങളിൽ നിന്നാണ് ഐ ആർ ടി സിയെ തിരഞ്ഞെടുത്തത്
- ഈ വർഷം തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് ശേഖരിച്ച് തരം തിരിച്ചത് 23,000 ടൺ അജൈവ മാലിന്യം

## വൃത്തികോൺക്ലേവ്

തിരുവനന്തപുരം: മാലിന്യ സംസ്കരണത്തിൽ ആശങ്കകളും അഭിപ്രായങ്ങളും പങ്കുവച്ച് ജനപ്രതിനിധികളും രാഷ്ട്രീയ കക്ഷി നേതാക്കളും. വൃത്തി ദേശീയ കോൺക്ലേവിനോടനുബന്ധിച്ച് നടത്തിയ സമവായ ചർച്ചയിലാണ് പ്രായോഗികവശങ്ങൾ ചൂണ്ടിക്കാട്ടിയത്. മന്ത്രി എം.ബി.രാജേഷ് ചർച്ചയ്ക്ക് നേതൃത്വം നൽകി. കോഴിക്കോട് മേയർ ബീന ഫിലിപ്പ്, എം.എൽ.എമാരായ കെ.പി.മോഹനൻ, മോൻസ് ജോസഫ്, ആന്റണി രാജു, ബി.ജെ.പി സംസ്ഥാന സെക്രട്ടറി എസ്. സുരേഷ് വിവിധ കക്ഷികളെ പ്രതിനിധീകരിച്ച് ബീമാപള്ളി റഷീദ്, സുരകുമാരി, എം.ആർ. ഗോപൻ, ഉഴമലയ്ക്കൽ വിജയൻ എന്നിവർ ചർച്ചയിൽ സംസാരിച്ചു. മാധ്യമപ്രവർത്തകൻ രാജീവ് ദേവരാജ് മോഡറേറ്ററായി.

## കളികളിലൂടെയും കാഴ്ചകളിലൂടെയും മാലിന്യ പരിപാലന അറിവ് പകർന്ന് കെഎസ്ഡബ്ല്യുഎംപി

തിരുവനന്തപുരം: പാമ്പും ഗോവണിയും പണ്ട് എല്ലാവരും കളിച്ചിട്ടുണ്ടാകും. എന്നാൽ ഇതിന് പുതിയൊരു മാനം നൽകിയിരിക്കുകയാണ് കേരള ഖരമാലിന്യ പരിപാലന പദ്ധതി. കളിയിലൂടെ മാലിന്യ സംസ്കരണത്തിന്റെ വിവിധ പാഠങ്ങളും ഘട്ടങ്ങളും സാധാരണക്കാരനിലേക്ക് എത്തിക്കുന്ന രീതിയിലാണ് പാമ്പും ഗോവണിയും സെറ്റ് ചെയ്തിരിക്കുന്നത്. ഏണി കയറണമെങ്കിലും പാമ്പ് വിഴുങ്ങാതിരിക്കണമെങ്കിലും മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ചോദ്യത്തിന് ശരിയായ ഉത്തരം നൽകണം. കനകക്കുന്നിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന വൃത്തി 2025 പരിപാടിയുടെ ഭാഗമായിട്ടാണ് കെഎസ്ഡബ്ല്യുഎംപി ഗെയിം സോൺ ഒരുക്കിയിട്ടുള്ളത്.

ഇതുകൂടാതെ ഡംപ്സൈറ്റുകളിൽ നിന്ന് മാലിന്യഖനന നിർമ്മാർജനം ചെയ്യുന്ന രീതികൾ വ്യക്തമാക്കി ഒരു മിക്സ്ഡ് റിയാലിറ്റി തിയേറ്ററും ഒരുക്കിയിട്ടുണ്ട്. കെഎസ്ഡബ്ല്യുഎംപി മാലിന്യ നിർമ്മാർജനം നടത്തുന്ന 20 ഡംപ്സൈറ്റുകളിൽ നിന്നുള്ള ദൃശ്യങ്ങളാണ് ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നത്. ഡംപ്സൈറ്റുകളിൽ നിന്ന് മാലിന്യം സംസ്കരിക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ ഇവിടെനിന്ന് മനസിലാക്കാൻ സാധിക്കും.

സന്ദർശകരിൽ കൗതുകമുണർത്തി ശാസ്ത്രീയ ലാൻഡ്ഫില്ലിന്റെ കുറൻ മാതൃകയും ഇവിടെ ഒരുക്കിയിട്ടുണ്ട്. റീസൈക്കിൾ ചെയ്തതിന് ശേഷം ബാക്കിവരുന്ന നിഷ്ക്രിയ വസ്തുക്കളും മറ്റ് അപകടകാരിയല്ലാത്ത വസ്തുക്കളും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള മാർഗമാണ് ശാസ്ത്രീയ ലാൻഡ്ഫില്ലുകൾ.

പരിസ്ഥിതിയെ യാതൊരു തരത്തിലും ബാധിക്കാത്ത വിധത്തിലാണ് ശാസ്ത്രീയ ലാൻഡ്ഫില്ലുകൾ രൂപകല്പന ചെയ്യുന്നത്. അടിത്തട്ടിലും വശങ്ങളിലും ഹൈഡെൻസിറ്റി ക്ലേ, പോളി എത്തിലീൻ ഷീറ്റ്, എന്നിവയുടെ സംരക്ഷണ ഭിത്തികളുണ്ടാകും. ഒരുതരത്തിലും സംസ്കരിക്കാൻ സാധ്യമല്ലാത്ത നിഷ്ക്രിയ പാഴ്വസ്തുക്കൾ, ഇൻസിനറേറ്റ് ചെയ്ത ശേഷം ബാക്കിവരുന്ന ചാരം, കൺസ്ട്രക്ഷൻ അവശിഷ്ടങ്ങൾ തുടങ്ങിയ നിഷ്ക്രിയ പാഴ് വസ്തുക്കളാണ് ലാൻഡ്ഫില്ലിലേക്ക് എത്തുന്നത്.

പരിസ്ഥിതിക്കോ പ്രദേശവാസികൾക്കോ ഒരു വിധത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകാത്ത വിധത്തിലാണ് ലാൻഡ്ഫിൽ നിർമ്മിക്കുന്നത്.

ഈ ലാൻഡ്ഫില്ലിന്റെ ഉൾവശം എങ്ങനെയാണെന്ന് കാഴ്ചക്കാർക്ക് മനസിലാകുന്ന തരത്തിൽ 24 അടിപ്പൊക്കത്തിൽ വിവിധ ലെയറുകളിലായാണ് ശാസ്ത്രീയ ലാൻഡ്ഫില്ലിന്റെ മാതൃക ഒരുക്കിയിരിക്കുന്നത്. ലാൻഡ്ഫിൽ ചെയ്തതിന് ശേഷം ആ ഭൂമി ക്യാപ് ചെയ്യുന്ന വിധവും മാതൃകയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്റ്റാളിൽ ഒരു സെൽഫി പോയിന്റും സജ്ജമാക്കിയിട്ടുണ്ട്. 13 വരെ കനകക്കുന്നിൽ നടക്കുന്ന പ്രദർശനം കാണാം.

# ചന്ദ്രിക

## പ്ലാസ്റ്റിക് കുപ്പികൾക്ക് ബദലുമായി കേരളം

തിരുവനന്തപുരം: അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് ബോട്ടിലുകൾക്ക് ബദൽ സംവിധാനമൊരുക്കാൻ കേരളം. പ്ലാസ്റ്റിക് ബോട്ടിലിന് പകരമായി, ജൈവിക രീതിയിൽ നിർമാർജനം ചെയ്യാൻ സാധിക്കുന്ന ഹരിതകുപ്പികൾ (കമ്പോസ്റ്റബിൾ ബോട്ടിൽ) കനകക്കുന്നിൽ നടക്കുന്ന വൃത്തി2025 ഗ്രീൻ കേരള കോൺക്ലേവിൽ അവതരിപ്പിച്ചു. ജലസേചന വകുപ്പിനു കീഴിലുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപറേഷൻ (കെഐഐഡിസി- കിഡ്ക്) നിർമിക്കുന്ന ഇത്തരം കുപ്പികളിൽ കുടിവെള്ളം ഉടൻ വിപണിയിലെത്തും. സർക്കാരിന്റെ 'ഹില്ലി അക്വാ' ബ്രാൻഡിനു കീഴിലാണ് കുടിവെള്ളം വിപണനം ചെയ്യുക.

നിശ്ചിത സമയപരിധിക്കുള്ളിൽ പൂർണമായും മണ്ണിൽ അലിഞ്ഞുചേരുമെന്നതാണ് ഹരിതകുപ്പികളുടെ പ്രത്യേകത. രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാന



'വൃത്തി2025' ഗ്രീൻ കേരള കോൺക്ലേവിൽ ഒരുക്കിയ പരിസ്ഥിതി സൗഹൃദ കമ്പോസ്റ്റബിൾ ബോട്ടിലിന്റെ സ്റ്റാൾ

സർക്കാർ ഹരിതകുപ്പികളിൽ കുടിവെള്ളം വിപണിയിലെത്തിക്കുന്നത്. നൂറു ശതമാനവും ജൈവ ഉന്മൂലനം സാധ്യമാകുന്ന ഹരിതകുപ്പികൾ കാഴ്ചയിൽ പ്ലാസ്റ്റിക് കുപ്പികളെ പോലെ ഉണ്ടാകും.

കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗ്രീൻബയോപ്രോഡക്ട്സാണ് കമ്പോസ്റ്റബിൾ ബോട്ടിലുകൾ നിർമിക്കുന്നതിന് ആവിശ്യമായ അസംസ്കൃത വസ്തുക്കൾ നൽകുന്നത്.

പ്ലാസ്റ്റിക് കുപ്പികൾക്ക് നിരോധനമുള്ള പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഹരിതകുപ്പികൾ ഉപയോഗിക്കാം. സുസ്ഥിര മാലിന്യ നിർമാർജനത്തിന് നൂതന രീതികൾ രൂപപ്പെടുത്തുന്നതിനുള്ള അന്താരാഷ്ട്ര കോൺക്ലേവാണ് കനകക്കുന്നിൽ നടക്കുന്നത്. സുസ്ഥിര ഭാവിയിലേക്കുള്ള പരിസ്ഥിതി സൗഹൃദ ഉൽപന്നങ്ങൾ, സേവനങ്ങൾ, നൂതന സാങ്കേതികവിദ്യകൾ എന്നിവയുടെ സ്റ്റാളുകളും എക്സിബിഷനുകളും കോൺക്ലേവിന്റെ ഭാഗമായി സജ്ജീകരിച്ചിട്ടുണ്ട്.

# ചന്ദ്രിക

## കോൺക്ലേവിന്റെ പ്രചാരണ ബോർഡുകൾ റീസൈക്കിൾ ചെയ്യും

തിരുവനന്തപുരം: വൃത്തി കോൺക്ലേവിൽ ഉപയോഗിച്ച മുഴുവൻ സിംഗിൾ ലയർ പോളിഎത്തിലീൻ പ്രചാരണ ബോർഡുകളും റീസൈക്കിൾ ചെയ്ത് പെൻ ഹോൾഡിങ്, വേസ്റ്റ് ബിൻ തുടങ്ങിയ വസ്തുക്കളായി സർക്കാർ ഓഫീസുകളിലെത്തും. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുള്ള പൂർണമായും റീസൈക്കിൾ ചെയ്യാവുന്ന സിംഗിൾ ലയർ പോളി എത്തിലീൻ ഉപയോഗിച്ചാണ് കോൺക്ലേവിന്റെ പ്രചാരണ ബോർഡുകൾ തയാറാക്കിയത്. ഓരോ ബോഡിലും മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന ക്യുആർ കോഡും, പ്രിന്റിങ് യൂണിറ്റിന്റെ പേരും പതിച്ചിട്ടുണ്ടായിരുന്നു. കോൺക്ലേവിലെ പ്രദർശനത്തിന്റെ ഭാഗമായി സജ്ജീകരിച്ച റീസൈക്ലിങ് ഇൻഡസ്ട്രീസ് അസോസിയേഷന്റെസ്റ്റാളിൽ വെച്ച് പോളി എത്തിലീൻ പ്രിന്റിങ് ഷീറ്റുകൾ റീസൈക്ലിങ് മെഷിനിലേക്ക് നിക്ഷേപിച്ച് കൊണ്ട്മന്ത്രി എം.ബി. രാജേഷ് റീസൈക്ലിങ്ങിന് തുടക്കം കുറിച്ചു. റീസൈക്കിൾ ചെയ്തു നിർമിച്ച വസ്തുക്കൾ മന്ത്രി ഓഫീസുകളിലും, സെക്രട്ടേറിയറ്റ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഓഫീസുകളിലും വിതരണം ചെയ്യും.

Mathrubhumi
മാതൃഭൂമി

## കക്കൂസ് മാലിന്യം നീക്കാൻ ഇനി പട്ടാളപ്പുഴു

**സ്വന്തം ലേഖകൻ**
തിരുവനന്തപുരം

▸ പട്ടാളപ്പുഴുവിനെ ഉപയോഗിച്ച് കക്കൂസ് മാലിന്യം കുറഞ്ഞ ചെലവിൽ ജൈവവളമാക്കുന്ന സംസ്കരണരീതി പരീക്ഷിക്കാനൊരുങ്ങി സർക്കാർ. കൊച്ചിയിലെ ഭക്ഷ്യമാലിന്യം ജൈവവളമാക്കി വിദേശത്തേക്ക് കയറ്റുമതി ചെയ്യുന്ന ഫാബ്കോ എന്ന കമ്പനിയുടെ പ്ലാന്റാണ് സർക്കാരിന്റെ പരിഗണനയിൽ.

ദിവസവും 25 ടൺ കക്കൂസ് മാലിന്യം സംസ്കരിക്കുന്ന പ്ലാന്റ് ആറു കോടി രൂപയ്ക്ക് സ്ഥാപിക്കാനാകുമെന്നാണ് ഫാബ്കോയുടെ പദ്ധതിരേഖ. രാസവസ്തുചേരാത്ത മാലിന്യമായിരിക്കണമെന്നുമാത്രം. മറിച്ചായാൽ പുഴുക്കളും ചത്തുപോകും. 10 മുതൽ 12 ദിവസത്തിനകം സംസ്കരണം പൂർത്തിയാക്കി വളമാക്കാനാകും.

പ്ലാന്റിന് ആവശ്യമായ പട്ടാളപ്പുഴുവിന്റെ ബ്രീഡിങ് യൂണിറ്റ് തൃശ്ശൂർ പെരുമ്പിലാവിലും പാലക്കാട് തൃത്താലയിലുമാണ്. പുഴുവിന്റെ ബേബി ലാർവയെ ഗ്രീൻ രൂപത്തിലാക്കിയ മാലിന്യത്തിൽ നിക്ഷേപിച്ച് എട്ടുമുതൽ പത്തുദിവസത്തിനകം ജൈവവളമാക്കും. മാലിന്യത്തിന്റെ 30 ശതമാനം കമ്പോസ്റ്റായി മാറും. ശേഷിക്കുന്ന 70 ശതമാനം പട്ടാളപ്പുഴുക്കളും തിന്നുതീർക്കും. ഇവിടുന്നുതന്നെ പ്രോട്ടീൻഓയിൽ, മീൻ തീറ്റ, പെറ്റ്ഫുഡ് എന്നിവയുമുണ്ടാക്കാനാകും.

### മാലിന്യം ജൈവവളമായി ദുബായിലേക്ക്

ബ്രഹ്മപുരത്ത് ബിപിസിഎലിന്റെ സംസ്കരണ പ്ലാന്റിനുസമീപമാണ് മലപ്പുറം ചങ്ങരംകുളം സ്വദേശികളായ പി.എ. ലത്തീഫ്, പി.വി. നിയാസ്, അബ്ദുൽ റസാഖ്, എ.പി. ഉസ്മാൻ എന്നിവരുടെ നേതൃത്വത്തിലുള്ള ഫാബ്കോയുടെ പ്ലാന്റ്. ദിവസവും 50 ടൺ ഭക്ഷ്യമാലിന്യം സംസ്കരിക്കാവുന്ന പ്ലാന്റിൽ നിലവിൽ പട്ടാളപ്പുഴുവിനെയാണ് ഉപയോഗിക്കുന്നത്. ദുബായ് ആസ്ഥാനമായ റിഫാം എന്ന കമ്പനിക്ക് ഇവിടുന്നാണ് ജൈവവളം നൽകുന്നത്. 120 ടൺ ജൈവവളം അടങ്ങുന്ന ആദ്യ കണ്ടെയ്നർ അടുത്തയാഴ്ച ദുബായിലേക്ക് അയയ്ക്കും.

# തദ്ദേശവകുപ്പിന്റെ സംരംഭക പുരസ്കാരം ഗ്രീൻ വേംസിന്

**തിരുവനന്തപുരം ▸** തദ്ദേശവകുപ്പിന്റെ മികച്ച സംരംഭക പുരസ്കാരം കോഴിക്കോട് ആസ്ഥാനമായ മാലിന്യസംസ്കരണ കമ്പനി ഗ്രീൻ വേംസ് പ്രൈവറ്റ് ലിമിറ്റഡിന്.

മാലിന്യമുക്തം നവകേരളം കാമ്പെയിന്റെ ഭാഗമായാണ് പുരസ്കാരം. വൃത്തി കോൺക്ലേവിന്റെ സമാപനസമ്മേളനത്തിൽ ചീഫ് സെക്രട്ടറി ശാരദാമുരളീധരനിൽനിന്ന് ഗ്രീൻ വേംസ് സിഇഒ ജാബിർ കാരാട്ട് പുരസ്കാരം ഏറ്റുവാങ്ങി.

ദിവസം 200 കിലോ മാലിന്യം സംസ്കരിച്ച് 2014-ൽ തുടങ്ങിയ ഗ്രീൻവേംസ് ഇന്ന് കേരളം, തമിഴ്നാട്, ആന്തമാൻ-നിക്കോബാർ എന്നിവിടങ്ങളിലായി നിത്യവും കൈകാര്യം ചെയ്യുന്നത് 2,40,000 കിലോ മാലിന്യമാണ്.

# വെള്ളം ഇനി ഹരിതബോട്ടിലിൽ

**തിരുവനന്തപുരം:** അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക്ക് ബോട്ടിലുകൾക്ക് ബദൽ സംവിധാനമൊരുക്കാൻ സംസ്ഥാനം. പ്ലാസ്റ്റിക്ക് ബോട്ടിലിന് പകരമായി, ജൈവിക രീതിയിൽ നിർമാർജനം ചെയ്യാൻ സാധിക്കുന്ന ഹരിതകുപ്പികൾ കനകക്കുന്നിൽ നടക്കുന്ന വൃത്തി 2025 ഗ്രീൻ കേരള കോൺക്ലേവിൽ അവതരിപ്പിച്ചു. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപറേഷൻ നിർമിക്കുന്ന ഇത്തരം കുപ്പികളിൽ കുടിവെള്ളം ഉടൻ വിപണിയിലെത്തും. സർക്കാരിന്റെ 'ഹില്ലി അക്വാ' ബ്രാൻഡിനു കീഴിലാണ് കുടിവെള്ളം വിപണനം ചെയ്യുക. നിശ്ചിത സമയപരിധിക്കുള്ളിൽ പൂർണമായും മണ്ണിൽ അലിഞ്ഞുചേരുമെന്നതാണ് ഹരിതകുപ്പികളുടെ പ്രത്യേകത. രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാന സർക്കാർ ഹരിതകുപ്പികളിൽ കുടിവെള്ളം വിപണിയിലെത്തിക്കുന്നത്.

നൂറു ശതമാനവും ജൈവ ഉന്മൂലനം സാധ്യമാകുന്ന ഹരിതകുപ്പികൾ കാഴ്ചയിൽ പ്ലാസ്റ്റിക്ക് കുപ്പികളെ പോലെ ഉണ്ടാകും. കംപോസ്റ്റബിൾ ബോട്ടിലുകൾക്ക് പ്ലാസ്റ്റിക്ക് കുപ്പിയേക്കാൾ നിർമാണചെലവ് അധികമായിരിക്കും. പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഹരിതകുപ്പികൾ ഉപയോഗിക്കാം. ശബരിമല പോലുള്ള ഇടങ്ങളിൽ ഉപകാരപ്രദമാകുമെന്നാണ് സർക്കാരിന്റെ കണക്കുകൂട്ടൽ.

MAGZTER

## ബ്രഹ്മപുരം ബയോഗ്യാസ് പ്ലാന്റ്; ത്രികക്ഷി കരാർ ഒപ്പുവച്ചു

**തിരുവനന്തപുരം:** മാലിന്യ സംസ്കരണ മേഖലയിലെ നിർണായക ചുവടുവയ്പായ കൊച്ചി ബ്രഹ്മപുരം കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റുമായി ബന്ധപ്പെട്ട ത്രികക്ഷി കരാർ ഒപ്പുവച്ചു. വൃത്തി കോൺക്ലേവിന്റെ ഭാഗമായി മസ്കറ്റ് ഹോട്ടലിൽ നടന്ന ബിസിനസ് മീറ്റിൽ സംസ്ഥാന സർക്കാരും കൊച്ചി കോർപറേഷനും ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡുമാണ് കരാറിൽ ഒപ്പുവച്ചത്. സംസ്ഥാന സർക്കാരിനായി തദ്ദേശ വകുപ്പ് സ്പെഷൽ സെക്രട്ടറി ടി. വി. അനുപമയും ബിപിസിഎൽ എക്സിക്യൂട്ടീവ് ഡയറക്ടർ എം.ശങ്കറും കൊച്ചി കോർപറേഷൻ സെക്രട്ടറി പി.എസ്. ഷിബുവുമാണ് ത്രികക്ഷി കരാറിൽ ഒപ്പുവച്ചത്. വാടക വ്യവസ്ഥയിൽ കൊച്ചി കോർപറേഷൻ നൽകുന്ന 10 ഏക്കർ ഭൂമിയിലാണ് ബിപിസിഎൽ പ്ലാന്റ് നിർമിക്കുക. കൊച്ചി നഗരത്തിൽ നിന്നു ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ പ്ലാന്റിൽ സംസ്കരിക്കും. പ്രതിദിനം 150 ടൺ ജൈവ മാലിന്യം സംസ്കരിച്ച് കംപ്രസ്ഡ് ബയോഗ്യാസാക്കി മാറ്റാൻ ശേഷിയുള്ള പ്ലാന്റാണ് സ്ഥാപിക്കുക. 25 വർഷം കാലാവധി നിശ്ചയിച്ച കരാർ കോർപറേഷൻ, ബിപിസിഎൽ എന്നിവരുടെ സമ്മതത്തോടെ ആവശ്യമെങ്കിൽ 10 വർഷത്തേയ്ക്കു കൂടി നീട്ടാനും വ്യവസ്ഥയുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിച്ച മാനദണ്ഡം പാലിച്ചു കൊണ്ടാകും പ്ലാന്റ് പ്രവർത്തിക്കുക. പദ്ധതി പൂർത്തിയാകുന്നതോടെ കൊച്ചി നഗരത്തിലെ ജൈവ മാലിന്യപ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയുമെന്ന് അധികൃതർ പറഞ്ഞു.

# ബ്രഹ്മപുരം ബയോഗ്യാസ് പ്ലാന്റ്: ത്രികക്ഷി കരാറിൽ ഒപ്പുവച്ചു

തിരുവനന്തപുരം: സംസ്ഥാനത്തെ മാലിന്യ സംസ്കരണ മേഖലയിലെ നിർണായക ചുവടുവയ്പായ കൊച്ചി ബ്രഹ്മപുരം കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് സംബന്ധിച്ച ത്രികക്ഷി കരാർ ഒപ്പുവച്ചു.

'വൃത്തി 2025' ദേശീയ കോൺക്ലേവിന്റെ ഭാഗമായി മസ്കറ്റ് ഹോട്ടലിൽ സംഘടിപ്പിച്ച ബിസിനസ് മീറ്റിൽ സംസ്ഥാന സർക്കാരും കൊച്ചി കോർപ്പറേഷനും ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡുമാണ് കരാറിൽ ഒപ്പുവച്ചത്. സംസ്ഥാന സർക്കാരിനു വേണ്ടി തദ്ദേശ സ്വയംഭരണ സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ, ബിപിസിഎൽ എക്സിക്യൂട്ടീവ് ഡയറക്ടർ എം. ശങ്കർ, കൊച്ചി കോർപ്പറേഷൻ സെക്രട്ടറി പി.എസ്. ഷിബു എന്നിവരാണ് കരാറിൽ ഒപ്പുവച്ചത്. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ്, കൊച്ചി കോർപ്പറേഷൻ മേയർ എം. അനിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു.

വാടക വ്യവസ്ഥയിൽ കൊച്ചി കോർപ്പറേഷൻ നൽകുന്ന 10 ഏക്കർ ഭൂമിയിലാണ് ബിപിസിഎൽ പ്ലാന്റ് നിർമിക്കുക. കൊച്ചി നഗരത്തിൽ നിന്നും ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ പ്ലാന്റിൽ സംസ്കരിക്കും. പ്രതിദിനം 150 ടൺ ജൈവ മാലിന്യം സംസ്കരിച്ച് കംപ്രസ്ഡ് ബയോഗ്യാസാക്കി മാറ്റാൻ ശേഷിയുള്ള പ്ലാന്റാണ് സ്ഥാപിക്കുന്നത്.

25 വർഷം കാലാവധി നിശ്ചയിച്ചിരിക്കുന്ന കരാർ കോർപ്പറേഷൻ, ബിപിസിഎൽ എന്നിവരുടെ സമ്മതത്തോടെ ആവശ്യമെങ്കിൽ പത്ത് വർഷത്തേക്ക് കൂടി നീട്ടാനും വ്യവസ്ഥയുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കും പ്ലാന്റ് പ്രവർത്തിക്കുക. പദ്ധതി പൂർത്തിയാകുന്നതോടെ കൊച്ചി നഗരത്തിലെ ജൈവ മാലിന്യപ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയുമെന്നാണ് പ്രതീക്ഷ.

MAGZTER

Mathrubhumi
മാതൃഭൂമി

വൃത്തി കോൺക്ലേവിൽ മുഖാമുഖം

# മാലിന്യസംസ്കരണ പ്ലാന്റ്; ആശങ്കകൾ പങ്കിട്ട് പ്രതിഷേധക്കാർ

### ജലാശയങ്ങൾ മലിനപ്പെടില്ലെന്ന് അധികൃതർ

**തിരുവനന്തപുരം** ● 'മാലിന്യസംസ്കരണ പ്ലാന്റ് വേണമെന്നുതന്നെയാണുള്ളത്. പക്ഷേ, നെയ്യാറിനെ അത് മലിനമാക്കുമെന്ന ഭീതിയാണ് നാട്ടുകാർക്കെല്ലാം. നെയ്യാറിനെയും നാട്ടിലെ ജലസ്രോതസ്സുകളെയും മലിനമാക്കുന്ന ഒരു പ്ലാന്റും നാട്ടുകാർ അനുവദിക്കില്ല. അവരോട് എന്തു പരിഹാരമാണ് പറയാനുള്ളത്?'- ബിജെപി ഭരിക്കുന്ന കാട്ടാക്കട കള്ളിക്കാട് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് പന്ത ശ്രീകുമാർ മന്ത്രിക്കും ഉദ്യോഗസ്ഥർക്കും മുന്നിൽ വിഷയത്തിന്റെ ഗൗരവം വ്യക്തമാക്കി. ഇടതുപക്ഷമടക്കമാണ് പ്ലാന്റിനെതിരേ പ്രമേയം പാസാക്കിയത്. അതു ജനങ്ങൾക്കുവേണ്ടിയുള്ള തീരുമാനമാണ്. കള്ളിക്കാട് പഞ്ചായത്തിൽ ജനകീയയോഗം വിളിക്കണമെന്നും അഭിപ്രായങ്ങൾ കേൾക്കണമെന്നും ശ്രീകുമാർ പറഞ്ഞു. നെയ്യാർ മലിനമാകും എന്ന പ്രചാരണം തെറ്റാണെന്ന് മന്ത്രി എം.ബി. രാജേഷും ഉദ്യോഗസ്ഥരും മറുപടിനൽകി.

വൃത്തി 2025 കോൺക്ലേവിന്റെ ഭാഗമായി 'മാലിന്യസംസ്കരണ പദ്ധതികളും പ്രതിഷേധങ്ങളും' എന്നപേരിൽ നടന്ന മുഖാമുഖത്തിലാണ് മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരേ പ്രതിഷേധിക്കുന്ന ജനപ്രതിനിധികളടക്കം പങ്കെടുത്തത്. തങ്ങൾ പ്ലാന്റിന് എതിരല്ലെന്നും എന്നാൽ, കണ്ടെത്തിയ സ്ഥലം മാറ്റണമെന്നുമാണ് മംഗലപുരം അഴൂർ ഗ്രാമപ്പഞ്ചായത്തിൽ സമരങ്ങൾക്കു നേതൃത്വം നൽകുന്ന നിസാമുദീൻ ചൂണ്ടിക്കാട്ടിയത്.

മാലിന്യസംസ്കരണ പ്ലാന്റ് വന്നാൽ ജലാശയങ്ങളും കിണറുകളും മലിനമാകില്ലെന്നും പുത്തൻ സാങ്കേതികവിദ്യയിൽ പുറത്തേക്കുവിടുന്നത് മലിനജലമല്ലെന്നും വിദഗ്ധരും അധികൃതരും മറുപടി നൽകി. കേന്ദ്ര മാനദണ്ഡമനുസരിച്ചുള്ള ദൂരപരിധി പാലിച്ചാണ് പ്ലാന്റുകൾക്ക് അനുമതി നൽകുന്നത്. ആധുനിക പ്ലാന്റുകൾ മലിനജലമല്ല പുറത്തുവിടുന്നതെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സൺ ശ്രീകല അറിയിച്ചു. സർക്കാരിന് ഇക്കാര്യത്തിൽ തുറന്ന സമീപനമാണെന്നും എതിർപ്പുകാട്ടുന്നവരുമായി ചർച്ചയ്ക്കു തയ്യാറാണെന്നും മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. മുൻ ചീഫ് സെക്രട്ടറി കെ. വേണു മോഡറേറ്ററായി. തദ്ദേശവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട സർക്കാരിന്റെ പദ്ധതികളും ആസൂത്രണങ്ങളും വിവരിച്ചു.

12/04/2025 TRIVANDRUM Pg 13

മലയാള മനോരമ

# പ്ലാന്റിനെ എതിർക്കുന്നവരുമായി 'വൃത്തി' കോൺക്ലേവിൽ സംവാദം

### ▸▸ പ്ലാന്റുകൾ സന്ദർശിച്ചു

തിരുവനന്തപുരം ● മാലിന്യസംസ്കരണ പ്ലാന്റുകളോട് എതിർപ്പുള്ളവരും മന്ത്രിയടക്കമുള്ള സർക്കാർ പ്രതിനിധികളും തമ്മിൽ തദ്ദേശ വകുപ്പ് സംഘടിപ്പിച്ച 'വൃത്തി' കോൺക്ലേവിൽ സംവാദം. മുട്ടത്തറ സുവിജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഉൾപ്പെടെ നേരിട്ടു സന്ദർശിച്ച ശേഷമാണ് ഇവർ ചർച്ചയ്ക്ക് എത്തിയത്. തിരുവനന്തപുരം കള്ളിക്കാട്, ആറ്റിങ്ങൽ, അഴൂർ, മാറനല്ലൂർ, മലപ്പുറം കവനൂർ, പത്തനംതിട്ട കൊടുമൺ, ഇലന്തൂർ, കോട്ടയം നഗരസഭ, കാസർകോട് ചീമേനി, എറണാകുളം ആയവന, തൃക്കാക്കര, കൊല്ലം പനയം, പാലക്കാട് ചെർപ്പുളശ്ശേരി തുടങ്ങിയ സ്ഥലങ്ങളിലെ മാലിന്യപ്ലാന്റ് നിർമാണത്തോട് എതിർപ്പുള്ളവർ പങ്കെടുത്തു.

ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകളും ലാൻഡ് ഫിൽ സംവിധാനങ്ങളും ജലസ്രോതസ്സുകളെ മലിനമാക്കുമെന്നായിരുന്നു വിമർശനം. മികച്ച മാലിന്യ സംസ്കരണ മാതൃകകൾ നേതാക്കൾ സന്ദർശിക്കണമെന്ന് മന്ത്രി എം.ബി രാജേഷ് ആവശ്യപ്പെട്ടു. ചർച്ചയിൽ മുൻ ചീഫ് സെക്രട്ടറി വി.വേണു മോഡറേറ്ററായി.

ഗുരുവായൂർ നഗരസഭ ചെയർമാൻ എം.കൃഷ്ണദാസ്, ടി.വി.അനുപമ, തിരുവനന്തപുരം കോർപറേഷൻ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപഴ്സൻ ഗായത്രി ബാബു തുടങ്ങിയവർ പ്രസംഗിച്ചു.

മാലിന്യ സംസ്കരണ മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപത്തിലൂടെ കൂടുതൽ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കുമെന്നും ഇത് വ്യവസായം, ടൂറിസം തുടങ്ങിയ മേഖലകൾക്കും ഗുണകരമാകുമെന്നും ബിസിനസ് മീറ്റ് ഉദ്ഘാടനം ചെയ്ത് മന്ത്രി പി.രാജീവ് പറഞ്ഞു.

കെഎസ്ഐഡിസി എംഡി: എസ്.ഹരികിഷോർ, തദ്ദേശ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവു, കേരള ഖരമാലിന്യ സംസ്കരണ പദ്ധതി പ്രോജക്ട് ഡയറക്ടർ ദിവ്യ എസ്.അയ്യർ, മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ് എം.സി. ദത്തൻ, സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു.വി.ജോസ് തുടങ്ങിയവർ പ്രസംഗിച്ചു.

കോൺക്ലേവിന്റെ സമാപന സമ്മേളനം ഇന്നു വൈകിട്ട് 5ന് നിശാഗന്ധിയിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും. പ്രദർശനവും മികച്ച മാതൃകകളുടെ അവതരണവും കലാ സാംസ്കാരിക പരിപാടികളും ഭക്ഷ്യമേളയും നാളെയും തുടരും.

മലയാള മനോരമ

# വേസ്റ്റത്തണിൽ തിളങ്ങി പ്ലാസ്റ്റിക് സംസ്കരണ വിദ്യ

തിരുവനന്തപുരം● പ്ലാസ്റ്റിക് മാലിന്യത്തെ തെർമോകാറ്റലിറ്റിക് പ്ലാസ്റ്റിക് പൈറോളിസിസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് മൂല്യവർധിത ഉൽപന്നമാക്കി മാറ്റുന്ന സംവിധാനമാണ് വൃത്തി -2025 നോടനുബന്ധിച്ച് നടത്തിയ വേസ്റ്റത്തണിലെ താരം. തിരുവനന്തപുരം എൻജിനീയറിങ് കോളജിലെ എൻവയൺമെന്റൽ എൻജിനീയറിങ് എംടെക് വിദ്യാർഥി ധനുഷ് വിജയിയാണ് ഒന്നാം സമ്മാനം കിട്ടിയ ഈ ആശയത്തിനു പിന്നിൽ. എല്ലാത്തരം പ്ലാസ്റ്റിക് മാലിന്യം വിവിധതരം ഇന്ധനമാക്കി മാറ്റാൻ ഈ സംവിധാനത്തിലൂടെ സാധിക്കും.



ധനുഷ് വിജയ്

തിരുവനന്തപുരം സ്വദേശിനിയായ ഡോ.ജെന്നിഫർ ജോസഫ് വേസ്റ്റത്തണിൽ രണ്ടാം സ്ഥാനം നേടി. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി സെൻസറുകൾ ഉപയോഗിച്ചു പ്രവർത്തിക്കുന്ന ഓട്ടമാറ്റിക് ടേബിൾ ടോപ് സ്മാർട്ട് ബിൻ അവതരിപ്പിച്ചാണ് ജെന്നിഫർ രണ്ടാം സ്ഥാനം നേടിയത്.

കോഴിക്കോട് സ്വദേശിനിയായ എം.എസ്.ചന്ദന മൂന്നാം സ്ഥാനം നേടി. സെപ്റ്റിക് ടാങ്കുകൾക്ക് പകരം ഫലപ്രദമായൊരു പുതിയ സംവിധാനമാണ് ചന്ദന അവതരിപ്പിച്ചത്. ഏറ്റവും മികച്ച ആശയത്തിന് ഒരു ലക്ഷം രൂപയും രണ്ടാം സ്ഥാനം ലഭിച്ച ആശയത്തിന് 50000 രൂപയും മൂന്നാം സ്ഥാനം നേടിയ ആശയത്തിന് 30000 രൂപയുമാണ് സമ്മാനം.

ദേശീയ കോൺക്ലേവ് പരിപാടിയുടെ മുഖ്യ ആകർഷകമായിരുന്ന ഇരുപതോളം ഇൻസ്റ്റലേഷനുകളെല്ലാംതന്നെ വിവിധതരം അജൈവ മാലിന്യങ്ങൾ ഉപയോഗിച്ച് നിർമിച്ചവയായിരുന്നു. ഇവയിൽ മിക്കതും 30 വരെ കനകക്കുന്നിൽ നിലനിർത്താനാണ് തീരുമാനം. അതിനുശേഷം ഇവ പൊളിച്ച് ക്ലീൻ കേരള കമ്പനിക്കു കൈമാറും.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഹരിതകർമ സേന ശേഖരിച്ച് ശാസ്ത്രീയമായി തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്കു നൽകിയ വിവിധ തരം മാലിന്യങ്ങൾ ഉപയോഗിച്ചാണ് ഇൻസ്റ്റലേഷനുകൾ നിർമിച്ചത്.

# 'സീറോ വേസ്റ്റ് സിസ്റ്റ'വുമായി ധനുഷ് വേസ്റ്റത്തോണിന്റെ ചാമ്പ്യൻ

തിരുവനന്തപുരം: പ്ലാസ്റ്റിക് മാലിന്യത്തെ തെർമോകാറ്റലിറ്റിക് പ്ലാസ്റ്റിക് പൈറോളിസിസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ലിക്വിഡ് ഗോൾഡാക്കി മാറ്റുന്ന സംവിധാനമാണ് വൃത്തി -2025നോടനുബന്ധിച്ച് നടത്തിയ വേസ്റ്റത്തോണിലെ താരം. തിരുവനന്തപുരം എൻജിനീയറിങ് കോളജിലെ എൻവയോൺമെന്റൽ എൻജിനീയറിങ് എംടെക് വിദ്യാർഥി ധനുഷ് വിജയാണ് ഈ നൂതനാശയത്തിനു പിന്നിൽ. ഉപയോഗശേഷം വലിച്ചെറിയുന്ന എല്ലാത്തരം പ്ലാസ്റ്റിക് മാലിന്യങ്ങളെയും വിവിധതരം ഇന്ധനമാക്കി മാറ്റാൻ ഈ സംവിധാനത്തിലൂടെ സാധിക്കും.

താപ-വൈദ്യുത ജനറേറ്ററുകൾ, ബോയിലറുകൾ, ഇൻസിനറേറ്ററുകൾ, സിമന്റ് ഫാക്ടറികൾ, ഡീസൽ എൻജിനുകൾ, മത്സ്യബന്ധന ബോട്ടുകൾ ഇങ്ങനെയുള്ളവയിൽ ഉപയോഗിക്കാനാകുന്ന പൈറോ ഫ്യൂവൽ, എൽപിജിക്കും സിഎൻജിക്കും പകരമായി ഉപയോഗിക്കുന്നതിനൊപ്പം, തെർമോകാറ്റലിറ്റിക് പൈറോളിസിസ് സംവിധാനത്തിന് ആവശ്യമായ ഊർജം ഉല്പാദിപ്പിക്കാനും ഉപയോഗിക്കാവുന്ന പൈറോ ഗ്യാസ് എന്നിവയാണ് ഇവയിൽ പ്രധാനം. ഖര രൂപത്തിൽ ലഭിക്കുന്ന പൈറോ ചാർ, ബിറ്റുമിനുമായി ചേർത്ത് മികച്ച ഈടുനിൽക്കുന്ന റോഡുകൾ നിർമിക്കാൻ ഉപയോഗിക്കാൻ സാധിക്കും.



തിരുവനന്തപുരം പൗഡിക്കോണം സ്വദേശിയായ റിട്ടയേർഡ് എസ്ഐ വിജയന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എൻജിനീയറായ രേണുകയുടെയും മകനാണ് ധനുഷ്.

മാലിന്യ സംസ്കരണ മേഖലയിലെ നൂതനാശയങ്ങളുടെ മത്സരവേദിയായ വേസ്റ്റത്തോണിൽ അഖിലേന്ത്യാ തലത്തിൽ ലഭിച്ച എൻട്രികളിൽനിന്ന് തിരഞ്ഞെടുത്ത 37 ആശയങ്ങളാണ് അവതരിപ്പിച്ചത്. ഖര, ദ്രവ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ആശയങ്ങൾ പ്രത്യേക വിഭാഗങ്ങളായാണ് മത്സരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സിഎസ്ഐആർ-എൻഐഐഎസ്ടി, മദ്രാസ് ഐഐടി അടക്കം രാജ്യത്തെ പ്രമുഖ വിദ്യാഭ്യാസ-ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള ആശയങ്ങളും വേസ്റ്റത്തോണിന്റെ ഭാഗമായി അവതരിപ്പിക്കപ്പെട്ടു.

തിരുവനന്തപുരം സ്വദേശിനിയായ ഡോ. ജെന്നിഫർ ജോസഫ് വേസ്റ്റത്തോണിൽ രണ്ടാം സ്ഥാനം നേടി. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി സെൻസറുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഓട്ടോമാറ്റിക് ടേബിൾ ടോപ് സ്മാർട്ട് ബിൻ അവതരിപ്പിച്ചാണ് ജെന്നിഫർ രണ്ടാം സ്ഥാനം നേടിയത്. കോഴിക്കോട് സ്വദേശിനിയായ ചന്ദന എം എസ് മൂന്നാം സ്ഥാനം നേടി. നിലവിലുള്ള സെപ്റ്റിക് ടാങ്കുകൾക്ക് പകരം ഫലപ്രദമായൊരു പുതിയ സംവിധാനമാണ് ചന്ദന അവതരിപ്പിച്ചത്. ഏറ്റവും മികച്ച ആശയത്തിന് ഒരു ലക്ഷം രൂപയും രണ്ടാം സ്ഥാനം ലഭിച്ച ആശയത്തിന് 50,000 രൂപയും മൂന്നാം സ്ഥാനം നേടിയ ആശയത്തിന് 30,000 രൂപയുമാണ് സമ്മാനം.

Mathrubhumi
മാതൃഭൂമി

# പ്ലാസ്റ്റിക് ഇന്ധനമാക്കി ധനുഷ് 'വേസ്റ്റത്തൺ' ചാമ്പ്യനായി

**തിരുവനന്തപുരം ▸** വൃത്തി കോൺക്ലേവിലെ വേസ്റ്റത്തണിൽ തിരുവനന്തപുരം എൻജിനിയറിങ് കോളേജിലെ എൻവയൺമെന്റൽ എൻജിനിയറിങ് എംടെക് വിദ്യാർഥി ധനുഷ് വിജയൻ ചാമ്പ്യൻ.

പ്ലാസ്റ്റിക് മാലിന്യത്തെ പൈറോളിസിസ് സാങ്കേതികവിദ്യ ഉപയോഗിച്ച് ഇന്ധനമാക്കിമാറ്റുന്ന സംവിധാനത്തിനാണ് ധനുഷിനു സമ്മാനം. ഉപയോഗശേഷം വലിച്ചെറിയുന്ന എല്ലാത്തരം പ്ലാസ്റ്റിക് മാലിന്യത്തെയും വിവിധതരം ഇന്ധനമാക്കാൻ ഈ സംവിധാനത്തിലൂടെ സാധിക്കും.

തിരുവനന്തപുരം പൗഡിക്കോണം സ്വദേശിയായ റിട്ടയേർഡ് എസ്ഐ വിജയേന്ദ്രന്റെയും തദ്ദേശവകുപ്പിൽ



▶ ധനുഷ് വിജയൻ

അസിസ്റ്റന്റ് എൻജിനിയറായ ലതയുടെയും മകനാണ് ധനുഷ്. തിരുവനന്തപുരം സ്വദേശി ഡോ. ജെന്നിഫർ ജോസഫ് രണ്ടാംസ്ഥാനവും കോഴിക്കോട് സ്വദേശി ചന്ദന എം.എസ്. മൂന്നാംസ്ഥാനവും നേടി. ഏറ്റവും മികച്ച ആശയത്തിന് ഒരു ലക്ഷം രൂപയും രണ്ടാംസ്ഥാനത്തിന് 50000 രൂപയും മൂന്നാംസ്ഥാനത്തിന് 30000 രൂപയുമാണ് സമ്മാനം. അഖിലേന്ത്യാതലത്തിൽ ലഭിച്ച എൻട്രികളിൽനിന്നു തിരഞ്ഞെടുത്ത 37 ആശയങ്ങളാണ് അവതരിപ്പിച്ചത്.

കേരള കൗമുദി
Trivandrum 14 Apr 2025

# വൃത്തി കോൺക്ലേവ് പ്രദർശനം സമാപിച്ചു

## ■ ഇൻസ്റ്റലേഷനുകൾ 30 വരെ

തിരുവനന്തപുരം: തദ്ദേശ വകുപ്പിന്റെ വൃത്തി ദേശീയ കോൺക്ലേവ് പ്രദർശനം സമാപിച്ചു. പരിപാടിയുടെ മുഖ്യ ആകർഷകമായിരുന്ന,വിവിധ ആശയങ്ങളുടെ അടിസ്ഥാനത്തിൽ നിർമ്മിച്ച ഇരുപതോളം ഇൻസ്റ്റലേഷനുകൾ 30 വരെ കനകക്കുന്നിൽ നിലനിറുത്താനാണ് തീരുമാനം.

വിവിധതരം അജൈവ മാലിന്യങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച ഇവ അതിനുശേഷം പൊളിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറും. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഹരിതകർമ്മസേന ശേഖരിച്ച് ശാസ്ത്രീയമായി തരംതിരിച്ച് ക്ലീൻകേരള കമ്പനിക്ക് നൽകിയ വിവിധ തരം മാലിന്യങ്ങൾ ഉപയോഗിച്ചാണ് ഇൻസ്റ്റലേഷനുകൾ നിർമ്മിച്ചത്. റീസൈക്ലിംഗ് സാദ്ധ്യമാകുന്നവ റീസൈക്ലിംഗ് കേന്ദ്രങ്ങളിലേക്കും അല്ലാത്തവ സംസ്കരണ കേന്ദ്രങ്ങളിലേക്കും മാറ്റും.

### സീറോ വേസ്റ്റ് സംവിധാനവുമായി ധനുഷ്


ധനുഷ്

തിരുവനന്തപുരം: പ്ലാസ്റ്റിക് മാലിന്യത്തെ തെർമോകാറ്റലിറ്റിക് പ്ലാസ്റ്റിക് പൈറോളിസിസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ലിക്വിഡ് ഗോൾഡാക്കി മാറ്റുന്ന സംവിധാനവുമായി ധനുഷ് വിജയ്. വൃത്തി 2025നോടനുബന്ധിച്ച് നടത്തിയ വേസ്റ്റത്തോണിലാണ് ഈ ആശയം അവതരിപ്പിച്ചത്. തിരുവനന്തപുരം എൻജിനിയറിംഗ് കോളേജിലെ എൻവയൺമെന്റൽ എൻജിനിയറിംഗ് എം.ടെക് വിദ്യാർത്ഥിയാണ് ധനുഷ്.എല്ലാത്തരം പ്ലാസ്റ്റിക് മാലിന്യങ്ങളെയും വിവിധതരം ഇന്ധനമാക്കി മാറ്റാൻ ഈ സംവിധാനത്തിലൂടെ സാധിക്കും. ഖര രൂപത്തിൽ ലഭിക്കുന്ന പൈറോചാർ,ബിറ്റുമിനുമായി ചേർത്ത് കൂടുതൽ ഈടുനിൽക്കുന്ന റോഡുകൾ നിർമ്മിക്കാൻ ഉപയോഗിക്കാൻ സാധിക്കും.

തിരുവനന്തപുരം പൗഡിക്കോണം സ്വദേശിയായ റിട്ട. എസ്.ഐ വിജയേന്ദ്രന്റെയും തദ്ദേശസ്വയംഭരണവകുപ്പിൽ അസിസ്റ്റന്റ് എൻജിനിയറായ ലതയുടെയും മകനാണ് ധനുഷ്. തിരുവനന്തപുരം സ്വദേശിയായ ഡോ. ജെന്നിഫർ ജോസഫ് വേസ്റ്റത്തോണിൽ രണ്ടാം സ്ഥാനം നേടി. കോഴിക്കോട് സ്വദേശി ചന്ദന.എം.എസ് മൂന്നാം സ്ഥാനവും നേടി. ഏറ്റവും മികച്ച ആശയത്തിന് ഒരു ലക്ഷം രൂപയും രണ്ടാം സ്ഥാനത്തിന് 50000 രൂപയും മൂന്നാം സ്ഥാനത്തിന് 30000 രൂപയുമാണ് സമ്മാനം.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Trivandrum

# മാലിന്യസംസ്കരണം: ബോധവൽക്കരണം മുതൽ പരിഹാരം വരെ

# 'വൃത്തി 2025' പ്രദർശനങ്ങൾ ഇന്നുകൂടി

തിരുവനന്തപുരം: പച്ചപ്പും ശുദ്ധിയുടെ തെളിനീരുമായി സുന്ദരമായിരുന്ന നമ്മുടെ നാടിന് എന്തുപറ്റിയെന്ന ചിന്ത കാഴ്ചക്കാരിൽ ജനിപ്പിക്കുകയാണ് വൃത്തി 2025ലെ പ്രദർശനങ്ങൾ. ഒപ്പം ഏതുതരം മാലിന്യത്തേയും ശാസ്ത്രീയമായി കൈകാര്യം ചെയ്യാനുള്ള സാങ്കേതിക വിദ്യകളും നൂതന മാർഗങ്ങളും എന്തൊക്കെയാണെന്നും പ്രദർശന സ്റ്റാളുകൾ കാണിച്ചുതരുന്നു. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ രംഗത്ത് ചെയ്തുവരുന്ന കാര്യങ്ങളും പ്രദർശനത്തിലുണ്ട്.

മാലിന്യസംസ്കരണത്തിലെ പരമ്പരാഗത-നൂതന വിദ്യകളെ കോർത്തിണക്കി ഓരോ ഭൂപ്രദേശവും മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യത്തിന്റെ മാതൃകയാണ് വൃത്തിപ്പൂർ ഗ്രാമം. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുകയും ഉത്തരവാദിത്വബോധത്തോടെയുള്ള സംസ്കരണ രീതി കാണിച്ച് തരികയുമാണ് ഇക്കോബ്രിക്ക് സ്റ്റാൾ. വീട്ടിലെത്തുന്ന പ്ലാസ്റ്റിക് ഇക്കോബ്രിക്ക് ആക്കി മാറ്റുന്നതെങ്ങനെയെന്ന് ഈ സ്റ്റാളിൽ കാണാം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാസ്ത്രീയ മാലിന്യ സംസ്കരണ പങ്കാളികളാണ് ഗ്രീൻവേംസ്. തരംതിരിച്ച അജൈവമാലിന്യങ്ങൾക്ക് മികച്ച മൂല്യം നൽകി റീസൈക്ലിങ് സാധ്യമായവയുടെ പുനഃചംക്രമണം സാധ്യമാക്കുന്നത് മുതൽ ഹരിത കർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണവുമെല്ലാം അവർ നിർവഹിക്കുന്നു.

സ്ഥിരം പ്രദർശനങ്ങളിൽ നിന്ന് ഭിന്നമായി ബോധവത്കരണ പാഠങ്ങളെ സാങ്കേതികതികവിലൂടെ കാണികളിൽ അനുഭവവേദ്യമാക്കുകയാണ് മിക്സഡ് റിയാലിറ്റിയിലൂടെ. മാലിന്യങ്ങൾ ശാസ്ത്രീയമായി നീക്കുന്നതിനെ സംബന്ധിച്ചിട്ടുള്ളതാണ് പ്രദർശനം. മാലിന്യം കുറച്ചു കൊണ്ട് പ്രകൃതിസൗഹൃദ രീതികളെ സ്വീകരിച്ചുകൊണ്ട്, ലാർവ പോലുള്ളവയുടെ ഉപയോഗത്തെ പ്രയോജനപ്പെടുത്തുന്ന സംവിധാനങ്ങളും പ്രദർശനത്തിൽ വിസ്മയങ്ങൾ തീർക്കുകയാണ്.

തിരുവനന്തപുരം നഗരസഭയുടെ അത്യാധുനിക ജെറ്റർ സക്കർ മലിന ജല ശേഖരണ ടാങ്കർ, കൊച്ചി നഗരസഭയുടെ സ്ട്രീറ്റ് സ്വീപ്പിങ് മെഷീൻ തുടങ്ങിയവയും പ്രദർശനത്തിലുണ്ട്.

സുപ്രഭാതം

# ക്ലീൻ കേരള കോൺക്ലേവ് 'വൃത്തി- 2025'ന് സമാപനം

**തിരുവനന്തപുരം ▸** കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന ദേശീയ ക്ലീൻ കേരള കോൺക്ലേവ് 'വൃത്തി-2025' സമാപിച്ചു.

വൃത്തി ക്ലീൻ കേരള കോൺക്ലേവ് 2025ൽ നടന്ന ബിസിനസ് മീറ്റിൽ 2,900 കോടിയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചതായി മന്ത്രി എം.ബി രാജേഷ് അറിയിച്ചു. മാലിന്യസംസ്കരണ പദ്ധതികൾക്കെതിരെ പ്രതിഷേധിക്കുന്ന വ്യക്തികളെയും പദ്ധതി നടപ്പാക്കുന്നവരെയും ഒരുമിപ്പിച്ച പൊതുഫോറം വിജയകരമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

മാലിന്യ സംസ്കരണം മികച്ച രീതിയിൽ നടപ്പാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡുകൾ ഗവർണർ സമ്മാനിച്ചു. മികച്ച പഞ്ചായത്തിനുള്ള ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം ആമ്പല്ലൂർ, മണിയൂർ, പുന്നപ്ര പഞ്ചായത്തുകൾ നേടി.

മികച്ച മുനിസിപ്പാലിറ്റിക്കുള്ള അവാർഡ് ഗുരുവായൂർ, ആന്തൂർ, പെരുന്തൽമണ്ണ മുനിസിപ്പാലിറ്റികളും മികച്ച കോർപറേഷനുകളായി കോഴിക്കോട് തൃശ്ശൂർ, കോർപറേഷനുകളും, തിരുവനന്തപുരം കോർപറേഷന് ആറ്റുകാൽ പൊങ്കാല സ്കൂൾ യുവജനോത്സവം എന്നീ വലിയ പരിപാടികൾ സംബന്ധിച്ച മാലിന്യ നിർമാർജനം വിജയകരമായി നടപ്പാക്കിയതിനുള്ള പ്രത്യേക അവാർഡും സമ്മാനിച്ചു.

## വൃത്തി 2025 സമാപന സമ്മേളനം ഇന്ന്

**തിരുവനന്തപുരം:** സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം കനകക്കുന്നിൽ സംഘടിപ്പിക്കുന്ന വൃത്തി 2025 ദേശീയ കോൺക്ലേവിന്റെ സമാപന സമ്മേളനം ഇന്ന് വൈകുന്നേരം അഞ്ചിന് നിശാഗന്ധിയിൽ കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് അധ്യക്ഷനാകും. നിയമസഭ സ്പീക്കർ എ.എൻ. ഷംസീർ മുഖ്യപ്രഭാഷണം നടത്തും. തുടർന്ന് കോൺക്ലേവിലെ വിവിധ പരിപാടികളിൽ പങ്കെടുത്തവർക്കുള്ള സമ്മാന വിതരണം നടക്കും. കോൺക്ലേവിന്റെ ഭാഗമായുള്ള പ്രദർശനവും മികച്ച മാതൃകകളുടെ അവതരണവും കലാസാംസ്കാരിക പരിപാടികളും ഭക്ഷ്യമേളയും നാളെയും തുടരും.

പ്രത്യേക തരം മാലിന്യങ്ങളുടെ പരിപാലനം സാങ്കേതിക വിദ്യകളും അനുവർത്തിക്കാവുന്ന മാതൃകകളും, സർക്കുലർ എക്കോണമിയിൽ സാമ്പത്തിക നയങ്ങളുടെ ആവശ്യകതകളും അനുവർത്തിക്കാവുന്ന മാതൃകകളും, മാലിന്യ സംസ്കരണത്തിലെ മികച്ച വിവര വിനിമയ വ്യാപന മാതൃകകൾ, മാലിന്യ സംസ്കരണത്തിലെ ഹീറോമാർ (ഓപ്പൺ ഫോറം), കേരളത്തിലെ ഗ്രേ വാട്ടർ മാനേജ്മെന്റ്, ശുചിത്വത്തിലെ സമഗ്രത, കേരളത്തിലെ എമർജൻസി റെസ്പോൺസ് സാനിറ്റേഷൻ യൂണിറ്റുകൾ, കാലാവസ്ഥാ പ്രതിരോധവും മാലിന്യ സംസ്കരണ സംവിധാനങ്ങളും എന്നീ വിഷയങ്ങളിൽ ഇന്ന് വിവിധ വേദികളിലായി ചർച്ചകൾ നടക്കും. രാവിലെ ഒമ്പതു മുതൽ വൈകുന്നേരം 5 വരെ ഫോസ് ഹാൾ കനകാംബരം എന്നീ വേദികളിലായി വിവിധ ജില്ലകളിൽ നിന്നുള്ള ശുചിത്വ മാതൃകകളുടെ അവതരണം നടക്കും.

## ഇപിആർ: ചർച്ച സംഘടിപ്പിച്ചു

**തിരുവനന്തപുരം:** കേരളത്തിൽനിന്ന് റീസൈക്ലിംഗിന് ലഭിക്കുന്ന പ്ലാസ്റ്റിക് മാലിന്യം താരതമ്യേന മികച്ച ഗുണനിലവാരമുള്ളവയാണെന്ന് ഡാൽമിയ സിമന്റ് ബിസിനസ് ഡെവലപ്മെന്റ് ഹെഡ് ശാരിക നുപുർ പറഞ്ഞു. മാലിന്യസംസ്കരണ രംഗത്തെ സുപ്രധാന മേഖലകളിലൊന്നായ ഉത്പാദകരുടെ ഉത്തരവാദിത്തം (ഇപിആർ) എന്ന വിഷയത്തിൽ വൃത്തി കോൺക്ലേവിൽ നടന്ന ചർച്ചയിൽ സംസാരിക്കുകയായിരുന്നു അവർ.

ഇപിആറിനെ ഒരു ബാധ്യതയായി കാണാതെ, ബ്രാൻഡ് മൂല്യം വർധിപ്പിക്കാനുള്ള അവസരമായി കാണണമെന്ന് ബിസ്‌ലെരി ഇന്ത്യ സിഎസ്ആർ ഹെഡ് ജൈബു കുര്യൻ പറഞ്ഞു. ഇപിആർ ഒരു നല്ല അവസരമാണെന്നും, സുസ്ഥിരതയും സാമൂഹിക പ്രതിബദ്ധതയും ഉപഭോക്താക്കൾക്ക് മുന്നിൽ അവതരിപ്പിക്കാൻ ഇത് സഹായിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കേരളത്തിൽ കൂടുതൽ റീസൈക്ലിംഗ് യൂണിറ്റുകൾ സ്ഥാപിക്കാൻ ബിസ്‌ലെരി തയാറാണെന്നും അദ്ദേഹം അറിയിച്ചു. ഉയർന്ന ട്രാൻസ്പോർട്ടേഷൻ ചെലവുകളും, കുറഞ്ഞ വിലയും, ഇപിആർ ക്രെഡിറ്റുകൾ ലഭിക്കുന്നതിലെ ബുദ്ധിമുട്ടുകളും ഗ്രീൻവേംസ് സ്ഥാപകൻ ജാബിർ കാരാട്ട് ചൂണ്ടിക്കാട്ടി. കേരളത്തിലെ പല പ്രമുഖ ബ്രാൻഡുകളും ഇപിആർ കാര്യക്ഷമമായി നടപ്പാക്കുന്നില്ലെന്ന വിമർശനവും അദ്ദേഹം ഉന്നയിച്ചു.

ഇപിആർ നടപ്പാക്കുന്നതിൽ തങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കേരള പ്ലാസ്റ്റിക് മാനുഫാക്ചറേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ജെ. സുനിൽ പങ്കുവച്ചു. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയവർക്ക് പോലും പലതരം പ്രശ്നങ്ങളുണ്ട്. നിയമം അനുസരിക്കുന്നവരെ പ്രോത്സാഹിപ്പിക്കുകയും, നിയമം ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം. രജിസ്ട്രേഷൻ പ്രക്രിയ ലളിതമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ജിസ് ഇന്ത്യ അഡ്വൈസർ ജെ.എം. വിവേക് മോഡറേറ്ററായ ചർച്ചയിൽ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സൺ ശ്രീകല എസ്. അധ്യക്ഷത വഹിച്ചു.

# വൃത്തി 2025: സമാപന സമ്മേളനം ഇന്ന്, പ്രദർശനം നാളെക്കൂടി

തിരുവനന്തപുരം: സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ കനകക്കുന്നിൽ സംഘടിപ്പിക്കുന്ന വൃത്തി 2025 ദേശീയ കോൺക്ലേവിന്റെ സമാപന സമ്മേളനം ഇന്ന് വൈകിട്ട് അഞ്ച് മണിക്ക് നിശാഗന്ധിയിൽ കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് അധ്യക്ഷനാകും. നിയമസഭാ സ്പീക്കർ എം എൻ ഷംസീർ മുഖ്യപ്രഭാഷണം നടത്തും.

തുടർന്ന് കോൺക്ലേവിലെ വിവിധ പരിപാടികളിൽ പങ്കെടുത്തവർക്കുള്ള സമ്മാന വിതരണം നടക്കും. കോൺക്ലേവിന്റെ ഭാഗമായുള്ള പ്രദർശനവും മികച്ച മാതൃകകളുടെ അവതരണവും കലാസാംസ്കാരിക പരിപാടികളും ഭക്ഷ്യമേളയും നാളെയും ഉണ്ടാകും.

പ്രത്യേക തരം മാലിന്യങ്ങളുടെ പരിപാലനം- സാങ്കേതിക വിദ്യകളും അനുവർത്തിക്കാവുന്ന മാതൃകകളും, സർക്കുലർ ഇക്കോണമിയിൽ സാമ്പത്തിക നയങ്ങളുടെ ആവശ്യകതകളും അനുവർത്തിക്കാവുന്ന മാതൃകകളും, മാലിന്യ സംസ്കരണത്തിലെ മികച്ച വിവര വിജ്ഞാന വ്യാപന മാതൃകകൾ, മാലിന്യ സംസ്കരണത്തിലെ ഹീറോമാർ (ഓപ്പൺ ഫോറം), കേരളത്തിലെ ഗ്രേ വാട്ടർ മാനേജ്മെന്റ്, ശുചിത്വത്തിലെ സമഗ്രത, കേരളത്തിലെ എമർജൻസി റെസ്പോൺസ് സാനിറ്റേഷൻ യൂണിറ്റുകൾ, കാലാവസ്ഥാ പ്രതിരോധവും മാലിന്യ സംസ്കരണ സംവിധാനങ്ങളും എന്നീ വിഷയങ്ങളിൽ ഇന്ന് വിവിധ വേദികളിലായി ചർച്ചകൾ നടക്കും.

രാവിലെ ഒമ്പത് മുതൽ വൈകിട്ട് 4.30വരെ പാലസ് ഹാൾ കനകാംബരം എന്നീ വേദികളിലായി വിവിധ ജില്ലകളിൽ നിന്നുള്ള ശുചിത്വ മാതൃകകളുടെ അവതരണം നടക്കും.

മാസ്കറ്റ് ഹോട്ടലിൽ വേസ്റ്റത്തോൺ മത്സരം ഇന്ന് അവസാനിക്കും. വൈകിട്ട് ഏഴിനാരംഭിക്കുന്ന സാംസ്കാരിക പരിപാടികളുടെ ഭാഗമായി നിശാഗന്ധിയിൽ ചലച്ചിത്രതാരം റിമ കല്ലിങ്കലിന്റെ നേതൃത്വത്തിൽ 'നായിക' നൃത്ത സന്ധ്യ അരങ്ങേറും. രാവിലെ 10 മണിക്ക് കനകക്കുന്ന് പരിസരത്ത് വിനു പട്ടിമറ്റം അവതരിപ്പിക്കുന്ന പപ്പറ്റ് ഷോയും വൈകിട്ട് അഞ്ചിന് കെ കെ ലക്ഷ്മണൻ മാസ്റ്റർ അവതരിപ്പിക്കുന്ന സോളോ നാടകവും അരങ്ങേറും.

# മാലിന്യരഹിതം 'വൃത്തി'; ഇൻസ്റ്റലേഷനുകൾ 30 വരെ, ശേഷം പുനഃചംക്രമണത്തിന്

തിരുവനന്തപുരം: മാലിന്യം കൈകാര്യം ചെയ്യുന്നതിനെപ്പറ്റിയുള്ള അവബോധം സൃഷ്ടിക്കുന്നതിനൊപ്പം മാലിന്യരഹിതമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചും എങ്ങനെ ഒരു ഇവന്റ് പരിപാടി സംഘടിപ്പിക്കാമെന്നതിനുള്ള ഉദാഹരണം കൂടിയായി മാറി കനകക്കുന്നിൽ സമാപിച്ച വൃത്തി ദേശീയ കോൺക്ലേവ്. പരിപാടിയുടെ മുഖ്യ ആകർഷകമായിരുന്നു, വിവിധങ്ങളായ ആശയങ്ങളുടെ അടിസ്ഥാനത്തിൽ നിർമ്മിച്ച 20ഓളം ഇൻസ്റ്റലേഷനുകളെല്ലാം തന്നെ വിവിധതരം അജൈവ മാലിന്യങ്ങൾ ഉപയോഗിച്ച് നിർമ്മിച്ചവയായിരുന്നു. ഇവയിൽ മിക്കതും 30 വരെ കനകക്കുന്നിൽ നിലനിർത്താനാണ് തീരുമാനം. അതിനുശേഷം ഇവ പൊളിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറും.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഹരിതകർമ്മ സേന ശേഖരിച്ച് ശാസ്ത്രീയമായി തരംതിരിച്ച് ക്ലീൻകേരള കമ്പനിക്ക് നൽകിയ വിവിധ തരം മാലിന്യങ്ങൾ ഉപയോഗിച്ചാണ് ഇൻസ്റ്റലേഷനുകൾ നിർമ്മിച്ചത്. പൂർണമായും പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് നിർമ്മിച്ച സർപ്പശില്പം, വ്യാളി, ഉപയോഗശൂന്യമായ ബോട്ടുകളിൽ നിന്നും നിർമ്മിച്ച ആമ, ചിത്രശലഭങ്ങൾ, പാഴ്‌വസ്തുക്കളിൽനിന്ന നിർമ്മിച്ച [illegible], മത്സ്യം, കടൽ [illegible] മുതൽ ജലവിഭവങ്ങളുടെ പ്രതിനിധിയായ [illegible] ങ്ങിനെയായൊക്കെ നമ്മുടെ മാലിന്യം മറ്റൊരാൾക്ക് വിഭവമായി മാറുന്ന ഒരു ചക്രത്തിൽ മാലിന്യം എന്നൊന്ന് ഇല്ലാതാകുന്ന എന്ന് സന്ദേശം നൽകുന്നവയായിരുന്നു.

താൽക്കാലികമായി നിലനിറുത്തുന്ന ഇൻസ്റ്റലേഷനുകൾ 30നു ശേഷം പൊളിച്ചെടുത്ത് വേർതിരിച്ച് ക്ലീൻ കേരള കമ്പനിയിലേക്കുതന്നെ തിരിച്ചുനൽകും. അവിടെ നിന്ന് റീസൈക്ലിങ് സാധ്യമാകുന്നവ റീസൈക്ലിങ് കേന്ദ്രങ്ങളിലേക്കും അല്ലാത്തവ സംസ്കരണ കേന്ദ്രങ്ങളിലേക്കും പോകും.

കോൺക്ലേവിലെ ഭക്ഷ്യമേളയിൽ ഉൾപ്പെടെ ഡിസ്പോസിബിൾ ഉല്പന്നങ്ങൾ ഉണ്ടായിരുന്നില്ല. വേദികളിൽ ചില്ല് കുപ്പികളിലും ഗ്ലാസുകളിലുമാണ് വെള്ളം വിതരണം ചെയ്തത്. കനകക്കുന്നിൽ വിവിധ ഇടങ്ങളിലായി വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുകയും വെള്ളം കുടിക്കാൻ സ്റ്റീൽ ഗ്ലാസുകൾ വയ്ക്കുകയും ചെയ്തിരുന്നു. ഭക്ഷ്യമേളയിൽ ഉല്പാദിപ്പിക്കപ്പെട്ടിരുന്ന മലിന ജലം ടാങ്കർ ലോറികളിലാക്കി മുട്ടത്തറയിലെ സംസ്കരണ പ്ലാന്റിലെത്തിച്ച് ശാസ്ത്രീയമായ സംസ്കരണം ഉറപ്പുവരുത്തിയിരുന്നു. ഭക്ഷണാവശിഷ്ടങ്ങൾ അംഗീകൃത ഏജൻസികൾ വഴി ശാസ്ത്രീയ സംസ്കരണത്തിനായി കൈമാറി.

എല്ലാ അടക്കമുള്ള നിരോധിത വസ്തുക്കൾ പൂർണമായും ഒഴിവാക്കി പൊളി എത്തലീൻ പോലെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുള്ള ഉല്പന്നങ്ങൾ ഉപയോഗിച്ചാണ് കോൺക്ലേവിന്റെ പ്രചരണ ബോർഡുകൾ സ്ഥാപിച്ചിരുന്നത്. ഇവയും സംസ്കരണത്തിനും പുനരുപയോഗത്തിനുമായുള്ള കേന്ദ്രങ്ങളിലേക്ക് മാറ്റും. കോൺക്ലേവ് വേദിയിൽ അവശേഷിക്കുന്ന മാലിന്യങ്ങളെല്ലാം കൃത്യമായി ശേഖരിക്കാനും തരംതിരിച്ച് സംസ്കരണം ഉറപ്പുവരുത്താനുമുള്ള സംവിധാനം ഉണ്ടാക്കിയിരുന്നു.



കനകക്കുന്നിൽ നടക്കുന്ന വൃത്തി കോൺക്ലേവിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച പ്രതിമയ്ക്ക് മുന്നിൽ ചിത്രം പകർത്തുന്ന സന്ദർശകർ



തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം കനകക്കുന്നിൽ സംഘടിപ്പിച്ച വൃത്തി- 2025 ദേശീയ കോൺക്ലേവിന്റെ ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ മുഹമ്മദ് റിയാസ്, എം.ബി. രാജേഷ്, കെ. രാജൻ, ജി.ആർ. അനിൽ എന്നിവർ സമീപം. കെ. ബി.ജയചന്ദ്രൻ

കേരള കൗമുദി

Thiruvanan 10 Apr 2025




വൃത്തി 2025 ക്ലീൻ കേരള കോൺക്ലേവ് തിരുവനന്തപുരം നിശാഗന്ധിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രിമാരായ പി.എ.മുഹമ്മദ് റിയാസ്, എം.ബി. രാജേഷ്, കെ.രാജൻ, ജി.ആർ.അനിൽ, എം.എൽ.എമാരായ കടകംപള്ളി സുരേന്ദ്രൻ, ആന്റണി രാജു, കടയ്ക്കാവൂർ പഞ്ചായത്തിലെ ഹരിതകർമ്മ സേനാംഗങ്ങളായ സതികുമാരി, നിഷ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ്കുമാർ, എം.എൽ.എമാരായ ഒ.എസ്. അംബിക, എ. ആൻസലൻ എന്നിവർ സമീപം ഫോട്ടോ : അജയ് മധു



തിരുവനന്തപുരം കനകക്കുന്നിൽ നടക്കുന്ന വൃത്തി കോൺക്ലേവിന്റെ ഭാഗമായി പഴയ ബാഗുകളും ഡിസ്പോസബിൾ പ്ലേറ്റും കൊണ്ട് നിർമിച്ച ആമയുടെ രൂപം -അരവിന്ദ് ലെനിൻ

MAGZTER

## കൗതുക സഞ്ചി...

CAPITAL CLICK

കെ.ബി.ജയചന്ദ്രൻ





[illegible]

MAGZTER



POISONOUS HAZARD

Workers carry a 'serpent' installation made of plastic junk to the venue of 'Vruthi 2025' national conclave on waste management in Kanakakunnu | VINCENT PULICKAL

MAGZTER




ദേശീയ ഗ്രീൻ കേരള കോൺക്ലേവ് 'വൃത്തി 2025'ന്റെ ഉദ്ഘാടനം കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു



വൃത്തി കോൺക്ലേവിന്റെ ഭാഗമായി കനകക്കുന്ന് വളപ്പിൽ പാഴ്‌വസ്തുക്കൾ കൊണ്ട് നിർമിച്ച വ്യാളിയുടെ രൂപം. പാർക്കും ഇന്നലെ സമാപിച്ചു



കനകക്കുന്നിൽ നടക്കുന്ന വൃത്തി കോൺക്ലേവിന്റെ പ്രദർശന കവാടത്തിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ബോട്ടിലുകൾ കൊണ്ട് നിർമിച്ച ഇൻസ്റ്റലേഷൻ നോക്കി കാണുന്ന ശുചീകരണ തൊഴിലാളികൾ




കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന ദേശീയ ക്ലീൻ കേരള കോൺക്ലേവ് 'വൃത്തി 2025'ന്റെ ഭാഗമായി കവാടത്തിൽ ഉപയോഗശൂന്യമായി വലിച്ചെറിയപ്പെടുന്ന വസ്തുക്കൾകൊണ്ട് നിർമിച്ച കലാരൂപത്തിന്റെ ചിത്രമെടുക്കുന്ന നഗരസഭാ ശുചീകരണ തൊഴിലാളി

## *Reimagining scraps*



**Finders of gems:** Volunteers of the Haritha Karma Sena checking out an art installation of an octopus made with plastic waste on the Kanakakunnu Palace premises as part of the Clean Kerala Conclave in Thiruvananthapuram on Saturday. NIRMAL HARINDRAN



വൃത്തികോൺക്ലേവിന്റെ ഭാഗമായി കനകക്കുന്നിൽ പാഴ്‌വസ്തുക്കൾ കൊണ്ട് നിർമ്മിച്ച ദിനോസറിന്റെ മാതൃക



കനകക്കുന്നിൽ വൃത്തി കോൺക്ലേവ് 2025 നോടനുബന്ധിച്ച് പഴയ ബാഗുകളും പ്ലാസ്റ്റിക് അവശിഷ്ടങ്ങളും കൊണ്ട് തീർത്ത ഭീമൻ ആമയുടെ രൂപം. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപകരണങ്ങൾ കൊണ്ട് നിർമിച്ച പത്തോളം ആർട്ട് ഇൻസ്റ്റലേഷനുകൾ ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. ഫോട്ടോ | ശിവജികുമാർ ടി



## HATS OFF!

A child tries to put a hat over a tortoise-shaped installation made of school bags at the venue of 'Vrthi 2025' national conclave at Kanakakunnu Palace in Thiruvananthapuram. The initiative, part of the Malinya Muktham Navakeralam campaign, aims to facilitate discussions and solutions across all aspects of waste management | VINCENT PULICKAL



## പാഴായില്ല:

മാലിന്യസംസ്കരണ മേഖലയുമായി ബന്ധപ്പെട്ടു തദ്ദേശ വകുപ്പും ശുചിത്വ മിഷനും ചേർന്നു സംഘടിപ്പിക്കുന്ന വൃത്തി കോൺക്ലേവിന്റെ ഭാഗമായി കനകക്കുന്ന് കവാടത്തിൽ പാഴ്‌വസ്തുക്കൾ ഉപയോഗിച്ചു തയാറാക്കിയ ഇൻസ്റ്റലേഷൻ

# Visual Media Coverage




https://www.facebook.com/share/v/1AHtPmGV8u/?mibextid=oFDknk




https://youtu.be/F2OSM3pCqVc?si=aY6GcS12XHisvhX4




https://youtu.be/t-qD-Nwfv3s?si=4AvEtO9mu-4lRhfQ




https://youtu.be/k5pWLPXzDes?si=rqqI04-MnByw68JP




കേരളത്തെ വൃത്തിയാക്കുന്നതിനായി 'വൃത്തി' കോൺക്ലേവ് നൽകിയ സംഭാവനയെന്ത്? റിപ്പോർട്ട് കാണാം

https://youtu.be/XJ1Tv9vnfdc?si=tkoL3i0sOCTnfOvn




കാഴ്ചക്കാർക്ക് വിസ്മയമായി വൃത്തി ദേശീയ കോൺക്ലേവ്

https://youtu.be/pmBtt9FPF-8?si=3wcjMmOXIBMcRjtB




ബ്രഹ്മപുരത്തെ മാലിന്യം ഇനി കടൽ കടക്കും,എന്നിട്ട് സമ്പാദ്യത്തിന്റെ രൂപത്തിൽ തിരിച്ചെത്തും|Brahmapuram

https://youtu.be/4F4EbZoT1eE?si=_To-JpUGcgcSJZaL




'മാലിന്യ മുക്ത കേരളം പൂർണ്ണതയിൽ എത്താൻ ഇനിയും കുറച്ച് ദൂരം'; മന്ത്രി എം ബി രാജേഷ്

https://youtu.be/rqIZvFsT1R4?si=VdQAREkebT2xDhsk




മാലിന്യ പ്ലാന്റുകൾക്കെതിരായ സമരങ്ങളിൽ സർക്കാരിന്റെ സമവായ ചർച്ചകൾ ഫലപ്രാപ്തിലേക്ക്

https://youtu.be/tKLHgB1FivU?si=mdKbzl9VGFNR7SvI




മാലിന്യവും മാലിന്യ സംസ്കരണവും നിങ്ങളെ വലയ്ക്കുന്ന പ്രശ്നമാണോ? വൃത്തിയുരിലേക്ക് വരു

https://youtu.be/qKUOVuC0w0M?si=3CW-7112rgJ5z9ym




അഴുകാത്ത മാലിന്യങ്ങൾ എങ്ങനെ നിർമാർജനം ചെയ്യാം ?; ഉത്തരം ഈ ശാസ്ത്രീയ ലാൻഡ്ഫില്ലിൽ മാതൃക പറയും

https://www.youtube.com/watch?v=jxB4VDDi7oO




എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തമാണെന്ന ബോധം ഓരോരുത്തർക്കും ഉണ്ടാകണം | Rajendra Arlekar

https://youtu.be/suK_JsyRSiO?si=_hrjBp1uif-uJa7w




വലിച്ചെറിഞ്ഞ പ്ലാസ്റ്റിക് മാലിന്യങ്ങൾ
കൊണ്ടൊരുക്കിയകനകക്കുന്നിലെ കൗതുക കാഴ്ച | Vruthi 2025

https://youtu.be/aHcpA79PCl8?si=5eqBO1lEiOWWURpx




മാലിന്യ പ്ലാന്റുകൾക്കെതിരെയുള്ള എതിർപ്പ് നീക്കാൻ മുഖാമുഖം
പരിപാടി സംഘടിപ്പിച്ച് തദ്ദേശവകുപ്പ്

https://youtu.be/LBInw8U7gLA?si=JyM712NSdL6EUgVq




കുപ്പയിൽ നിന്നും ഇത്തിരി മാണിക്യങ്ങൾ.. വേറിട്ട മാതൃകയായി ഹരിത കർമ്മ സേനാംഗം ജ്യോതിർ നിസ

https://youtu.be/UwH3C8Ipocs?si=xvn0rs1mGRx5Z3C_




മാലിന്യ സംസ്കരണത്തിന്റെ മാതൃക ഒരുക്കി 'വൃത്തിയൂർ' ഗ്രാമം

https://youtu.be/M2jaKZFlehs?si=DDNfLQsUC7qgruSk




മാലിന്യ സംസ്ക്കരണത്തിനുള്ള പുത്തൻ മാർഗങ്ങളുടെ വൃത്തി കോൺക്ലേവ് |Vruthi conclave

https://youtu.be/uzo2MDLrras?si=eDwbnpHPncAildgo




പാമ്പും കോണിയും കളിച്ചാൽ മാലിന്യ നിർമാജന പാഠങ്ങൾ പഠിക്കാനാകുമോ ?; തിരുവനന്തപുരത്തെ കാഴ്ചകൾ

https://youtu.be/-Y2JddXDNdY?si=_xkjq1xuM8Nxaeud




വൃത്തി കോൺക്ലേവ് വേദിയിൽ ഏകപാത്ര നാടകത്തിലൂടെ ആളുകളെ കൈയ്യിലെടുക്കുന്ന ലക്ഷ്മണൻ

https://youtu.be/K1nqfJxx1ys?si=r9OdTvknDc6XjmoF




മാലിന്യപ്ലാന്റുകൾക്കെതിരായ ജനകീയ സമരങ്ങൾ; സമവായ ചർച്ചകൾക്ക് മുന്നിട്ടിറങ്ങി സർക്കാർ | Kerala Govt

https://youtu.be/HftKZtrLRCo?si=NmMfSOKp263zLU_L




പാഴ്‌വസ്തുക്കളിൽ നിന്ന് മനോഹര ശിൽപ്പങ്ങൾ!! വെറൈറ്റിയാണ് വൃത്തി കോൺക്ലേവിലെ ഈ കാഴ്ച

https://youtu.be/ktHsGYgXOBQ?si=LYeptYzrUZnEy-JS




മാലിന്യസംസ്കരണത്തിന് പുത്തൻ ആശയങ്ങൾ: വൃത്തി-2025 മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു | VRUTHI 2025

https://www.youtube.com/watch?v=21bwpUAdj2w&ab_channel=MathrubhumiNews

# Digital Platforms

**The Hindu**

- https://www.thehindu.com/news/national/kerala/vruthi-national-conclave-inaugurated-to-showcase-keralas-achievements-in-waste-management/article69431741.ece

- https://www.thehindu.com/news/national/kerala/vruthi-seeks-to-allay-public-concern-on-waste-management-plants/article69440110.ece

**The New Indian Express**

- https://www.newindianexpress.com/cities/thiruvananthapuram/2025/Mar/17/vruthi-2025-conclave-to-promote-innovative-waste-management-solutions-in-kerala

- https://www.newindianexpress.com/cities/thiruvananthapuram/2025/Apr/10/vruthi-will-address-concerns-related-to-waste-management-says-cm-pinarayi-vijayan

- https://www.newindianexpress.com/cities/thiruvananthapuram/2025/Apr/13/kerala-a-model-for-country-in-waste-management-governor-arlekar

**The Free Press Journal**

- https://www.freepressjournal.in/india/kerala-tackles-waste-plant-opposition-with-dialogue-site-visits-and-transparency-at-vruthi-2025

**Deshabhimani**

- https://www.deshabhimani.com/News/kerala/vruthi-conclave-05130

- https://www.deshabhimani.com/News/kerala/vrithi-conclave-41616

- https://www.deshabhimani.com/News/kerala/green-bottle-that-will-dissolve-in-the-soil-94037

- https://www.deshabhimani.com/News/kerala/vruthi-2025---20049

- https://www.deshabhimani.com/News/kerala/vruthi-2025-16517
- https://www.deshabhimani.com/News/kerala/national-conclave-on-economy-2025-11-seminars-and-business-meet-on-friday-22391
- https://www.deshabhimani.com/News/kerala/vruthi-2025-clean-kerala-89705

**Manorama Online**

- https://www.manoramaonline.com/district-news/thiruvananthapuram/2025/04/08/vruthi-2025-kerala-waste-management-conclave-thiruvananthapuram.html
- https://www.manoramaonline.com/news/latest-news/2025/04/12/governor-rajendra-arlekar-praises-keralas-citizen-driven-waste-management-vruthi-conclave.amp.html

**News 18 Malayalam**

- https://malayalam.news18.com/photogallery/kerala/thiruvananthapuram-the-clean-kerala-conclave-vruthi-2025-in-kanakakunnu-palace-local18-720149.html

**Sathyam Online**

- https://www.sathyamonline.com/news/m-b-ragesh-haritha-karam-sena-8955125
-

**Mathrubhumi Online**

- https://newspaper.mathrubhumi.com/thiruvananthapuram/news/thiruvananthapuram-1.10508908
- https://newspaper.mathrubhumi.com/thiruvananthapuram/news/thiruvananthapuram-1.10503840

**Kerala Kaumudi**

- https://keralakaumudi.com/news//news.php?id=1505703&u=local-news--thiruvananthapuram